# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഗുരുവായൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർ ട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെഎസ് എ ടിഎസ്ആർ (എം2)/189/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/03/2026
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഗുരുവായൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഗുരുവായൂർ **മുൻ**സിപ്പാലിറ്റിയുടെ **2024-2025** സാമ്പത്തിക വ**ർ**ഷത്തെ ഓഡിറ്റ് റിപ്പോ**ർ** ട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ മുഖേന)
കാര്യാലയ പകർപ്പ്

നമ്പർ: കെഎസ് എ ടിഎസ്ആർ (എം2)/189/2026 തീയ്യതി: 28/03/2026

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2025 മുതൽ 31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ.കെ. | ജോയിന്റ് ഡയറക്ടർ | 11-02-2026 | 24-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ ) |
|---|---|
| 11-02-2026 | 24-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
സിനിലാൽ എം.ജി., ഓഡിറ്റ് ഓഫീസർ
സുധ ഇ.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീറ്റ ഡൊമിനിക്,സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വാലിഹ് സി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷീഗ സി.കെ., ഓഡിറ്റർ
സിറിൾ പി.പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരിക ൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. കൃഷ്ണദാസ് | ചെയർമാൻ | 01-04-2024 | 31-03-2025 |
| അഭിലാഷ്കുമാർ എച്ച്. | സെക്രട്ടറി | 01-04-2024 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലീല ഇ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശശീന്ദ്ര എസ്. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ജിഫി ജോയ് | പ്രൊജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ലക്ഷ്മണൻ കെ.എസ്. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ. രാജലക്ഷ്മി | മെഡിക്കൽ ഓഫീസർ (എഫ്. എച്ച് .സി, പൂക്കോട്) | 01-04-2024 | 31-03-2025 |
| ഡോ. ഉമ ശങ്കർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. അഷറഫ് അബ്ദുൾ റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ബിന്നിമോൻ വി.സി. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ഷീജ പി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| അഞ്ജിത അശോക് | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ലിജ സി.പി. | പ്രധാന അദ്ധ്യാപിക, ജി.എച്ച്.എസ്., ചാവക്കാട് | 01-04-2024 | 31-03-2025 |
| സീന പി. | പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്. ,ചാവക്കാട് | 01-04-2024 | 31-03-2025 |
| സിന്ധു ഇ.ആർ. | പ്രധാന അദ്ധ്യാപിക, ജി.യു.പി.എസ്., ഗുരുവായൂർ | 01-04-2024 | 31-03-2025 |
| സനൽ വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ (പൂക്കോട് സോണൽ) | 01-04-2024 | 31-03-2025 |
| ജിജോ ടി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ (മെയിൻ ഓഫീസ്) | 01-04-2024 | 31-03-2025 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല - മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി. | 1-1-1 |
| 3 | സ്ഥിരനിക്ഷേപം സംബന്ധിച്ച അപാകങ്ങൾ | 1-1-2 |
| 4 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | യഥാർത്ഥത്തിൽ ഇല്ലാത്ത വരുമാനം ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തി | 1-1-5 |
| 7 | വരവ് വിവരങ്ങൾ ശരിയായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -വാർഷിക കണക്കിൽ യഥാർത്ഥ ചെലവ് / ആസ്തി മൂല്യം പ്രതിഫലിക്കുന്നില്ല | 1-1-8 |
| 10 | ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-1-9 |
| 11 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-14 |
| 16 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-15 |
| 17 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-16 |
| 18 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-17 |
| 19 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-5 |
| 24 | ക്ഷേമ പദ്ധതികൾ | 1-6 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | ക്യാഷ് ബുക്ക് ബാലൻസും ഡേ ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9 |
| 28 | ജീവനക്കാരുടെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല | 1-10 |
| 29 | കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ വിസ്തീർണ്ണവും ക്രമവത്കരിച്ചിട്ടില്ല | 1-11 |
| 30 | Excess FSI ക്ക് ആനുപാതികമായുള്ള ഫീ ഈടാക്കിയിട്ടില്ല | 1-12 |
| 31 | തരം മാറ്റാത്ത ഭൂമിയിൽ കെട്ടിട നിർമാണാനുമതി നൽകി | 1-13 |
| 32 | 2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള നികുതി നിരക്കുകൾ പൂർണ്ണമായും നാളിതുവരെ ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല | 1-14 |
| 33 | റവന്യൂ ഡിമാന്റിന്റെ 90% കളക്റ്റ് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് | 1-15 |

| | | |
|---|---|---|
| | ചെയ്തു | |
| 34 | നഗരസഭ പരിധിയിൽ മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം | 1-16 |
| 35 | വിനോദനികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-17 |
| 36 | ലൈസൻസ് - അപാകതകൾ സംബന്ധിച്ച്. | 1-18 |
| 37 | വാടക -ഫയൽ/രജിസ്റ്റർ പരിശോധന- ഭീമമായ തുക വാടകകുടിശ്ശികയിനത്തിൽ അവശേഷിക്കുന്നു | 1-19 |
| 38 | പൂക്കോട് സോൺ വാടക – അപാകങ്ങൾ | 1-20 |
| 39 | കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം | 1-21 |
| 40 | കലന്തർഷാ കൺസ്ട്രക്ഷൻസിൽ നിന്നും Risk & Cost തുക 97,84,408 രൂപ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല-തുടർ നടപടി സ്വീകരിക്കണം | 1-22 |
| 41 | ജനറൽ പർപ്പസ് ഫണ്ട് - ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം നഗരസഭക്ക് ഒരു ഗഡു നഷ്ടപ്പെട്ടു | 1-23 |
| 42 | മുട്ടക്കോഴി വിതരണം- അധിക തുക നൽകി | 1-24 |
| 43 | സർക്കാർ ഉത്തരവ് പാലിക്കാതെ ഫർണിച്ചർ വാങ്ങി | 1-25 |
| 44 | കോക്ലിയാർ ഇംപ്ലാൻറേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 45 | വിവിധ പ്രൊജക്റ്റുകൾ പ്രകാരം മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-27 |
| 46 | പാൽപുഞ്ചിരി -കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകൽ- അധിക തുക നൽകിയത് തിരികെ ഈടാക്കിയത് സഞ്ചിത നിധിയിൽ അടവാക്കിയിട്ടില്ല | 1-28 |
| 47 | മുനിസിപ്പൽ പെൻഷൻ ഫണ്ട് സൂക്ഷിപ്പിലെ അപാകങ്ങൾ | 1-29 |
| 48 | കിലുക്കാംപെട്ടി-അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങളും ഫർണ്ണീച്ചറും വാങ്ങൽ പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ | 1-30 |
| 49 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 50 | അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം മുഴുവനും ചെലവാക്കിയിട്ടില്ല | 1-32 |
| 51 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 52 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രൊജക്റ്റുകളിലെ അപാകങ്ങൾ | 1-34 |
| 53 | മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല - 2,40,000 രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 54 | മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-36 |
| 55 | ബൈബാക്ക് ഓഫർ കണക്കിലെടുത്തില്ല | 1-37 |
| 56 | വൗച്ചർ പരിശോധന - കെ സ്മാർട്ടിൽ രേഖകൾ പൂർണ്ണമല്ല | 1-38 |
| 57 | കുടിവെള്ള വിതരണം- അപാകങ്ങൾ | 1-39 |
| 58 | മരാമത്തു പ്രവർത്തികളിലുപയോഗിയ്ക്കുന്ന സ്റ്റീലിന്റെ ഗുണമേന്മ നിർണ്ണയിക്കുന്ന നിയമാനുസൃത ടെസ്റ്റ് നടത്തിയിട്ടില്ല | 1-40 |
| 59 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം-നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-41 |
| 60 | കാന നിർമ്മാണ പ്രവൃത്തികളിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിച്ചില്ല | 1-42 |
| 61 | കാഡ്കോ വഴി പ്രവൃത്തി നടത്തിയതിൽ അപാകം-തുടർ നടപടി വിവരം അറിയിക്കണം. | 1-43 |
| 62 | അമൃത് പദ്ധതി-ഗുരുവായൂർ നഗരസഭയിലെ സെപ്റ്റേജ് മാലിന്യ സംസ്കരണം-പദ്ധതി ലക്ഷ്യം നേടിയില്ല. തുടർ നടപടി സ്വീകരിക്കണം | 1-44 |
| 63 | അമൃത് പദ്ധതിയിലുൾപ്പെട്ട ചാവക്കാട് ഹൈസ്കൂൾ ഗ്രൗണ്ട് വികസന പദ്ധതി-ആർട്ടിഫിഷ്യൽ ടർഫ് പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. | 1-45 |
| 64 | തോട് വൃത്തിയാക്കൽ -ജി.എസ്.ടി അനുവദിച്ചത് നിയമാനുസൃതമല്ല. | 1-46 |
| 65 | ഓഡിറ്റ് ഇംപാക്ട്- MORD ഡാറ്റ പ്രകാരം നൽകിയ 19,184 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ അടവാക്കി | 1-47 |

| | | |
|---|---|---|
| 66 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകം-അംഗീകൃത ഒബ്സർവ്വ്ഡ് ഡാറ്റകൾ ഉപയോഗിക്കാത്തത് മൂലം നഗരസഭയ്ക്ക് നഷ്ടം | 1-48 |
| 67 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടതാണ് | 1-49 |
| 68 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാഡ്കോ വഴി പ്രവൃത്തി നടത്തിയതിൽ അപാകം-തുടർ നടപടി വിവരം അറിയിക്കണം. | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06.12.2025 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 03.02.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം **: തൃശ്ശൂർ**

തീയതി **:28.03.2026**

ജോയിന്റ് ഡയറക്ടർ

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല - മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി.

CFC Tied Grant, CFC Basic Un-Tied Grant എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 385/25 | J- | 2,61,595 | 2530401 Other | Development |

| | | | | | |
|---|---|---|---|---|---|
| | Construction Of Hand Rail At HMC Road In Ward | M080100-24000207/ 10.12.2024 | | Constructions - Bund | Fund - Central Finance Commission Grant - UnTied Basic Grant |
| 2 | 400/25 Construction Of Drain To Control The Water Logging Behind The Townhall | J-M080100-24000209/ 10.12.2024 | 4,65,284 | 2305004 Repairs & Maintenance - Drainage | Development Fund - Central Finance Commission Grant - Tied Grant |
| 3 | 89/25 CONSTRUCTION OF DRAIN CULVERT FROM SUNENA NAGAR TO THAZHISSERI | J-M080100-24000250/ 21.02.2025 | 4,39,464 | 2305004 Repairs & Maintenance - Drainage | |
| 4 | 409/25 Construction Of Culvert Across The Chakkamkanda M Madrasa Road Ward 11 | J-M080100-24000191/ 02.12.2024 | 97,709 | 2305004 Repairs & Maintenance - Drainage | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2025-26 സാമ്പത്തിക വർഷത്തിൽ "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## 1-1-2 സ്ഥിരനിക്ഷേപം സംബന്ധിച്ച അപാകങ്ങ ൾ

എ. നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 6,06,000 രൂപയുടെ നിക്ഷേപം കാണുന്നു. ആയതിൽ 5,00,000 രൂപ ക്ലീൻ കേരളയുടെ ഇക്വിറ്റി ഷെയർ നിക്ഷേപമാണെന്നാണ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ നിക്ഷേപത്തിന്റെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള നിക്ഷേപത്തിന്റെ ഷെയർ സർട്ടിഫിക്കറ്റ് ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ബി. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 6,06,000 രൂപയുടെ നിക്ഷേപത്തിൽ 1,06,000 രൂപ 28.03.2024 തീയതിയിൽ ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്കിൽ 2 വർഷത്തേക്ക് തുടങ്ങിയ സ്ഥിരനിക്ഷേപമാണ്. കേരള നഗരസഭ അക്കൗണ്ട്സ് മാനവൽ അധ്യായം 20-ഖണ്ഡിക 20.5.D, 20.16 എന്നിവ പ്രകാരം നിക്ഷേപങ്ങളുടെ പലിശ ആയത് അക്രൂവൽ ആകുന്ന മുറക്ക് രേഖപ്പെടുത്തേണ്ടതും സാമ്പത്തിക വർഷാവസാനം പലിശ ആനുപാതികമായി കണക്കാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അപ്രകാരം രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## 1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4-ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 4502101 | Canara Bank Regular Pension-0838101046068 | 3,58,983 |
| 2 | 4502101 | CUB - 510909010261951 | 55,593 |

| | | | |
|---|---|---|---|
| 3 | 4502101 | Indian Bank7998200152 | 4,35,66,064 |
| 4 | 4502101 | ICICI 075501002010 | 61,677 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2025-26 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

### 1-1-4 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

നഗരസഭാ സെക്രട്ടറിയുടെ പേരിലുള്ള ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് വിവരം |
|---|---|
| 1 | PNB-4275000100553695 |
| 2 | ICICI075501002811 |
| 3 | ICICI075501002812 |
| 4 | ICICI075501002815 |

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

### 1-1-5 യഥാർത്ഥത്തിൽ ഇല്ലാത്ത വരുമാനം ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തി

ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I -1 ലെ വിവിധ ശീർഷകങ്ങളിൽ ചിവടെ ചേർത്തിരിക്കുന്ന പ്രകാരം വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ശീർഷകം | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | 1100106 Surcharge On Tax Against Section 230(2)/ 208 | 21,801 |
| 2 | 1100105 Fees On Buildings For Special Services U/Rule 29 | 21,801 |
| 3 | 1100104 Service Charge On Central Govt Buildings U/Rule 30 | 21,588 |
| 4 | 1100103 Surcharge On Property Tax U/Rule 31 | 21,800 |

എന്നാൽ യഥാർത്ഥത്തിൽ നഗരസഭക്ക് ഈ ഇനങ്ങളിൽ വരവില്ല. വിവിധ പ്രോജക്ടുകളിലെ റിക്കവറി ഇനങ്ങളിലെ തുകകൾ(ഉദാ: GST,IT എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്ന തുകകൾ)അതതു ബാധ്യത ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പകരം തെറ്റായി മേൽ ശീർഷകങ്ങളിൽ രേഖപെടുത്തിയതാണ് മേൽ തുകകൾ ഇപ്രകാരം നഗരസഭയുടെ വരുമാനമായി കണക്കാക്കുന്നതിനു കാരണമായത്.ഇത് നഗരസഭയുടെ 2024-25 വർഷത്തെ ആകെ വരുമാനം കൂടുതലായി രേഖപ്പെടുത്താൻ കാരണമാകുന്നു. ഇതു മൂലം Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

### 1-1-6 വരവ് വിവരങ്ങൾ ശരിയായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നില്ല

വാർഷിക കണക്കിലെ 3109002 Suspense എന്ന ശീർഷകത്തിൽ 2024-25 വർഷത്തിൽ 1,52,11,075 രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ശീർഷകത്തിൽ ലെഡ്ജർ പരിശോധിച്ചതിൽ വിവിധ ബാങ്കുകളിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകയാണ് മേൽ ശീർഷകത്തിൽ വരവായി രേഖപ്പെടുത്തിയതെന്നു വ്യക്തമായി. വരവ് തുകകൾ അവയുടെ യഥാർത്ഥ ശീർഷകത്തിൽ രേഖപ്പെടുത്താതെ 3109002 Suspense രേഖപ്പെടുത്തുന്നത് സ്ഥാപനത്തിന്റെ Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

### 1-1-7 വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ പത്രിക പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ/ഗ്രാന്റ് | വാർഷിക കണക്ക് പ്രകാരമുള്ള | വ്യത്യാസം |
|---|---|---|---|

| | സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് | ആകെ ചെലവ് | | |
|---|---|---|---|---|
| | | ശീർഷകം | തുക | |
| വികസന ഫണ്ട്-ജനറൽ | 5,06,26,568 | 1601001 Development Fund - General | 4,68,84,753 | 2,975 |
| | | 3121001 Capital Contribution | 37,44,790 | |
| | | Total | 5,06,29,543 | |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 4,09,11,908 | 1601021 Maintenance Fund - Road Assets | 4,08,04,993 | 4,94,989 |
| | | 3121001 Capital Contribution | 6,01,904 | |
| | | Total | 4,14,06,897 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,63,39,106 | 1602005 Central Finance Commission Grant - Untied | 1,74,11,333 | 1,19,63,624 |
| | | 1602006 Central Finance Commission Grant - Tied | 1,95,68,123 | |
| | | 3121001 Capital Contribution | 13,23,274 | |
| | | Total | 3,83,02,730 | |

ഇത് മൂലം 2024-25 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2025-26 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2024-25 വർഷത്തെ യഥാർത്ഥ ചെലവ് കണ്ടെത്തി വ്യത്യാസം വരുന്ന തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-8 വാർഷിക കണക്ക് തയ്യാറാക്കുന്നതിലെ പിഴവ് -വാർഷിക കണക്കിൽ യഥാർത്ഥ ചെലവ് / ആസ്തി മൂല്യം പ്രതിഫലിക്കുന്നില്ല**

ബാങ്ക് മുഖേന ചെലവുകൾ നടത്തുന്ന പദ്ധതികളുടെ ചെലവ് വിവരങ്ങൾ വാർഷിക കണക്കിൽ രേഖപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ ചെലവാക്കിയ തുകക്ക് തുല്യമായ തുക ചെലവ്/ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല. ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ 3 പ്രോജക്ടുകളുടെ ചെലവ് വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ, പേര് | സുലേഖ / ഫയൽ പ്രകാരം യഥാർത്ഥത്തിൽ ചെലവായ തുക | വാർഷിക കണക്ക് പ്രകാരം ചെലവ്/ ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തിയ തുക | | | റിമാർക്സ് |
|---|---|---|---|---|---|---|
| | | | ശീർഷകം | തുക | വൗച്ചർ നമ്പർ / തീയതി | |
| 1 | 434/25 CONCRETING Guruvayur Municipality Construction Of Drain In Thamarayoor Muslim Palli Road Ward 38 | 9,08,975 | 4103102 Drainage | 8,78,161 | P-M080100-25001300/ 31.03.2025 | ബാക്കി തുകയായ 30,814 രൂപ വിവിധ റിക്കവറി ഇനങ്ങളിലെ തുകയാണ്. പ്രസ്തുത തുകക്ക് തുല്യമായ തുക ധനകാര്യ കമ്മിഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് കോൺട്രാ എൻട്രി നടത്തിയിട്ടുണ്ട് (വൗച്ചർ നമ്പർ C-M080100-25000195/31.03.2025 ). |
| 2 | 352 - Drinking Water Supply | 10,70,813 | 2520702 Drinking Water - Public | 10,49,397 | P-M080100-25001320/ 31.03.2025 | ബാക്കി തുകയായ 21,416 രൂപ വിവിധ റിക്കവറി ഇനങ്ങളിലെ തുകയാണ്.പ്രസ്തുത തുകക്ക് തുല്യമായ തുക ധനകാര്യ കമ്മിഷൻ ഗ്രാന്റ് അക്കൗണ്ടിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നിന്ന് തനത് ഫണ്ടിലേക്ക് കോൺട്രാ എൻട്രി നടത്തിയിട്ടുണ്ട്(വൗച്ചർ നമ്പർ C-M080100-25000191/31.03.2025) |
| 3 | 161 - DRINKING WATER SUPPLY | 30,77,736 | 2520702 Drinking Water - Public | 10,05,394 | P-M080100-25001317/ 31.03.2025 | ബാക്കി തുകയായ 61,554 (20518*3) രൂപ വിവിധ റിക്കവറി ഇനങ്ങളിലെ തുകയാണ്.പ്രസ്തുത തുകക്ക് തുല്യമായ തുക ധനകാര്യ കമ്മിഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്ന് തനത് ഫണ്ടിലേക്ക് കോൺട്രാ എൻട്രി നടത്തിയിട്ടുണ്ട്. വൗച്ചർ നമ്പറുകൾ ചുവടെ ചേർക്കുന്നു<br>. C-M080100-25000189/31.03.2025<br>. C-M080100-25000190/31.03.2025<br>. C-M080100-25000193/31.03.2025 |
| | | | 2520702 Drinking Water - Public | 10,05,394 | P-M080100-25001318/ 31.03.2025 | |
| | | | 2520702 Drinking Water - Public | 10,05,394 | P-M080100-25001319/ 31.03.2025 | |

മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം വിവിധ റിക്കവറി ഇനങ്ങളിലെ തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ രേഖപ്പെടുത്താതെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിലൂടെ പ്രസ്തുത ഇനങ്ങളിൽ അടവാക്കാനുള്ള തുകയുടെ കൃത്യത വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. മേൽ അപാകങ്ങൾ സ്ഥാപനത്തിന്റെ വാർഷിക കണക്ക് പ്രകാരമുള്ള Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-9 ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകങ്ങ ൾ**

എ. അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാ ൾ അധികമായി രേഖപ്പെടുത്തി.

31/3/2025ലെ ബാലൻസ്ഷീറ്റ് പ്രകാരം കണക്കാക്കിയ ചില ആസ്തികളുടെ വിലയുടെയും തേയ്മാന ചെലവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആസ്തി ശീർഷകം | 31.03.2025 ലെ മൂല്യം | 31.03.2025 ലെ തേയ്മാന ചെലവ്/ അക്കൗണ്ട് ശീർഷകം |
|---|---|---|---|
| 1 | 4103001 Concrete Roads | 17,23,529 | 37,31,89,318/ 4113001 Accumulated Depreciation - Roads |
| | 4103002 Black Topped Roads | 17,61,55,020 | |
| | 4103003 Interlocked Roads | 5,10,124 | |
| | 4103004 Footpath | 61,22,825 | |
| | 4103007 Other Roads | 3,35,44,609 | |
| | Total | 21,80,56,107 | |
| 2 | 4106001 Office & Other Equipments | 1,12,75,994 | 2,47,79,776/ 4116001 Accumulated Depreciation- Office & Other Equipment |

ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2025-26 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

ബി. ബാല**ൻ**സ് ഷീറ്റ് പ്രകാരമുള്ള ആസ്തിക**ൾ**ക്ക് ഡിപ്രീസിയേഷ**ൻ** കണക്കാക്കിയിട്ടില്ല

Income &Expenditure പത്രിക പ്രകാരം 2024-25 വർഷത്തിൽ ആകെ 9 ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നമ്പർ | ആസ്തി ശീർഷകം | 31.03.2025 ലെ മൂല്യം |
|---|---|---|
| 1 | 4103204 Distribution & Regulation System - Water Supply | 11,35,36,201 |
| 2 | 4106002 Computers, Printers & Peripherals | 58,00,945 |
| 3 | 4103010 Culverts | 70,44,055 |
| 4 | 4103099 Other Constructions | 23,08,16,247 |

സി. വർക്ക് ഷീറ്റ് ലഭ്യമല്ല

Income & Expenditure പത്രിക പ്രകാരം 2024-25 വർഷത്തിൽ ആകെ 6,93,86,306 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-10 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരമുള്ള കുടിശ്ശികകളുടെ വർഷാടിസ്ഥാനത്തിലുള്ള തുക കണക്കാക്കി സംശയാസ്പദമായവക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54(5)(എച്ച്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-11 Capital Contribution രേഖപ്പെടുത്തിയതിലെ അപാകങ്ങൾ**

CFC Tied, CFC Untied, എന്നീ ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ജേർണൽ റിപ്പോർട്ട്/ബാങ്ക് ബുക്ക് പ്രകാരം ഗ്രാന്റ് തുക ഉപയോഗിച്ച് ചെയ്ത മൂലധന പ്രവൃത്തികളുടെ ആകെ തുക | ലെഡ്ജർ പ്രകാരം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | വ്യത്യാസം |
|---|---|---|---|---|
| 1 | CFC-Untied | 1,28,15,712 | 8,34,405 | 1,14,92,438 |
| 2 | CFC-Tied | | 4,88,869 | |
| | | | Total: 13,23,274 | |

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2025-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 3203001 | Grant From Other Government Agencies | 15,84,378 | 4502101 | SBIcleankerala2404 | 15,26,832 |
| 2 | 3205001 | Grant From Welfare Bodies | 46,58,784 | 4502101 | PnbPRASAD6355 | 48,19,711 |
| 3 | 3207002 | Contribution - Other Funds | 2,61,419 | 4502101 | DCb - 102100010001877 | 35,277 |
| | | | | 4502101 | DCb - 10709013115 | 56,111 |

| | | |
|---|---|---|
| 4502101 | PunjabNB26441 | 85,169 |
| 4502101 | CB NRY 0838101017789 | 3,000 |
| 4502101 | UCB - 002904374 | 49,566 |
| 4502101 | UCB - 005953907 | 36,055 |
| Total | | 2,65,178 |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-13 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58(2)(e),(F)).

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

**1-1-14 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ**

എ. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

2024-25ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ സംബന്ധിച്ച് സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവ പ്രതിമാസം സെക്രട്ടറി തയ്യാറേക്കേണ്ടതും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന വാർഷിക കണക്കിൽ ചേർക്കേണ്ടതുമാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ നഗരസഭയിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നം. | രേഖപ്പെടുത്തിയ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1100101 Property Tax (General) | J-M080100-25000287 | 01.04.2024 | 6,25,60,118 |
| | J-M080100-24000033 | 02.05.2024 | 83 |
| | J-M080100-24000035 | 02.05.2024 | 129 |
| | J-M080100-24000037 | 06.05.2024 | 1,967 |
| | Total | | 6,25,62,297 |
| 1301007 Daily Rentals From Local Body Properties | J-M080100-25000389 | 31.03.2025 | 41,25,066 |
| 1101002 Profession Tax - Traders/ Institutions | J-M080100-25000190 | 01.04.2024 | 36,42,630 |
| | J-M080100-25000280 | 31.03.2025 | 2,02,580 |
| | Total | | 38,45,210 |
| 1304001 Rent From Lease Of Lands | J-M080100-25000349 | 31.03.2025 | 63,93,000 |
| 1401101 License Fees For IFTEOS | J-M080100-25000286 | 01.04.2024 | 33,27,350 |
| 1405005 Bus Stand Fees | J-M080100-25000189 | 01.04.2024 | 8,62,008 |
| 1405023 Public Comfort Station Receipts | J-M080100-25000344 | 31.03.2025 | 61,98,888 |
| 1302003 Rent From Buildings | J-M080100- | 01.04.2024 | 1,00,84,897 |
| | J-M080100- | 31.03.2025 | 50,00,000 |
| | Total | | 1,50,84,897 |

ബി. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല .

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 7). നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## 1-1-15 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

എ. കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. അക്കൌണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നം. | ബാങ്ക് ബുക്ക് ബാലൻസ് | (+) പണമാക്കാത്ത ചെക്കുകൾ | (-) കളക്ഷൻ വരാത്ത ചെക്കുകൾ | പാസ്സ് ബുക്ക് ബാലൻസ് |
|---|---|---|---|---|
| 4502101 CB838101044794 | 5,90,24,239 | 56,37,134 | 13,70,440 | 6,32,90,933 |

ബി. ചുവടെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025 തീയതിയിലെ റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസും യഥാർത്ഥ പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ്ബുക്ക് ബാലൻസ് | പാസ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 4502101 CB838101044794 | 6,32,90,933 | 6,32,90,934 |
| 2 | 4502101 PunjabNB26441 | 85,169 | 0 |

.

സി. ഓഡിറ്റിന് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 450230100 Thrissur District Co-Operative Bank-TDCB 27 എന്ന അക്കൗണ്ട് 30.6.2022 തീയതിയിൽ ക്ലോസ് ചെയ്യുകയും അക്കൗണ്ടിൽ ഉണ്ടായിരുന്ന 56689 രൂപ തനത് ഫണ്ടിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.എന്നാൽ വാർഷിക കണക്ക് പ്രകാരം 31.3.2025 തീയതിയിൽ പ്രസ്തുത അക്കൗണ്ടിൽ 56111 രൂപ നീക്കിയിരുപ്പുണ്ട്.

ഡി. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം 4502101 CBayyankali3593,4502101 CB NRY 0838101017789, 4502101 Indianamrut769 എന്നീ അക്കൗണ്ടുകളിൽ 31.03.2025 തീയതിയിൽ യഥാക്രമം 16,518/-, 3,000/-, 0/- എന്നിങ്ങനെ നീക്കിയിരുപ്പുണ്ട്.എന്നാൽ പ്രസ്തുത അക്കൗണ്ടുകളുടെ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് മാസം വരെയുള്ള റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.നഗരസഭയുടെ ബാക്കി ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 53).

.

ഇ. ഗുരുവായൂർ കോപ്പറേറ്റീവ് അർബൻ ബാങ്കിലെ നഗരസഭയുടെ 4374,3907 എന്നീ നമ്പർ ബാങ്ക് അക്കൗണ്ടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഡെഫ് അക്കൗണ്ടായി മാറ്റിയതായി 8.7.2021 ൽ ബാങ്ക് മാനേജർ നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മേൽ അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് തുകകളായ യഥാക്രമം 49566.2, 36055 രൂപ തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ്

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## 1-1-16 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

എ. വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന വസ്തുനികുതി മോഡ്യൂളിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും, സർവീസ് സെസ്സിന്റെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>എ.**1**തൻവർഷം</u>

എ.1.1 വസ്തു നികുതി

| | ഡിമാൻഡ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 6,25,60,118 | 5,20,55,796 | 4,50,29,429 | 1,02,94,739 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6,25,62,297 | 5,10,60,683 | 13,637 | 1,15,02,904 |
| | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ I-1 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ R-17) | 3504101 Advance Collection Of Revenues എന്ന ശീർഷകത്തിൽ ലെഡ്ജർ | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 14 |

എ.1.2 സർവീസ് സെസ്

| | ഡിമാൻഡ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 62,93,907 | 52,27,409 | 33,159 | 10,53,707 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 67,84,929 | 51,32,743 | 966 | 0 |
| | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ I-1 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ R-17) | 3504101 Advance Collection Of Revenues എന്ന ശീർഷകത്തിൽ ലെഡ്ജർ | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 14 |

<u>എ.**2** കുടിശ്ശിക</u>

എ.2.1 വസ്തു നികുതി

| | ഡിമാൻഡ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 3,51,65,029.66 | 2,64,99,418 | 1,46,36,830 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,77,59,120 | 1,63,18,599 | 1,14,40,522 |
| | (2023-24 ലെ ബാലൻസ് ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | ബാലൻസ് ഷീറ്റ് |

| | | | |
|---|---|---|---|
| | ഷെഡ്യൂൾ B 15) | പത്രിക, ഷെഡ്യൂൾ R-17) | ഷെഡ്യൂൾ B 14 |

എ.2.2 സർവീസ് സെസ്

| | ഡിമാൻഡ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 1,05,84,534.14 | 26,19,688.5 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 16,50,615 | 0 |
| | (2023-24 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ R-17) | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 14 |

എ.3 <u>ലൈബ്രറി സെസ്സ് **(തൻവർഷം+കുടിശ്ശിക)**</u> .

| | ഡിമാൻഡ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റിൽ കുറവ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 68,89,562.21 | 39,68,498 | 16,588 | - | 19,35,038.57 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 45,33,242 | 34,11,153 | - | 33,68,963 | 11,64,279 |
| | (2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15+ 2024-25 ലെ 4319101 State Govt Cesses/ Levies In Property Taxes - Control Account - Library Cess ലെഡ്ജർ ) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ R-14) | | 4319101 State Govt Cesses/ Levies In Property Taxes - Control Account - Library Cess ലെഡ്ജർ | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 14 |

എ.4 <u>**സർചാർജ്**</u>

| | ഡിമാൻഡ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂൾ പ്രകാരം | 628 | 605 | 24 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 605 | 0 |
| | (2023-24 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ R-17) | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B 14 |

എ.5 ഡിസിബി മൊഡ്യൂളിൽ ഗണിതക്രിയ കൃത്യമല്ല (മുകളിലെ പട്ടികകൾ കാണുക)

എ.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 34,11,153 രൂപയും ഡിസിബി പ്രകാരം 39,68,498 രൂപയുമാണ്.. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “4319101 State Govt Cesses/ Levies In Property Taxes - Control Account - Library Cess” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 33,68,963 രൂപയാണ്.

എ.7 വസ്തുനികുതിയുടെ 10 ശതമാനം തുകയാണ് സർവീസ് സെസ്സ് ആയി നഗരസഭയിൽ ഈടാക്കുന്നത്. എന്നാൽ വാർഷിക കണക്കിൽ സർവീസ് സെസ്സ് ഇനത്തിൽ തൻ വർഷത്തെയും മുൻവർഷങ്ങളിലെയും ലഭിക്കാനുള്ള തുക തൻവർഷം ഡിമാന്റായി രേഖപ്പെടുത്തുകയും തത്തുല്യ തുക കളക്ഷൻ രേഖപ്പെടുത്തുകയും ചെയ്തതിനാൽ ബാലൻസ് ഷീറ്റ് B-14 പ്രകാരം സർവീസ് സെസ്സ് ഇനത്തിൽ തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

എ.8 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -14 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2,40,90,597 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "“4319101 State Govt Cesses/ Levies In Property Taxes - Control Account - Library Cess” എന്ന ശീർഷകത്തിൽ വരേണ്ട തുക 11,47,171 (2,40,90,597/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 11,64,279 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

ബി. <u>വാ**ർ**ഷിക കണക്കിലെ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രജിസ്റ്റ**ർ** ഇല്ല</u>

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-8 “Other Liabilities” 3504101 Advance Collection Of Revenues എന്ന ശീർഷകത്തിൽ 31.03.2025 തീയതിയിൽ 26,87,395 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കണക്കുകൾ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

സി. തൊഴിൽ നികുതി, വാടക, ലേലം, പെർമിറ്റ്, ലൈസൻസ്, വിനോദ നികുതി എന്നീ വരവിനങ്ങളുടെ രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## <u>1-1-17 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാ**ൻ** സാധിച്ചിട്ടില്ല</u>

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നം. 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## <u>1-1-18 മറ്റു രജിസ്റ്ററുക**ൾ** പരിപാലിക്കുന്നതിലെ അപാകങ്ങ **ൾ**</u>

എ. <u>ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല</u>

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് & ഐ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്തിട്ടില്ല.

ബി.<u>രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.</u>

ബി.1. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ R13, P16, B7 എന്നീ ഷെഡ്യൂളുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി.2. അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. ആയതിനാൽ R18, P23, B-18 എന്നീ ഷെഡ്യൂളുകളിലെ എന്നീ ഷെഡ്യൂളുകളിലെ രേഖപ്പെടുത്തലുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി.3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-13 പ്രകാരം ആയി 1,30,489 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ

സാധിച്ചിട്ടില്ല. കൂടാതെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 54(5)(എ)).

ബി.4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബി.5 ലോൺ രജിസ്റ്റർ പൂർണമായും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ 3311001 Loans From Central Government (5,00,00,000 രൂപ), 3312001 Loans From State Government (20,61,29,670 രൂപ) എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

സി. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ രേഖകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| നീക്കിയിരിപ്പ് | 16,518<br>(ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4) | 16,616 |

(ഓഡിറ്റ് എൻക്വയറി നമ്പർ 43/24.02.2026)

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 07/02/2024 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുൻബാക്കി ഉൾപ്പെടെ വരവ് | ചെലവ് |
| | 2,57,92,95,798 | 2,54,42,38,000 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി | 28.03.2025 | |
| കമ്മിറ്റി തീരുമാനം | 1 | |
| വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1,14,25,22,537 | 1,08,26,16,773 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 0 | 5,19,00,000-(3,48,776#+5,19,000##) =5,10,32,224 | 5,10,32,224 | 5,06,29,543 | 4,02,681* |
| വികസന ഫണ്ട് – എസ്. സി.പി. | | 0 | 1,85,34,000+3,48,776# =1,88,82,776 | 1,88,82,776 | 1,86,67,125 | 2,15,651* |
| മെയിന്റനൻസ് റോഡ് | | 0 | 4,14,07,000 | 4,14,07,000 | 4,14,06,897 | 103* |
| മെയിൻറനൻസ്, നോൺ - റോഡ് | | 0 | 2,07,72,000 | 2,07,72,000 | 1,84,50,504 | 23,21,496* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് - ടൈഡ് | ബാങ്ക് | 37,97,681 | 1,51,85,111 | 1,89,82,792 | 1,88,20,583 | 1,62,209 |
| | ട്രഷറി | 0 | 28,55,361 | 28,55,361 | 12,36,409 | 16,18,952* |
| സെൻട്രൽ ഫിനാൻസ് | ബാങ്ക് | 68,79,126 | 1,03,04,160 | 1,71,83,286 | 1,71,83,286 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാൻറ് - ബേസിക് ഗ്രാന്റ് | ട്രഷറി | 0 | 22,60,099 | 22,60,099 | 10,62,452 | 11,97,647* |

# 2023-24 വർഷത്തിൽ 90% നികുതി പിരിവ് സാധ്യമാക്കാത്തതിനാൽ സ.ഉ.(കൈ)നം.179/2022/ധന തീയതി 18-10-2022 ഉത്തരവനുസരിച്ച് പൊതുവിഭാഗം വികസന ഫണ്ട് അലോട്ട്മെന്റായ 5,19,00,000 രൂപയുടെ 1% (5,19,000 രൂപ) കുറവ് ചെയ്ത തുകയാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

#വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും വികസനഫണ്ട് എസ് സി പി യിലേയ്ക്ക് സർക്കാർ ക്രമീകരിച്ച തുക = 3,48,776

<u>കുറിപ്പ്:</u>

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഖണ്ഡിക 1-1-7 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

2024 -25 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 557 | 307716747 | 312 | 158179658 | 51.4 | 56.01 |

.

## 1-5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Canara Bank | 16518 | 0 | 16518 | 0 | 16518 |
| Treasury | 0 | 18450000 | 18450000 | 712650 (ഭരണചെലവുകൾ) + 17538844 (ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്) + 198408 (മെറ്റീരിയൽ കോസ്റ്റ്) | 98 |
| ആകെ | 16518 | 18450000 | 18466518 | 18449902 | 16616 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4328000 | 246 |
| വിധവാ പെൻഷൻ | 43104900 | 2792 |
| വാർദ്ധക്യകാല പെൻഷൻ | 99579000 | 6405 |
| വികലാംഗ പെൻഷൻ | 10443100 | 648 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3504400 | 223 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2026 തീയതിയിൽ 3.00PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 183017 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ക്യാഷ് ബുക്ക് ബാലൻസും ഡേ ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2026 തീയതിയിൽ 3.00 PM ന് നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് ക്യാഷ് ബാലൻസ് 2,86,242 രൂപ ആണ്. എന്നാൽ അന്നേ ദിവസത്തെ ക്യാഷ് ബുക്ക് സമ്മറി പ്രകാരം ടി ദിവസത്തെ ബാലൻസ് 5,62,517 രൂപയാണ്. മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡേബുക്ക്ബാലൻസും ക്യാഷ് ബുക്ക് സമ്മറി ബാലൻസും തമ്മിലുള്ള വൈരുധ്യത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ: 10/20.02.2026)

## 1-10 ജീവനക്കാരുടെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ.)നമ്പർ 1149/2024/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം നഗരസഭയിലെ തൊഴിൽ നികുതി സ്ലാബുകൾ 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. 2024-25 ലെ തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി മേൽ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഷൈനി വി . എ | വന്ദന ടെക്സ്റ്റ് ലാൻഡ് | 28200 | 180 | 450 | 270 |
| 2 | ലത ഹരി | വന്ദന ടെക്സ്റ്റ് ലാൻഡ് | 44700 | 300 | 600 | 300 |
| 3 | മിനി | വൺ സ്റ്റാർ ഫുഡ് പ്രോഡക്റ്റ് | 48000 | 450 | 750 | 300 |
| 4 | രവി | പി എം. ലോഡ്ജ് | 42000 | 300 | 600 | 300 |
| 5 | രജീഷ് | ,പി എം. ലോഡ്ജ് | 42000 | 300 | 600 | 300 |
| 6 | അഷ്റഫ് | ,പി എം. ലോഡ്ജ് | 42000 | 300 | 600 | 300 |
| 7 | അൻഷാദ് | ഹോട്ടൽ ചന്ദന ഇൻ | 72000 | 600 | 750 | 150 |
| 8 | ഷാനോജ് | ഹോട്ടൽ ചന്ദന ഇൻ | 54000 | 450 | 750 | 300 |
| 9 | പ്രിയ ബാബു | ഹോട്ടൽ ചന്ദന ഇൻ | 54000 | 450 | 750 | 300 |
| 10 | ശോഭന | ഹോട്ടൽ ചന്ദന ഇൻ | 42000 | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 11 | സരൺ എസ്. | ഹോട്ടൽ ചന്ദന ഇൻ | 72000 | 600 | 750 | 150 |
| 12 | വിജയൻ പി . വി | നോബിൾ ഹാർഡ്‌വെയേഴ്സ് | 44900 | 300 | 600 | 300 |
| 13 | അനിത ബാബു | നോബിൾ ഹാർഡ്‌വെയേഴ്സ് | 27400 | 180 | 450 | 270 |
| 14 | ശിവരാമകൃഷ്ണൻ | ശ്രീ ശങ്കര നിലയം, ഗുരുവായൂർ ബ്രാഹ്മണ സമൂഹം | 48000 | 450 | 750 | 300 |
| 15 | രാമചന്ദ്രൻ | ശ്രീ ശങ്കര നിലയം, ഗുരുവായൂർ ബ്രാഹ്മണ സമൂഹം | 48000 | 450 | 750 | 300 |
| 16 | രാധാകൃഷ്ണൻ | ശ്രീ ശങ്കര നിലയം, ഗുരുവായൂർ ബ്രാഹ്മണ സമൂഹം | 36000 | 300 | 600 | 300 |
| 17 | രാജൻ | ശ്രീ ശങ്കര നിലയം, ഗുരുവായൂർ ബ്രാഹ്മണ സമൂഹം | 36000 | 300 | 600 | 300 |
| 18 | ശാരദ | ശ്രീ ശങ്കര നിലയം, ഗുരുവായൂർ ബ്രാഹ്മണ സമൂഹം | 36000 | 300 | 600 | 300 |
| 19 | ശശീന്ദ്രൻ | ശ്രീ ചക്ര റിസോർട് | 39000 | 300 | 600 | 300 |
| 20 | മണി | ശ്രീ ചക്ര റിസോർട് | 39000 | 300 | 600 | 300 |
| 21 | ബാലൻ | ശ്രീ ചക്ര റിസോർട് | 39000 | 300 | 600 | 300 |
| 22 | ബിജി വി . ആർ | മുരളി ഹോട്ടൽസ് &റിസോർട്സ് ലിമിറ്റഡ് | 60000 | 600 | 750 | 150 |
| 23 | അജിത് കുമാർ | മുരളി ഹോട്ടൽസ് &റിസോർട്സ് ലിമിറ്റഡ് | 54000 | 450 | 750 | 300 |
| 24 | ഉമ ദേവി | മുരളി ഹോട്ടൽസ് &റിസോർട്സ് | 47700 | 450 | 750 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിമിറ്റഡ് | | | | |
| 25 | കാർത്യായനി | മുരളി ഹോട്ടൽസ് &റിസോർട്സ് ലിമിറ്റഡ് | 47700 | 450 | 750 | 300 |
| 26 | പ്രസന്ന | മുരളി ഹോട്ടൽസ് &റിസോർട്സ് ലിമിറ്റഡ് | 47700 | 450 | 750 | 300 |
| 27 | റുബിയ എ . ബി | NITC ലിമിറ്റഡ് | 64500 | 600 | 750 | 150 |
| ആകെ | | | | | | 7440 |

മേൽ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി കക്ഷികൾക്ക് നോട്ടീസ് നൽകി കുറവ് വന്നിട്ടുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആയതിനാൽ മേൽ പട്ടിക പ്രകാരം കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതും നഗരസഭാപരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും മേൽ ഉത്തരവിൽ പരാമർശിച്ച നിരക്കിൽ തൊഴിൽനികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.38/24.02.2026)

**1-11 കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ വിസ്തീർണ്ണവും ക്രമവത്കരിച്ചിട്ടില്ല**

ഫയൽ നമ്പർ 860648-2024 പരിശോധിച്ചതിൻ പ്രകാരം ശ്രീ വി.റ്റി സുരേഷ് ബാബു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 658 ച.മീ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ (സർവ്വേ നമ്പർ 118/10-1, 118/14-1 ഗുരുവായൂർ വില്ലേജ്, ചാവക്കാട് താലൂക്ക്) പ്രത്യേക പാർപ്പിട ഉപയോഗക്രമത്തിലുള്ള കെട്ടിടം (A2) ക്രമവൽക്കരിക്കുന്നതിനായി 18.02.2024 ൽ അപേക്ഷ നഗരസഭയിൽ ലഭ്യമായിട്ടുണ്ട്. 29.10.2024 ൽ റെഗുലറൈസേഷൻ ഓർഡർ നമ്പർ. RO/4956/2024 പ്രകാരം, ടി പ്ലോട്ടിലുള്ള എക്സിസ്റ്റിംഗ് ബിൽഡിംഗ് (കെട്ടിടനം. 14/717-1) ന് എക്സ്റ്റൻഷനും ഉപയോഗക്രമത്തിൽ മാറ്റവും അനുവദിച്ച് റഗുലറൈസ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എക്സിസ്റ്റിംഗ് ബിൽഡിങ്ങിന്റെ വിവരങ്ങൾ | | | | റഗുലറൈസ് ചെയ്ത ആകെ ഏരിയ | റഗുലറൈസ്ഡ് ബിൽഡിംഗിന്റെ വിവരങ്ങൾ | | | ഈടാക്കിയ റഗുലറൈസേഷൻ ഫീ | രസീത് നം /തീയതി |
|---|---|---|---|---|---|---|---|---|---|
| സഞ്ചയ പ്രകാരമുള്ള ഉപയോഗ ഗണം | സഞ്ചയ പ്രകാരമുള്ള ഏരിയ | അപ്രൂവ്ഡ് പ്ലാൻ പ്രകാരമുള്ള ഉപയോഗ ഗണം | അപ്രൂവ്ഡ് പ്ലാൻ പ്രകാരമുള്ള ഏരിയ | | ഉപയോഗ ഗണം / ഗ്രൗണ്ട് ഫ്ലോർ ഏരിയ | ഉപയോഗ ഗണം / ഫസ്റ്റ് ഫ്ലോർ ഏരിയ | ഉപയോഗ ഗണം / സെക്കന്റ് ഫ്ലോർ ഏരിയ | | |
| A1 | *387.18 (പോർച്ച് ഏരിയ 26.3 ച.മീ കണക്കിലെടുത്തിട്ടില്ല)* | A1 | 155.57 | 441 | A1/ 234.41 | A2/ 284.24 | A2/ 284.5 | 88746 {(5.46 X2X150)+(435.54X2X100)} | R-M080100-24026692 / 29.10.2024 |
| | | A2 | 257.91 | | A2/ 51.34 | | | | |
| | | | ആകെ: 413.48 | | | | | | |

മേൽ കെട്ടിടത്തിന്റെ ടാക്സ് അസസ്സ്മെന്റ് ഫയൽ (ഫയൽ നം. 2474868-2024) പരിശോധിച്ചതിൽ *05.11.2024* ലെ റെവെന്യൂ ഇൻസ്പെക്ടറുടെ കുറിപ്പ് പ്രകാരം *Ground Floor* ൽ നിന്നും *51.34 Sqmtr, First Floor-284.24 Sqmtr, Second Floor-284.5 Sqmtr* എന്നിങ്ങനെ ആകെ *620.08 Sqmtr* ന് *A2 Special Residential Building* എന്ന *Ocupancy* ലഭ്യമായതിനാൽ ആയത് പ്രകാരം നികുതി നിർണ്ണയം അംഗീകരിക്കാവുന്നതാണ് എന്നും *Ground Floor* ൽ നിലവിലുള്ള *234.41 Sqmtr* വിസ്തീർണ്ണത്തിനു അനുസൃതമായി *14/717-1* നമ്പർ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കെ സ്മാർട്ട്

പരിശോധിച്ചതിൽ 14/717-1 നമ്പർ റസിഡൻഷ്യൽ കെട്ടിടത്തിന്റെ (A1) വിസ്തീർണ്ണം 234.41 ച.മീറ്ററും പുതുതായി കെട്ടിട നമ്പർ അനുവദിച്ച 14/717-2 നമ്പർ സ്പെഷൽ റസിഡൻഷ്യൽ കെട്ടിടത്തിന്റെ (A2) വിസ്തീർണ്ണം 620.08 ച.മീറ്ററുമാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള റെഗുലറൈസേഷൻ ഓർഡർ നമ്പർ RO/4956/2024 തീയതി 29.10.2024 പ്രകാരം 441 ച.മീ വിസ്തീർണ്ണം മാത്രമാണ് ക്രമവൽക്കരിച്ച് നൽകിയിട്ടുള്ളത്.

620.08-441=179.08 ച.മീ ക്രമവൽക്കരിച്ചിട്ടില്ല

2019 KMBR ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാവാതെ നിലവിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റാൻ പാടുള്ളതല്ല. സഞ്ചയ/അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണവും A1 ഉപയോഗക്രമത്തിലായതിനാൽ A1 ൽ നിന്നും A2 വിലേക്ക് ഉപയോഗക്രമം മാറ്റിയിട്ടുള്ള 179.08ച.മീ (413.48-234.41) വിസ്തീർണ്ണം ക്രമവൽക്കരിക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 8/19.02.2026)

**1-12 Excess FSI ക്ക് ആനുപാതികമായുള്ള ഫീ ഈടാക്കിയിട്ടില്ല**

ശ്രീ ആർ എ സലിം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1204 ച.മീ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ (സർവ്വേ നമ്പർ 165/3-5; ഇരിങ്ങപ്പുറം വില്ലേജ്, ചാവക്കാട് താലൂക്ക്) 5188.98 ച.മീ വിസ്തീർണ്ണം ഉള്ള A1, A2 ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 7.08.2023 തീയതിയിൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയും പിന്നീട് റിവൈസ് ചെയ്യുകയും ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

04.12.2014 ൽ BA-95/14-15 നമ്പർ പ്രകാരം A1 ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ചത് 23.11.2016 ൽ റിവൈസ് ചെയ്തതിട്ടുണ്ട്.

ഏരിയ ഡീറ്റെയിൽസ് താഴെ ചേർക്കുന്നു

ബിൽറ്റ് അപ്പ് ഏരിയ :4695.97 ച.മീ

ഫ്ലോർ ഏരിയ :3807.04 ച.മീ

പ്ലോട്ട് ഏരിയ:1204 ച.മീ

FSI: 3807.04/1204=3.16
Permitted FSI For A1 Occupancy:3
Excess FSI=0.16
Fee For Excess FSI=0.16X1204X3000=5,77,920 രൂപ

രസീതി നമ്പർ 115011-05933 തീയതി 10.09.2015 പ്രകാരം അടവാക്കിയ ഫീ = 4,74,000 രൂപ

അടവാക്കിയതിൽ കുറവ് = *577920-474000=1,03,920* രൂപ

പിന്നീട് ഈ പെർമിറ്റ് 2017 ൽ A1 ഒക്യുപെൻസിയിൽ നിന്നും A2 ഒക്യുപെൻസിയിലേക്ക് റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട്.

ഏരിയ ഡീറ്റെയിൽസ് താഴെ ചേർക്കുന്നു

ബിൽറ്റ് അപ്പ് ഏരിയ :5006.95 ച.മീ

ഫ്ലോർ ഏരിയ :3884.67 ച.മീ

പ്ലോട്ട് ഏരിയ:1204 ച.മീ

FSI:3884.67 /1204=3.226
Permitted FSI For A2 Occupancy:2.5
Excess FSI=0.726
Fee For Excess FSI=0.726X1204X3000=26,22,312 രൂപ

A1 ഒക്യുപെൻസിയിൽ നിന്നും A2 ഒക്യുപെൻസിയിലേക്ക് റിവൈസ് ചെയ്തതിനുള്ള ഫീ: 17,198

ആകെ അടവാക്കേണ്ടത്:26,39,510 രൂപ (26,22,312 +17,198)

രസീതി നമ്പർ 115011-05933 തീയതി 10.09.2015 പ്രകാരം നേരത്തെ അടവാക്കിയ ഫീ = 4,74,000

ബാക്കി അടവാക്കേണ്ടത്:26,39,510-4,74,000= 21,65,510

രസീതി നമ്പർ 116011-08849 തീയതി 12.11.2016 പ്രകാരം അടവാക്കിയ ഫീ = 20,58,100 (20,40,902+17198)

അടവാക്കിയതിൽ കുറവ് =21,65,510-20,58,100=*107410*

ടി പെർമിറ്റ് 2022 ൽ വീണ്ടും റിവൈസ് ചെയ്തിട്ടുണ്ട്. (Subject To Kerala Muncipality Building Rules 1999)

ഏരിയ ഡീറ്റെയിൽസ് താഴെ ചേർക്കുന്നു

ബിൽറ്റ് അപ്പ് ഏരിയ :5188.98 ച.മീ (A1&A2)

A1 -ബിൽറ്റ് അപ്പ് ഏരിയ:607.38 ച.മീ

A2-ബിൽറ്റ് അപ്പ് ഏരിയ:3996.42 ച.മീ

ബേസ്മെന്റ് ഫ്ലോർ ബിൽറ്റ് അപ്പ് ഏരിയ: 585.18 ച.മീ

ഫ്ലോർ ഏരിയ :3887.43 ച.മീ

പ്ലോട്ട് ഏരിയ:1204 ച.മീ

FSI:3887.43 /1204=3.228
Permitted FSI For A2 Occupancy:2.5 (Permitted FSI Of Most Restricted Occupancy According To 1999 KMBR)
EXCESS FSI=3.228-2.5=0.728

ടി നിർമ്മാണത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പാർക്കിങ്ങിനായി കാണിച്ചിട്ടുള്ള ബേസ്മെന്റ് ഫ്ലോറിലെ ബിൽറ്റ് അപ്പ് ഏരിയ 585.18 ച.മീറ്ററും ഫ്ലോർ ഏരിയ 14.76 ച.മീറ്ററും (സ്റ്റെയർ റൂം) ആണ്. എന്നാൽ 21.02.2026 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റും ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ ബേസ്മെന്റ് ഫ്ലോറിൽ സ്റ്റെയർ റൂം കൂടാതെ 30 ച.മീ വിസ്തീർണ്ണത്തിൽ ഓഫീസ് റൂം, സ്റ്റോർ റൂം എന്നിവ കൂടി ഉൾപ്പെടുത്തിയതായി കാണാൻ കഴിഞ്ഞു. ആയതിനാൽ ബേസ്മെന്റിന്റെ ഫ്ലോർ ഏരിയ നിലവിൽ 44.76 ച.മീ ആണ്.

ആയതിനാൽ കെട്ടിടത്തിന്റെ നിലവിലെ ആകെ ഫ്ലോർ ഏരിയ= 3887.43 ച.മീ+30 ച.മീ=3917.43 ച.മീ ആണ്.

നിലവിലെ FSI= 3917.43/1204=3.253

EXCESS FSI=3.253-2.5=0.753

EXCESS FSI ക്ക് വേണ്ടി രസീതി നമ്പർ 115011-05933 തീയതി 10.09.2015, രസീതി നമ്പർ 116011-08849 തീയതി 12.11.2016 അടവാക്കിയ ഫീ = 4,74,000+20,40,902=25,14,902 രൂപ

ഈ തുകക്ക് ആനുപാതികമായ EXCESS FSI= 25,14,902/(1204X3000)=0.696

0.753-0.696=0.057

Fee For Excess FSI Of 0.057= 0.057X1204X5000=3,43,140 രൂപ (G.O (P) No.82/2017/LSGD Dtd 31.10.2017 പ്രകാരം Fee For Excess FSI ഒരു മീറ്റർ സ്ക്വയറിന് 3000 രൂപയിൽ നിന്നും 5000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്)

2022 ൽ പെർമിറ്റ് റിവൈസ് ചെയ്തത് പ്രകാരം Excess FSI ക്കായി അടവാക്കിയ തുക= 2,30,000 രൂപ (രസീതി നമ്പർ 123070-0296 തീയതി 7.08.2023)

ഇനി അടവാക്കാനുള്ള തുക =3,43,140-2,30,000=1,13,140 രൂപ

കെ സ്മാർട്ട് പരിശോധിച്ചതിൻ പ്രകാരം 28/117-1 മുതൽ 58 വരെയുള്ള കെട്ടിട നമ്പറുകളാണ് ടി നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്നത്. A2 ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ച ടി കെട്ടിടത്തിൽ, A1 ഉപയോഗക്രമത്തിലും വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ A1 ഉപയോഗക്രമത്തിൽ (കെട്ടിട നമ്പർ 117/13, 15, 16, 17, 21, 40, 41, 44, 48, 51, 52, 53, 54) വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്ന കെട്ടിട നമ്പറുകളുടെ ആകെ വിസ്തീർണ്ണം 758.86 ച.മീറ്ററാണ്. സ്ഥല പരിശോധനയിൽ നിലവിൽ ഈ കെട്ടിടം പൂർണ്ണമായി A2 ഉപയോഗക്രമത്തിലാണ് ഉപയോഗിച്ച് വരുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. A2 ഉപയോഗക്രമത്തിൽ പെർമിറ്റ് അനുവദിച്ച ടി കെട്ടിടത്തിൽ നിലവിൽ മറ്റ് വ്യത്യസ്ത ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ വിസ്തീർണ്ണവും (758.86 ച.മീ) A2 ഉപയോഗക്രമത്തിലേക്ക് മാറ്റി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ അല്ലെങ്കിൽ ആയത് പൊളിച്ച് നീക്കി പൂർവ്വ സ്ഥിതിയിൽ ആക്കുകയോ ചെയ്യാൻ ഉടമസ്ഥന് നോട്ടീസ് നൽകുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച ബേസ്മെന്റ് ഫ്ലോറിലെ 30 ച.മീ വിസ്തീർണ്ണം ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും A1 ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ വിസ്തീർണ്ണവും A2 ഉപയോഗക്രമത്തിലേക്ക് മാറ്റി വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:28/23.02.2026)

## 1-13 തരം മാറ്റാത്ത ഭൂമിയിൽ കെട്ടിട നിർമാണാനുമതി നൽകി

ഫയൽ നമ്പർ 1955816-2024 പരിശോധിച്ചതിൻ പ്രകാരം ശ്രീ എൻ എം.അലി റഹിം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1286 ച.മീ വിസ്തീർണ്ണം ഉള്ള ഭൂമിയിൽ (സർവ്വേ നമ്പർ 64/1-4, 64/1-6 ഇരിങ്ങപ്പുറം വില്ലേജ്, ചാവക്കാട് താലൂക്ക്) നിർമ്മിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടം 30,624 രൂപ ക്രമവൽക്കരണ ഫീയായി ഈടാക്കി, 29.10.2024 തീയതിയിലെ Regularisation Order Number 4957/2024 പ്രകാരം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട് .

കെട്ടിടത്തിന്റെ ഏരിയ ഡീറ്റെയിൽസ് താഴെ ചേർ ക്കുന്നു

എക്സിസ്റ്റിങ് ഏരിയ : 199.22 ച.മീ

Proposed Area For Regulariation: 102.08 ച.മീ

Total Built Up Area: 301.30 ച.മീ

ടി ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, സർവ്വേ നമ്പർ 64/1-4 (991 ച.മീ ), 64/1-6 (295 ച.മീ) ൽ ഉൾപ്പെട്ട 1286 ച.മീ വിസ്തീർണ്ണം ഭൂമി നഞ്ച ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തൃശ്ശൂർ റെവെന്യൂ ഡിവിഷൻ ഓഫീസറുടെ 5.07.2022

തീയതിയിലെ B2-15447/2021 ഉത്തരവ് പ്രകാരം സർവ്വേ നമ്പർ 64/1-4 ൽ ഉൾപ്പെട്ടിട്ടുള്ള 991 ച.മീ ഭൂമി തരം മാറ്റി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി പ്ലോട്ടിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 64/1-6 ൽ ഉള്ള 295 ച.മീ ഭൂമി നിലവിലും നഞ്ച ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 29.10.2024 തീയതിയിലെ നോട്ടിൽ ആറുമാസത്തിനുള്ളിൽ തരം മാറ്റിയ ഉത്തരവ് ഹാജരാക്കണമെന്ന വ്യവസ്ഥയിൽ കണ്ടിഷണൽ ഒക്യുപെൻസി ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ ഉടമസ്ഥൻ ഭൂമി തരം മാറ്റിയ ഉത്തരവ് ഹാജരാക്കിയിട്ടില്ല . ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭൂമി തരം മാറ്റി രേഖകൾ ഹാജരാക്കാൻ ഉടമസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയതിന് മറുപടിയായി ടിയാൻ ഭൂമി തരം മാറ്റുന്നതിന് 210200/- രൂപയുടെ ഡിമാൻഡ് ലഭ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഭൂമി തരം മാറ്റി ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും , തരം മാറ്റുന്നത് വരെ ടി പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങൾക്കുള്ള UA നമ്പർ അനുവദിക്കേണ്ടതും മൂന്നിരട്ടി വസ്തു നികുതി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ടി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള എക്സിസ്റ്റിങ് ഏരിയ 199.22 ച.മീ ആണ്. എന്നാൽ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം 32/247 മുതൽ 255 വരെ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള നിലവിലെ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 166.66 ച.മീ ആണ്. വ്യത്യാസമുള്ള വിസ്തീർണ്ണം (199.22-166.66=32.56 ച.മീ) അസ്സസ്മെന്റ് രജിസ്റ്ററിൽ മാറ്റം വരുത്തി വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ:29/23.02.2026)

## 1-14 2023 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള നികുതി നിരക്കുകൾ പൂർണ്ണമായും നാളിതുവരെ ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല

സ.ഉ (അച്ചടി) നം. 26/2023 ത.സ്വ.ഭ.വ തീയതി 5.04.23 ഉത്തരവ് പ്രകാരം സർക്കാർ 01.04.2023 മുതൽ നഗരസഭകളിൽ ഓരോ കെട്ടിടങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിർണയിച്ചിട്ടുണ്ട്. ആയത് പ്രകാരം 24.11.2023 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഈ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 2023 ഏപ്രിൽ ഒന്ന് മുതൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള എല്ലാ നിർമ്മാണങ്ങൾക്കും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ ബാധകമാക്കേണ്ടതാണ്. എന്നാൽ കെ സ്മാർട്ട് പരിശോധിച്ചതിൻ പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള പല നിർമ്മാണങ്ങൾക്കും നാളിതുവരെ ആയിട്ടും പുതിയ വസ്തു നികുതി ഉത്തരവ് പ്രകാരമുള്ള നികുതി നിരക്ക് ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

കെ. സ്മാർട്ട് പരിശോധിച്ചതിൻ പ്രകാരം പാർപ്പിട ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങളിൽ നാളിതുവരെ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുത്തിയിട്ടില്ലാത്ത ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| 1 | 5 | 251/1 | 119.43 | 10 | 13 |
| 2 | 5 | 77/4 | 118.55 | 10 | 13 |
| 3 | 5 | 342/3 | 55.03 | 10 | 13 |
| 4 | 12 | 91/4 | 101.53 | 10 | 13 |
| 5 | 12 | 61/1 | 86.83 | 10 | 13 |
| 6 | 14 | 730/2 | 63.85 | 10 | 13 |
| 7 | 14 | 724/2 | 152.76 | 10 | 13 |

നിലവിൽ ആകെ എത്ര കെട്ടിടങ്ങൾക്കാണ് വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി ഈടാക്കാത്തതെന്നും ആയതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 1.04.2023 മുതൽ 24.11.2023 വരെ പുതിയതായി കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്കെല്ലാം പഴയ നികുതി നിരക്ക് തന്നെയാണ് ഈടാക്കി വരുന്നതെന്നും ആയത് പരിഹരിക്കാൻ IKM നു കത്ത് നൽകിയിരുന്നെങ്കിലും നടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നും നിലവിൽ 2025 ഡീലിമിറ്റേഷൻ പ്രകാരം 1 മുതൽ 43 വരെയുള്ള വാർഡുകളിലെ നമ്പറുകൾ 1 മുതൽ 46 വരെയുള്ള വാർഡുകളിലേക്ക് ക്രമീകരിക്കുന്ന പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച ഉടൻ തന്നെ IKM ന്റെ സഹായത്തോടെ പുതിയ നിരക്ക് പ്രകാരമുള്ള നികുതി ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 539 (1) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട ഏതെങ്കിലും തുകയുമായി ബന്ധപ്പെട്ട്,

ആ തുകയ്ക്ക് വേണ്ടി ആദ്യമായി ജപ്തി (Distraint) നടത്താനോ, കേസ് ഫയൽ ചെയ്യാനോ, അല്ലെങ്കിൽ കുറ്റപത്ര നടപടി ആരംഭിക്കാനോ കഴിയുമായിരുന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ, അതിന് ശേഷം ജപ്തി നടത്തുകയോ, കേസ് ഫയൽ ചെയ്യുകയോ, ക്രിമിനൽ നടപടികൾ ആരംഭിക്കുകയോ ചെയ്യാൻ പാടില്ല. 539 വകുപ്പ് (2) ഉപവകുപ്പ് (1) പ്രകാരമുള്ള കാലപരിധി പാലിക്കാതെ സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ലഭിക്കേണ്ട തുക കാലഹരണപ്പെടുകയും, നിയമാനുസൃതമായ അന്വേഷണം വഴി അത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണെന്ന് കണ്ടെത്തുകയും ചെയ്താൽ, മുനിസിപ്പാലിറ്റിക്ക് ഉണ്ടായ നഷ്ടമായ ആ തുക 12% പലിശയോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

വസ്തു നികുതി പരിഷ്കരണം സർക്കാർ നടപ്പിലാക്കി മൂന്ന് സാമ്പത്തിക വർഷം ആയിട്ടും നികുതി നിരക്കുകൾ നിലവിലും പൂർണ്ണമായും പരിഷ്കരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുകകൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 37/24.02.26)

.

## <u>1-15 റവന്യൂ ഡിമാന്റിന്റെ 90% കളക്റ്റ് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു</u>

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്റ്റ് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്ട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ അല്ലാതെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ. (കൈ) 179/2022/ ധന. തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B14 പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | Schedule B14: Sudry Debtors (Receivables) | തുക |
|---|---|---|
| 1 | Receivables For Property Taxes (Current) | 12078049 |
| 2 | Receivables For Property Taxes (Arrears) | 12012548 |
| 3 | Receivables For Profession Tax - Institutions/Traders (Current) | 940599 |
| 4 | Receivables For Profession Tax - Institutions/ Traders (Arrears) | 1739167 |
| 5 | Receivable For User Charges (Arrears) | 5000 |
| 6 | Receivable For License Fees (Current) | 9250 |
| 7 | Receivable For License Fees (Arrears) | 6000 |
| 8 | Rent Receivable From Buildings (Current) | 1981648 |
| 9 | Rent Receivable From Buildings(Arrears) | 1321944 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള സ.ഉ. (സാധാ) നം.1625/2025/ധന. തീയതി 20.02.2025 ൽ ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുള്ള വികസനഫണ്ടിൽ നിന്നും 5,19,000 രൂപ കുറവ് ചെയ്തിട്ടുണ്ട്. മേൽപ്രകാരം റവന്യൂ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാതിരുന്നതിന് കാരണം അറിയിക്കുവാനും 5,19,000/- രൂപ വികസനഫണ്ടിൽ നഷ്ടപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് മഹാമാരി മൂലം നഗരസഭയുടെ വരുമാനം വളരെ അധികം കുറഞ്ഞു എന്നും കൂടാതെ സാംഖ്യയിൽ നിന്നും സഞ്ചയയിലേക്ക് ഡാറ്റ പോർട്ട് ചെയ്തപ്പോൾ വന്ന അപാകത, ഡാറ്റ പൊരുത്തക്കേടുകൾ ഇരട്ടിപ്പുകൾ എന്നിവ മൂലം ഡിമാൻഡ് ക്രമാതീതമായി വർദ്ധിച്ചു എന്നും, ടി വിഷയം ബഹു പ്രിൻസിപ്പൽ സെക്രട്ടറിക്ക് (തദ്ദേശ സ്വയം ഭരണവകുപ്പ് നഗരകാര്യ ഡയറക്ടർ മുഖാന്തരം) കത്ത് നല്കിയിട്ടുള്ളതാണെന്നും മേൽ വിഷയം പരിഹരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

നികുതി-നികുതിയേതര വരുമാനങ്ങൾ സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 37/24.02.26)

## <u>1-16 നഗരസഭ പരിധിയിൽ മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം</u>

5G നെറ്റ്‌വർക്ക് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, 2019-ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, 17.01.2023-ലെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട് (17.01.2023 ലെ സ.ഉ(അ)9/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്). മേൽചട്ട ഭേദഗതി പ്രകാരം മൊബൈൽ ടവറുകളുടെ നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പെർമിറ്റ് ഒഴിവാക്കിയിട്ടുള്ളതാണ്. നിശ്ചിത മാതൃകയിലുള്ള (അനുബന്ധം A5) ഇന്റിമേഷനൊപ്പം നിയമാനുസൃത പ്ലാൻ ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുകയും ചട്ടപ്രകാരമുള്ള ഫീസ് അടവാക്കുകയും ചെയ്താൽ നഗരസഭയുടെ അനുമതി കൂടാതെ തന്നെ മൊബൈൽ ടവർ നിർമ്മാണം നടത്താവുന്നതാണ്. നിർമ്മാണം പൂർത്തീകരിച്ച ശേഷം കംപ്ലീഷൻ റിപ്പോർട്ടിനോടൊപ്പം നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് സമർപ്പിച്ച

ഇന്റിമേഷൻ സമർപ്പിക്കേണ്ടതും, സെക്രട്ടറി സൈറ്റ് പരിശോധിച്ച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിക്കേണ്ടതുമാണ്.

കെ സ്മാർട്ട് പരിശോധിച്ചതിൻ പ്രകാരം നഗരസഭയിൽ 12, 19 എന്നി വാർഡുകളിൽ മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നില്ല. എന്നാൽ 21.02.2026 തീയതിയിൽ LSGD സാങ്കേതിക വിഭാഗവും ഓഡിറ്റും ചേർന്ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിട നമ്പർ അനുവദിക്കാതെ 12, 19 എന്നി വാർഡുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട് .

ടി മൊബൈൽ ടവറുകൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ അപേക്ഷയോ ഇന്റിമേഷനോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകൾക്ക് നമ്പർ നൽകി ഓഡിറ്റിനെ വിവരം അറിയിക്കുന്നതെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭയുടെ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ടവറുകളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും ആയവക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 39/24.02.2026)

## 1-17 വിനോദനികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

31.08.2019ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ വിനോദ നികുതി നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 31.01.2024ലെ സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദ നികുതി ഈടാക്കുന്നതിനും ഈടാക്കേണ്ടതായ വിനോദ നികുതി നിരക്ക് സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗുരുവായൂർ നഗരസഭാപരിധിയിൽ ജയശ്രീ തിയേറ്റർ, അപ്പാസ് തിയേറ്റർ, ദേവകി സ്റ്റുഡിയൊ 1, ദേവകി സ്റ്റുഡിയൊ 2, എന്നീ 4 സിനിമ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മേൽ തീയേറ്ററുകളിൽ നിന്നായി 2024-25 സാമ്പത്തിക വർഷം വിനോദനികുതിയിനത്തിൽ മുനിസിപ്പാലിറ്റിക്ക് 2170228 രൂപയുടെ വരവ് കാണിച്ചിട്ടുണ്ട്. വിനോദനികുതി ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണം അനുസരിച്ച് വിനോദനികുതി ഈടാക്കുന്നതിനു പകരം വിനോദനികുതി കണക്കാക്കി സ്ഥാപന ഉടമ സമർപ്പിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി ഈടാക്കിയിട്ടുള്ളത്. ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

2)യഥാർത്ഥത്തിൽ വിറ്റ ടിക്കറ്റിന്റെ നിരക്കിന്(payment For Admission) ആനുപാതികമായിട്ടാണ് വിനോദ നികുതി കണക്കാക്കേണ്ടത്. ടിക്കറ്റ് നിരക്ക് സംബന്ധിച്ച രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ഒരു ടിക്കറ്റിന്റെ അടിസ്ഥാന നിരക്ക്(price For Admission), ജി.എസ്.ടി തുക, വിനോദ നികുതി,സർവീസ് ചാർജ്, സെസ്സ് എന്നിവയുടെ നിരക്കുകൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. ടിക്കറ്റിന്റെ നിരക്ക് ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

3)ഓരോ തിയേറ്ററിൽ നിന്നും മാസം തോറും വിനോദനികുതി അടവാക്കിയതിന്റെ മുഴുവൻ രസീതുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4)തീയേറ്ററുകൾ നൽകുന്ന പ്രതിമാസ ഡി.സി.ആർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഒടുക്കിയ വിനോദ നികുതിയുടെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21.02.2026) അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഓരോ തിയേറ്ററിൽ നിന്നുമുള്ള വിനോദനികുതി അടവാക്കിയതിന്റെ രസീതുകൾ സൂക്ഷിക്കേണ്ടതും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-18 ലൈസൻസ് - അപാകതകൾ സംബന്ധിച്ച്.

1. 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 30.10.2020 ലെ സർക്കാർ ഉത്തരവ് (പി)62/2020/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ എന്നിവയിലെ പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ (Ksmart) പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ 2024-25 സാമ്പത്തിക വർഷത്തിലെ

ലൈസൻസ് സ്റ്റാറ്റസ് അപ്രൂവ്ഡ് എന്ന് കാണുന്നുണ്ടെങ്കിലും ലൈസൻസ് ഫീസ് അടവാക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ 2024-25 വർഷം ലൈസൻസ് ഫീസ് അടവാക്കാതെ തുറന്ന് പ്രവർത്തിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/21.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം |
|---|---|---|
| 1 | 5/488 | മരിയൻ കളക്ഷൻ ടയലറിംഗ് |
| 2 | 17/66 | എസ്.എം ഡോർമിറ്ററി |
| 3 | 32/315 | ഹോട്ടൽ ആദികേശ് |
| 4 | 16/391 | ബെറീസ് |

മേൽ സ്ഥാപനങ്ങളുടെ 2024-25 സാമ്പത്തിക വർഷത്തിലെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വാടക -ഫയൽ/രജിസ്റ്റർ പരിശോധന- ഭീമമായ തുക വാടകകുടിശ്ശികയിനത്തിൽ അവശേഷിക്കുന്നു

നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടമുറികളുടെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം വാടകക്കാർ ഒരു മാസത്തെ പോലും വാടക അടവാക്കാത്തതായി കാണുന്നു. ഇപ്രകാരം വാടക അടവാക്കാതിരിക്കുന്നത് മൂലം സ്ഥാപനത്തിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു. ബസ് സ്റ്റാന്റ് ബിൽഡിംഗ്,മഞ്ജുളാൽ ഷോപ്പിംഗ് കോംപ്ലക്സ്,അംബാടി ടൂറിസ്റ്റ് ഹോം,മുൻസിപ്പൽ ഓഫിസ് കോംബൗണ്ട് ബിൽഡിംഗ്,കുട്ടികൃഷ്ണ സ്മാരക കെട്ടിടം,ബസ് സ്റ്റാന്റ് സെമി പർമനന്റ് ബിൽഡിംഗ്,കമമ്യൂണിറ്റി ലാറ്ററിൻ പരിസരത്തുള്ള കെട്ടിടം,ഇന്നർ റിംഗ് റോഡ് പരിസരത്തുള്ള കെട്ടിടം, മിനി മാർക്കറ്റ് കെട്ടിടം, മിനി മാർക്കറ്റ് പരിസരത്തുള്ള കെട്ടിടം,ഐ.ആർ.ഡി.പി ബങ്ക്,റസ്റ്റ് ഹൗസ് കെട്ടിടം,ജി.യു.പി.സ്കൂൾ കെട്ടിടം,വേലായുധ സ്മാരക കെട്ടിടം,പത്മം ദാമോധരൻ ഹാൾ,സി.യു.ബി ബാങ്ക് എ.ടി.എം എന്നീ കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയ കെട്ടിടമുറികളുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടമുറികളുടെ എണ്ണം,ആയത് ലേലം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 2024-25 ലെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 19,37,109/- രൂപ വാടക കുടിശ്ശികയുണ്ട്.കെട്ടിടമുറികളുടെ കുടിശ്ശിക കാലയളവിന്റെയും കുടിശ്ശിക തുകയുടെയും വിവരം പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഷോപ്പ് നം./കെട്ടിട നമ്പർ | വാടക കുടിശ്ശിക കാലയളവ് | അടവാക്കാൻ ബാക്കിയുള്ള വാടക |
|---|---|---|---|
| മഞ്ജുളാൽ ഷോപ്പിംഗ് കോംപ്ലക്സ് | | | |
| 1 | 17 B | 2025 ജനുവരി മുതൽ നാളിതുവരെ | 1,08,325/- |
| 2 | 17 C | 2024 ഏപ്രിൽ മുതൽ നാളിതുവരെ | 3,29,825/- |
| കുട്ടികൃഷ്ണ സ്മാരക കെട്ടിടം | | | |
| 3 | 10 | 2024 നവംബർ മുതൽ നാളിതുവരെ | 1,82,016/- |
| 4 | FF4 | 2024 ഏപ്രിൽ മുതൽ നാളിതുവരെ | 2,40,550/- |
| 5 | SF6 | 2024 ഏപ്രിൽ മുതൽ നാളിതുവരെ | 1,51,325/- |
| 6 | SF2 | 2025 ജനുവരി മുതൽ നാളിതുവരെ | 94,096/- |
| 7 | SF3 | 2025 ജനുവരി മുതൽ നാളിതുവരെ | 2,00,000/- |
| 8 | SF5 | 2025 ജനുവരി മുതൽ നാളിതുവരെ | 1,51,325/- |
| കമമ്യൂണിറ്റി ലാറ്ററിൻ പരിസരത്തുള്ള കെട്ടിടം | | | |

| | | | |
|---|---|---|---|
| 9 | 18/849 | 2024 ആഗസ്റ്റ് മുതൽ നാളിതുവരെ | 83,223/- |
| 10 | 18/850 | 2024 ഒക്ടോബർ മുതൽ നാളിതുവരെ | 90,307/- |
| ഇന്നർ റിംഗ് റോഡ് പരിസരത്തുള്ള കെട്ടിടം | | | |
| 11 | 18/499 | 2024 ആഗസ്റ്റ് മുതൽ നാളിതുവരെ | 1,67,307/- |
| മിനി മാർക്കറ്റ് പരിസരത്തുള്ള കെട്ടിടം | | | |
| 12 | 4 | 2025 ജനുവരി മുതൽ നാളിതുവരെ | 69,900/- |
| ഐ.ആർ.ഡി.പി ബംങ്ക് | | | |
| 13 | 11 | 2025 ഫെബ്രുവരി മുതൽ നാളിതുവരെ | 6510/- |
| വേലായുധ സ്മാരക കെട്ടിടം | | | |
| 14 | 2 | 2025 ജനുവരി മുതൽ നാളിതുവരെ | 62,400/- |
| ആകെ | | | 19,37,109/- |

കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.36/24.02.2026) കുടിശ്ശിക ലിസ്റ്റിൽ സൂചിപ്പിച്ചിട്ടുള്ള ക്രമ നം.8 കുട്ടികൃഷ്ണ സ്മാരകത്തിലെ SF5 നമ്പർ മുറി വാടകകുടിശ്ശികയുള്ളതിനാൽ ആർ3-777/25 നം. ഫയൽ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും വാടക കുടിശ്ശികയുള്ള ലൈസൻസികൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ട് 215(8) പ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും പലതവണകളായി നോട്ടീസ് നൽകിയിട്ടും വാടക കുടിശ്ശിക അടക്കാത്തവരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൗൺസിൽ അജണ്ട തയ്യാറാക്കി കൗൺസിൽ അനുമതിയോടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയാസമയങ്ങളിൽ ഈടാക്കുവാനുള്ള വാടക തുക കൃത്യമായി പിരിച്ചെടുക്കാതെ തുടരുന്നത് നഗരസഭയുടെ തനത് വരുമാനത്തിൽ ഭീമമായ നഷ്ടം ഉണ്ടാക്കുന്നു. ആയതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പൂക്കോട് സോൺ വാടക – അപാകങ്ങ ൾ

1. വാടക രജിസ്റ്റർ പരിശോധിച്ചത് പ്രകാരം താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ 2024-25 വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല.

| ഷോപ്പ് നം. | ലൈസൻസിയുടെ പേര് | അടവാക്കാൻ ബാക്കിയുള്ള വാടക |
|---|---|---|
| 41/458 | പത്മകുമാർ | 93,420/- |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.കെട്ടിടം നമ്പർ 41/459 കടമുറി 2024-25 വർഷത്തിൽ ഒഴിഞ്ഞുകിടന്നിരുന്നു.

ടി കടമുറി ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ യഥാസമയം ലേലം ചെയ്യുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.**41/24.02.2026**)

## 1-21 കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ

വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. 2025 ഏപ്രിൽ ഒന്നാം തീയതി മുതൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് വിന്യസിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പരിശോധനയുടെ ഭാഗമായി കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ പരിപാലിക്കപ്പെടുന്ന ധനകാര്യ, വരവ്-ചെലവ്, നികുതി, ലൈസൻസ്, ബാങ്ക് റീക്കൺസിലിയേഷൻ തുടങ്ങിയ വിവരങ്ങളുടെ പരിശോധനയിൽ സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ഘടനാപരമായും പ്രായോഗികമായും നിയന്ത്രണപരമായും നിരവധി പരിമിതികൾ നിലനിൽക്കുന്നതായി കണ്ടെത്തി. പ്രധാന റിസ്കുകളും അപാകതകളും ചുവടെ ചേർക്കുന്നു

**1.** നിയമപരവും ഭരണപരവുമായ വിഷയങ്ങ **ൾ**

. കാലതാമസവും മാ**ൻ**ഡേറ്റും**:** 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് ജൂലൈ 31-നകം സമർപ്പിക്കേണ്ടതാണെങ്കിലും കെ-സ്മാർട്ട് മുഖേനയായതിനാൽ മാസങ്ങളുടെ കാലതാമസം നേരിട്ടു(06.02.2026 തീയതിയിലാണ് വാർഷിക കണക്കുകൾ പിഴവുകൾ പരിഹരിച്ച സമർപ്പിച്ചത്). കൂടാതെ, കെ-സ്മാർട്ട് ഉപയോഗിക്കുന്നതിനുള്ള മാൻഡേറ്റ് കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ ഓഡിറ്റ് ചട്ടങ്ങളിലോ ഭേദഗതി വരുത്തി ഉൾപ്പെടുത്തിയിട്ടില്ല.

. ഓഡിറ്റ് സ്വഭാവം നഷ്ടപ്പെടുന്നു**:** ഓഡിറ്റർമാർക്ക് ആവശ്യമായ പ്രിവിലേജുകളുള്ള ലോഗിൻ നൽകുന്നതിന് പകരം പരിമിതമായ സൗകര്യങ്ങളുള്ള 'എംപ്ലോയീസ് ലോഗിൻ' ആണ് നൽകിയിരിക്കുന്നത്. ഇത് ഓഡിറ്റിനെ സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന അടിസ്ഥാന തത്വത്തിന് വിരുദ്ധമാണ്.കൂടാതെ ആവശ്യപ്പെട്ട പല രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

**2.** സിസ്റ്റം ആക്സസും റിപ്പോ**ർ**ട്ടിംഗ് പരിമിതികളും

. റിപ്പോ**ർ**ട്ടുകളുടെ അഭാവം **:** ഓഡിറ്റർ ലോഗിനിൽ സമഗ്രമായ 'Reports' മോഡ്യൂൾ ലഭ്യമല്ല. മുനിസിപ്പൽ തലത്തിലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ മാത്രമാണ് വിവരങ്ങൾ ലഭ്യമാകുന്നത്.ഉദാ: വസ്തു നികുതി അസ്സസ്മെന്റ് രജിസ്റ്റർ

**3.** ധനകാര്യ നി **ർ**വ്വഹണവും അക്കൗണ്ടിംഗും

. **മുൻകൂർ** നികുതിക**ൾ:** അടുത്ത വർഷത്തെ റവന്യൂ വരവ് രേഖപ്പെടുത്താൻ ഒരു ഹെഡ് (35041014) മാത്രമാണുള്ളത്. തൊഴിൽ നികുതി, കെട്ടിടനികുതി,ലൈസൻസ്,വാടക തുടങ്ങി എല്ലാ വരവുകളുടെയും മുൻകൂർ ആയി ലഭിച്ച തുക ഒറ്റ ഹെഡിൽ രേഖപ്പെടുത്തുന്നതിനാൽ ഏതൊക്കെ ഇനത്തിൽ എത്ര രൂപയാണ് മുൻകൂർ ആയി ലഭിച്ചിട്ടുള്ളതെന്ന വ്യക്തമല്ല.

. റിപ്പോ**ർ**ട്ടുകളിലെ പൊരുത്തക്കേടുക**ൾ:** ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ടിൽ കൗണ്ടർ വരവുകൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ; ഇ-പോസ്, ഓൺലൈൻ വരവുകൾ ഉൾപ്പെടുന്നില്ല.

. രജിസ്റ്ററുകളുടെ അഭാവം**:** അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR), ബിൽ രജിസ്റ്റർ, ഗ്രാന്റ് സ്റ്റെമെന്റ് എന്നിവ ലഭ്യമല്ല. പഴയ സോഫ്റ്റ്‌വെയറുകളിൽ നിന്നുള്ള ഡാറ്റ കെ-സ്മാർട്ടിലേക്ക് മാറ്റിയപ്പോൾ കൃത്യത പരിശോധിച്ചിട്ടില്ല.

. ജേ**ർ**ണ**ൽ** എ**ൻ**ട്രിക**ൾ:** ജേണൽ എൻട്രികൾക്ക് അനുബന്ധ രേഖകളോ വിശദീകരണങ്ങളോ ഇല്ല, ഇവ റിപ്പോർട്ടുകളിൽ കൃത്യമായി പ്രതിഫലിക്കുന്നുമില്ല.ഉദാ: ഏതെങ്കിലും വരവ് ശീർഷകത്തിലെ തെറ്റ് ജേർണൽ എൻട്രികൾ മുഖേന തിരുത്തിയാലും ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ടിൽ തെറ്റ് തിരുത്തിയ ജേർണൽ എൻട്രി പ്രതിഫലിക്കുന്നില്ല.

. ചെക്ക് രജിസ്റ്റ**ർ :** ചെക്ക് രജിസ്റ്ററുകളിലും പേയ്മെന്റ് ലിസ്റ്റുകളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

. ഗ്രാന്റ്**:** ഗ്രാന്റ് വരവുകൾ പരിശോധിക്കാൻ സൗകര്യമില്ല

**4.** റീക**ൺ**സിലിയേഷനും ബാങ്കിംഗും

. അപൂ**ർ**ണ്ണമായ റീക**ൺ**സിലിയേഷ**ൻ :** റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ചെക്കുകളുടെ നമ്പർ, തീയതി, തുക, നരേഷൻ എന്നിവ ലഭ്യമല്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് എക്സെൽ ഫോർമാറ്റിലേക്ക് മാറ്റി അപ്‌ലോഡ് ചെയ്യുന്നത് ഓഡിറ്റർക്ക് പരിശോധിക്കാൻ സാധിക്കുന്നില്ല.

. ചെക്കുകളും ഇ-പേയ്മെന്റുകളും **:** ചെക്ക് രജിസ്റ്ററിൽ ചെക്ക് പണമായി മാറിയ തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ഇ-പോസ്/ഇ-പേ മുഖേന സ്വീകരിക്കുന്ന തുകകൾ ബാങ്കിൽ ക്രെഡിറ്റ് ആകാൻ കാലതാമസം നേരിടുന്നുണ്ട്, ഇതിന്റെ

റിപ്പോർട്ടുകൾ ഡേ ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

. മാസാന്ത്യ റീക്കൺസിലിയേഷൻ: മാസാന്ത്യ റീക്കൺസിലിയേഷൻ സമയബന്ധിതമായി നടത്തിയിട്ടില്ല.

**5.** വസ്തുനികുതിയും കെട്ടിട നിർമ്മാണ പെർ മിറ്റും

. പഴയ കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല: സഞ്ചയ സോഫ്റ്റ്‌വെയറിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക കെ -സ്മാർട്ടിലേക്ക് മാറ്റിയിട്ടില്ല. അതിനാൽ ആകെ കുടിശ്ശിക കണക്കാക്കാനാകുന്നില്ല.

. സോർട്ടിംഗ് സംവിധാനത്തിലെ കുറവുകൾ: സഞ്ചയയിലെ പോലെ പുതിയ കെട്ടിടങ്ങൾ, ഉപയോഗക്രമം, അനധികൃത കെട്ടിടങ്ങൾ എന്നിവ നഗരസഭാ അടിസ്ഥാനത്തിൽ പൂർണ്ണമായി Sort ചെയ്യാൻ കെ-സ്മാർട്ടിൽ സാധിക്കുന്നില്ല; വാർഡ് തിരിച്ച് മാത്രമേ സാധ്യമാകൂ.

. നികുതി ഇളവുകൾ: വേക്കൻസി റമിഷൻ, എക്സ് സർവ്വീസ്മെൻ, 60 ച.മീ താഴെയുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകിയ നികുതി ഇളവുകളുടെ വിവരങ്ങൾ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.

. രേഖകളിലെ അവ്യക്തത: കെ-സ്മാർട്ടിലെ കംപ്ലീഷൻ പ്ലാനുകൾ അവ്യക്തമാണ്. തറ വിസ്തീർണ്ണം, റോഡ് വിവരങ്ങൾ, പാർക്കിംഗ് പ്ലാൻ എന്നിവ പലതിലും ഇല്ല, ചിലതിൽ പ്ലാൻ തന്നെ അപ്‌ലോഡ് ചെയ്തിട്ടില്ല. ഫോം-6 ഡൗൺലോഡ് പരാജയപ്പെടുന്നതും, പെർമിറ്റും ടാക്സ് അസസ്മെന്റും തമ്മിൽ ലിങ്ക് ഇല്ലാത്തതും പരിശോധനയെ ബാധിക്കുന്നു.

. രജിസ്റ്ററുകൾ ലഭ്യമല്ല: ന്യൂ ബിൽഡിംഗ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ പട്ടിക, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ എന്നിവ ലഭ്യമല്ല. നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങളും ഓഡിറ്റർക്ക് ലഭ്യമല്ല.

**6.** ലൈസൻസുകൾ, തൊഴിൽ നികുതി, പെൻഷ ൻ

. തെറ്റായ സ്റ്റാറ്റസ്: ലൈസൻസ് ഫീസ് അടക്കാത്ത അപേക്ഷകൾക്കും കെ-സ്മാർട്ടിൽ 'അപ്രൂവ്ഡ്' എന്ന് കാണിക്കുന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കാനും സംവിധാനമില്ല.

. ഡി.സി.ബി **(DCB)** രജിസ്റ്റർ ലഭ്യമല്ല: ലൈസൻസുകൾ, ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷണൽ തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുടെ കൺസോളിഡേറ്റഡ് DCB രജിസ്റ്ററുകൾ ലഭ്യമല്ല.

. സോഷ്യൽ സെക്യൂരിറ്റി: സാമൂഹ്യസുരക്ഷാ പെൻഷൻ പരിശോധനയ്ക്കുള്ള പ്രത്യേക മോഡ്യൂളോ രജിസ്റ്ററോ പരിപാലിച്ചിട്ടില്ല

**7.** പ്രായോഗിക ബുദ്ധിമുട്ടുകളും സോഫ്റ്റ്‌വെയർ പോരായ്മകളും

. വൗച്ചർ പരിശോധന: Bill Register, Voucher Reports എന്നിവ ലഭ്യമല്ല. വൗച്ചറുകൾ ക്രൊണോളജിക്കൽ ഓർഡറിലല്ലാത്തതിനാൽ തിരയാൻ ബുദ്ധിമുട്ടാണ്. ഒരു ഫയലിന്റെ കൂടെയുള്ള എല്ലാ അറ്റാച്ച്മെന്റുകളും ഒന്നിച്ച് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്തതും അവ്യക്തമായി സ്കാൻ ചെയ്തിരിക്കുന്നതും പരിശോധന ദുഷ്കരമാക്കുന്നു.

. ഇന്റഗ്രേഷൻ ഇല്ലായ്മ പ്രൊജക്ട് യൂണിറ്റും ഇ-ഗ്രാം സ്വരാജും (PFMS) കെ-സ്മാർട്ടുമായി ലിങ്ക് ചെയ്യാത്തതിനാൽ പ്രൊജക്ട് ചെലവുകൾ പരിശോധിക്കാനാകുന്നില്ല. പഴയ സോഫ്റ്റ്‌വെയറുകളിൽ (Sulekha, Sankhya, Sakarma) നിന്നുള്ള ഡാറ്റ കെ-സ്മാർട്ടിലേക്ക് മാറ്റിയപ്പോൾ ക്രോസ് ചെക്കിംഗ് നടത്തിയിട്ടുമില്ല.

. രസീത് പരിശോധന: ക്യാൻസൽ ചെയ്ത രസീതുകൾ ഒരു ദിവസത്തേക്കും ഒരു കൗണ്ടറിലേക്കും മാത്രമായി സെർച്ച് ചെയ്യാൻ മാത്രമേ സാധിക്കുന്നുള്ളൂ.

. വരവ് പരിശോധന: ഗ്രാന്റ്/ലേലം വരവുകൾ പരിശോധിക്കാൻ ഓഡിറ്റർ സൗകര്യമില്ല .

. ഫയൽ പരിശോധന: സാമ്പത്തിക വർഷം അടിസ്ഥാനമാക്കി ഫയൽ ഫിൽറ്റർ ചെയ്യാനാകുന്നില്ല.

നിലവിൽ കെ-സ്മാർട്ട് സംവിധാനം ഓഡിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് പര്യാപ്തമല്ലായെന്നും ധനകാര്യ നിയന്ത്രണത്തിൽ പരിമിതികൾ നിലനിൽക്കുന്നതായും പരിശോധനയിൽ വ്യക്തമായി.ഈ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് നിയമാനുസൃതവും ഓഡിറ്റ് സൗഹൃദവുമായ സമഗ്ര സംവിധാനം വികസിപ്പിക്കേണ്ടതുണ്ട്.വിഷയത്തിലേക്ക് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 44/24.02.2026)

**1-22 കലന്തർഷാ കൺസ്ട്രക്ഷൻസിൽ നിന്നും Risk & Cost തുക 97,84,408 രൂപ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല -തുടർ നടപടി സ്വീകരിക്കണം**

**1)** കരാറിലേർപ്പെട്ട പ്രവൃത്തികളിൽ നിന്നും കരാറുകാരൻ പിൻവാങ്ങിയതു മൂലം നഗരസഭയ്ക്കുണ്ടായ അധിക ബാധ്യത- **18,49,869** രൂപ

അമൃത് 1.O പ്രോജക്ടിലെ Storm Water Drain സെക്ടറിൽ ഉൾപ്പെട്ട 7 പ്രവൃത്തികൾ ഏറ്റെടുത്ത കലന്തർഷാ കൺസ്ട്രക്ഷൻസ്,

കാസർകോഡ് എന്ന സ്ഥാപനം 2023 മാർച്ചിൽ കരാറിലേർപ്പെട്ടിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തതിനാലും കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞു പോയതിനാലും ടി സ്ഥാപനത്തെ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കി Risk & Costൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ കൗൺസിലിന്റെ 28.10.2023ലെ നം.32ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-1

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫയൽ നം | സാങ്കേതികാനുമതി തുക | കരാർ തിയതി | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി |
|---|---|---|---|---|---|
| 1 | പേരകം എ.യു.പി.എസ് സ്കൂൾ റോഡ് കാന നിർമ്മാണം | E5/895/22 | 4100000 | 10.03.2023 | 09.09.2023 |
| 2 | സുനേന മന്നാൻ കുളം റോഡ് കാന നിർമ്മാണം | E5/8944/22 | 3400000 | 10.03.2023 | 09.09.2023 |
| 3 | നഗരസഭാ പരിധിയിലെ വിവിധ കാനകളുടെ നിർമ്മാണം | E5/8945/22 | 3000000 | 10.03.2023 | 09.07.2023 |
| 4 | ചാട്ടുകുളം ഉപ്പുതോട് കാന നിർമ്മാണം | E5/8946/22 | 2370000 | 10.03.2023 | 09.09.2023 |
| 5 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് കാന നിർമ്മാണം | E5/8945/22 | 2650000 | 10.03.2023 | 09.08.2023 |
| 6 | ഗാന്ധിനഗർ കാന നിർമ്മാണം | E5/8945/22 | 3050000 | 10.03.2023 | 09.07.2023 |
| 7 | മാവിൻചുവട് ഞാറങ്ങാട്ട് റോഡ് കൽവർട്ട്, കാന നിർമ്മാണം | E5/8945/22 | 4990000 | 10.03.2023 | 09.09.2023 |

മേൽ പ്രവൃത്തികളിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി അടവാക്കുന്നതിന് നഗരസഭ നിർദ്ദേശിച്ചിരുന്നുവെങ്കിലും ബഹു.ഹൈക്കോടതിയുടെ WP(c)No.7212 Of 2023 താൽക്കാലിക ഉത്തരവ് പ്രകാരം അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി സംബന്ധിച്ച ബോണ്ട് ഹാജരാക്കുകയാണ് സ്ഥാപനം ചെയ്തിട്ടുള്ളത്. കലന്തർഷാ കൺസ്ട്രക്ഷൻസ് കരാറിലേർപ്പെട്ട മേൽ പ്രവൃത്തികൾ ടെണ്ടർ നടപടി സ്വീകരിച്ച് മറ്റു കരാറുകാർ മുഖേന നടപ്പാക്കിയതിൽ നഗരസഭയ്ക്ക് താഴെ കാണും പ്രകാരം അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

പട്ടിക-2

| ക്രമനം. | പ്രോജക്ടിന്റെ പേര് | Kalantharsha Agreed PAC | Risk & Cost Agreed PAC | Loss/ Profit | SD | Difference Amount To Be Recovered |
|---|---|---|---|---|---|---|
| 1 | പേരകം എ.യു.പി.എസ് സ്കൂൾ റോഡ് കാന നിർമ്മാണം | 34,63,186 | 34,22,668 | 40,518 (Profit) | 88,047 | 0 |
| 2 | സുനേന മന്നാൻ കുളം റോഡ് കാന നിർമ്മാണം | 22,39,379 | 23,70,612 | 1,31,233 (Loss) | 56,933 | 74,300 |
| 3 | നഗരസഭാ പരിധിയിലെ വിവിധ കാനകളുടെ നിർമ്മാണം | 19,94,639 | 25,17,282 | 5,22,643 (Loss) | 50,711 | 4,71,932 |
| 4 | ചാട്ടുകുളം ഉപ്പുതോട് കാന നിർമ്മാണം | 25,34,325 | 26,93,499 | 1,59,174 (Loss) | 64,432 | 94,742 |
| 5 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് കാന നിർമ്മാണം | 28,81,653 | 29,73,954 | 92,301 (Loss) | 73,262 | 19,039 |
| 6 | ഗാന്ധിനഗർ കാന നിർമ്മാണം | 26,61,527 | 33,43,643 | 6,82,116 (Loss) | 67,666 | 6,14,450 |
| 7 | മാവിൻചുവട് ഞാറങ്ങാട്ട് റോഡ് കൽവർട്ട്, കാന നിർമ്മാണം | 42,16,713 | 44,79,115 | 2,62,402 (Loss) | 1,07,205 | 1,55,197 |
| | Total | 1,99,91,422 | 2,18,00,773 | 18,49,869 (Loss) | 5,08,256 | 13,41,613 |

കലന്തർഷാ കൺസ്ട്രക്ഷൻസ് കരാറിലേർപ്പെട്ട മേൽ പ്രവൃത്തികളിൽ എഗ്രീഡ് പി.എ.സി.യെ അടിസ്ഥാനമാക്കി Risk & Cost കണക്കാക്കിയതനുസരിച്ച് 18,49,869 രൂപ നഗരസഭയ്ക്ക് അധികചെലവ്/നഷ്ടം ഉണ്ടായിട്ടുണ്ട്. കലന്തർഷാ കൺസ്ട്രക്ഷൻസ് നഗരസഭയിൽ ഒടുക്കിയ സ്ഥിര നിക്ഷേപ തുകയായ 5,08,256 രൂപ കുറവ് ചെയ്ത് ലഭിക്കുന്ന 13,41,613 രൂപ കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**2)** പ്രവൃത്തി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചതു മൂലം നഗരസഭയ്ക്കുണ്ടായ ബാധ്യത **79,34,539**രൂപ

അമൃത് 1.O പദ്ധതിയിൽ കലന്തർഷാ കൺസ്ട്രക്ഷൻസുമായി നഗരസഭ കരാറിലേർപ്പെട്ട കോട്ടപ്പടി-പള്ളിച്ചിറ കുളം, അയ്യപ്പൻ കുളം, മിച്ചഭൂമി കുളം നവീകരണം പ്രോജക്റ്റിൽ കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാതെ കലന്തർഷാ കൺസ്ട്രക്ഷൻസ് പ്രവൃത്തിയിൽ നിന്നും പിൻവാങ്ങി. കരാറിലേർപ്പെട്ടതു പ്രകാരം 2,07,98,048 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടായതിനാൽ കരാറുകാരന്റെ Risk & Cost ൽ ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നഗരസഭ തീരുമാനമെടുക്കുകയും ടെണ്ടർ തുകയായ 2,87,32,587 രൂപയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുന്നതിന് ശ്രീ. വിനോദ് കുമാർ എന്നയാളുമായി നഗരസഭ കരാറിലേർപ്പെടുകയും ചെയ്തു. ഇപ്രകാരം ടെണ്ടർ ചെയ്തതിൽ 79,34,539 രൂപ Risk & Cost കണക്കാക്കിയിട്ടുണ്ട്.

Risk & Cost ടെണ്ടറിലെ അധിക തുക തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകരിക്കുകയും, പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2116.1, 2116.2 എന്നിവ പ്രകാരം കലന്തർഷാ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതിനു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി 17.05.2024കൗൺസിൽ 17(17) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. നഗരസഭയ്ക്കുണ്ടായ ബാധ്യത റിക്കവറി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ, സ്ഥാപനത്തിനെതിരെ മറ്റു നിയമാനുസൃത നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

ഫയൽ പരിശോധിച്ചതിൽ നിന്നും ഫസ്റ്റ് പാർട്ട് ബിൽ റീടെൻഷൻ തുക 1,05,541 രൂപ, സെക്കൻഡ് പാർട്ട് ബിൽ റിടെൻഷൻ 38,988 രൂപ, TSBസെക്യൂരിറ്റി നിക്ഷേപമായ 4,30,000 രൂപ, ബാങ്ക് ഗ്യാരണ്ടി 4,30,000 രൂപ, മൂന്നാമത്തെ പാർട്ട്ബിൽ തുക 25,31,365 രൂപ എന്നിങ്ങനെ തുകകൾ നഗരസഭാ അക്കൗണ്ടിലേക്ക് റിക്കവറി നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് ഓഫീസ് കുറിപ്പുകൾ എഴുതിയതായി ഫയലിൽ രേഖപ്പെടുത്തി കണ്ടു. ഈ തുകകൾ റിക്കവറി നടത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ 35,35,894 രൂപ Risk & Costലേക്ക് ക്രമീകരിക്കാൻ സാധിക്കുമായിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116.2.1ലെ വ്യവസ്ഥയ്ക്ക് ഭേദഗതി വരുത്തി 06.09.2024 ന് സ.ഉ.(എം.എസ്)നം.45/2024/PWD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കരാറുകാരൻ പൂർത്തീകരിക്കാൻ ബാക്കിയാക്കിയ പ്രവൃത്തികളുടെ 30% തുക പ്രവൃത്തിയുടെ നഷ്ടോത്തരവാദ തുകയായി നിർണ്ണയിച്ച് പിടിച്ച് വയ്ക്കുന്നതിനും, മറ്റൊരു കരാറുകാരൻ മുഖേന പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഐറ്റം നിരക്കിൽ ഇരുവരും ക്വാട്ട് ചെയ്തതിന്റെ വ്യത്യാസം കണക്കാക്കി ഓരോ ഇനത്തിലും ചെയ്ത പ്രവൃത്തിയുടെ അളവിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് ഈടാക്കുന്നതിനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Risk & Cost ടെണ്ടർ വഴി പ്രവൃത്തി നടപ്പാക്കിയതു മൂലം എഗ്രീഡ് പി.എ.സി. അടിസ്ഥാനമാക്കി നഷ്ടം നിർണ്ണയിക്കുമ്പോൾ 97,84,408 രൂപ അധികം തുക ക്വാട്ട് ചെയ്തതായി കാണാം. ഇത് യഥാർത്ഥ നഷ്ടമാകണമെന്നില്ല. നഗരസഭയ്ക്കുണ്ടായ യഥാർത്ഥ അധിക ബാധ്യത നിലവിലെ സർക്കാർ നിർദ്ദേശ പ്രകാരം കണക്കാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. ഇങ്ങനെ കണക്കാക്കിയ തുക റിക്കവറി നടത്തുന്നതിന് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, അംഗീകാരം ലഭ്യമാക്കിയ ശേഷം കരാറുകാരന് അനുവദിക്കാൻ ബാക്കിയുള്ള തുകയും, കരാറുകാരന്റെ നിക്ഷേപ തുകയും ക്രമീകരിക്കുന്നതിനും ബാക്കി തുക ലഭിക്കാനുണ്ടെങ്കിൽ നിയമാനുസൃത നടപടികളിലൂടെ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് നഷ്ടതുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 18/21.02.2026)

**1-23 ജനറൽ പർപ്പസ് ഫണ്ട് - ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം നഗരസഭക്ക് ഒരു ഗഡു നഷ്ടപ്പെട്ടു**

ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റുകൾ പ്രകാരം അനുവദിച്ച തുക, ട്രഷറി റ്റിഎസ് ബി പാസ് ബുക്ക്, വാർഷികധനകാര്യപത്രിക എന്നിവ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് | അനുവദിച്ച തുക | ട്രഷറിയിൽ ക്രെഡിറ്റ് ആയ തീയതി | റിമാർക്സ് |
|---|---|---|---|
| സ.ഉ (സാധാ) നം.3970/2024/ ധന/09.05.24 | 40,15,300 | 19.06.2024 | ഒന്നാം ഗഡുവായി ആകെ അനുവദിച്ച 40,15,300 രൂപ 19.06.2024 തീയതിയിൽ ട്രഷറിയിൽ ക്രെഡിറ്റ് ആയി. സർക്കാർ നിർദ്ദേശപ്രകാരം ആയതിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പള ചെലവിനത്തിൽ 22.07.2024 തീയതിയിൽ അടവാക്കിയ 12,44,396 രൂപ (വൗച്ചർ നമ്പർ P-M080100-24000394/20.07.2024) കുറച്ചുള്ള |

| | | | |
|---|---|---|---|
| | | | 27,71,904 രൂപയാണ് യഥാർത്ഥത്തിൽ അർഹമായ തുക. |
| സ.ഉ (സാധാ) നം.4904/2024/ ധന/21.06.24 | 27,71,904 | 10.09.2024 | രണ്ടാം ഗഡു |
| സ.ഉ (സാധാ) നം.5493/2024/ ധന/12.07.24 | 55,43,808 | 11.09.2024 | 3rd & 4th ഗഡു |
| സ.ഉ (സാധാ) നം.6162/2024/ ധന/12.08.24 | 27,71,904 | 10.09.2024 | അഞ്ചാം ഗഡു |
| സ.ഉ (സാധാ) നം. 8349/2024/ ധന/11.11.24 | 27,71,904 | 30.11.2024 | ആറാം ഗഡു |
| സ.ഉ (സാധാ) നം. 9640/2024/ ധന/ 30.12.24 | 27,71,904 | 13.01.2025 | ഏഴാം ഗഡു |
| സ.ഉ (സാധാ) നം. 342/2025/ ധന/13.01.25 | 27,71,904 | 10.02.2025 | എട്ടാം ഗഡു |
| സ.ഉ (സാധാ) നം. 454/2025/ ധന/17.01.25 | 27,71,904 | 10.02.2025 | ഒൻപതാം ഗഡു |
| സ.ഉ (സാധാ) നം. 1306/2025/ ധന/12.02.25 | 27,71,904 | 22.02.2025 | പത്താം ഗഡു |
| സ.ഉ (സാധാ) നം. 2013/2025/ ധന/03.03.25 | 27,71,904 | 14.03.2025 | പതിനൊന്നാം ഗഡു |
| സ.ഉ (സാധാ) നം. 2866/2025/ ധന/22.03.25 | 27,72,304 | ക്രെഡിറ്റ് ആയിട്ടില്ല | പന്ത്രണ്ടാം ഗഡു |

നഗരസഭക്ക് ആകെ 3,45,06,644 രൂപ ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ അനുവദിച്ചുവെങ്കിലും ട്രഷറി റ്റിഎസ് ബി പാസ് ബുക്ക് പ്രകാരം വിവിധ തീയതികളിലായി വരവ് വെച്ചത് 3,17,34,340 രൂപ മാത്രമാണെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. യഥാസമയം ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാതിരുന്നതിനാലാണ് ആകെ അനുവദിച്ച പന്ത്രണ്ട് ഗഡുക്കളിൽ ഒരു ഗഡു (27,72,304 രൂപ) നഗരസഭക്ക് നഷ്ടപ്പെട്ടതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 33/23.02.2026) മറുപടി ലഭ്യമാക്കിയില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥ കാരണമാണ് അർഹമായ ഫണ്ടിൽ നിന്നും ഒരു ഗഡു തുക നഷ്ടപ്പെട്ടത്. ആയതിനാൽ നഗരസഭക്ക് നഷ്ടപ്പെട്ട 27,72,304 രൂപ ഇക്കാലയളവിലെ അക്കൌണ്ടന്റ്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി കണക്കാക്കി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**1-24 മുട്ടക്കോഴി വിതരണം- അധിക തുക നൽകി**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നമ്പർ/ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 531/25 മുട്ടക്കോഴി വിതരണം | വികസന ഫണ്ട് ജനറൽ | 2,58,000 | 2,58,000 | 1. J-M080100-24000523/11.03.2025 (66,600 രൂപ) 2.J- |

| | | | | | |
|---|---|---|---|---|---|
| | | | | | M080100-24000846/08.03.2025 |
| | | ഗുണഭോക്തൃവിഹിതം | 21,500 | 0 | (1,91,400 രൂപ) |

ഗ്രാമപഞ്ചായത്തിലെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 45 മുതൽ 60 ദിവസം വരെ പ്രായമുള്ള 5 കോഴികളെ വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അംഗീകൃത എഗ്ഗർ നഴ്സറി ആയ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറിയിൽ നിന്നാണ് മേൽ പ്രോജക്ടുകൾക്ക് വേണ്ടിയുള്ള കോഴികളെ വാങ്ങിയത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 429 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം (50 * 429 = 21,450) ഈടാക്കുകയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 5 എണ്ണം എന്ന കണക്കിൽ ആകെ 2,145 കോഴികളെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി ആകെ 2,150 കോഴികൾക്കുള്ള ഇൻവോയ്സ് ലഭ്യമാക്കുകയും ആയതനുസരിച്ച അത്രയും കോഴികളുടെ സബ്സിഡി വിഹിതമായ 2,58,000 രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. അതായത് 5 കോഴികളെ വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ലെന്നിരിക്കെ സ്ഥാപനത്തിന് 5 കോഴികളുടെ സബ്സിഡി വിഹിതമായ 600 രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക സ്ഥാപനത്തിന് നൽകിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 32/23.02.2026) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ 600 രൂപ സർക്കാരിലേക്ക് തിരിച്ചടക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. തുക സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സർക്കാർ ഉത്തരവ് പാലിക്കാതെ ഫർണിച്ചർ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ,പേര് -287/23, ഗുരുവായൂർ നഗരസഭയിലെ മൂന്നു മൃഗാശുപത്രികളിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേക്കും ഫർണിച്ചർ വാങ്ങൽ

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്-റോഡിതരം

അടങ്കൽ :1,32,420/-

ചെലവ്: 1,25,019/-

വൗച്ചർ നം :J-M080100-24000825/10.07.2024

മൃഗാശുപത്രികളിലേക്ക് സിഡ്കോയിൽ നിന്ന് നേരിട്ട് വിവിധ ഇനം ഫർണിച്ചർ വാങ്ങുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 147/2023/SPD Dated 16.12.2023 അനുബന്ധത്തിൽ സിഡ്കോയിൽ നിന്നും ടെൻഡർ നടപടികൾ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണീച്ചറുകളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റും അവയ്ക്ക് നൽകാവുന്ന പരമാവധി വിലയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ പറഞ്ഞിട്ടില്ലാത്ത ഉപകരണങ്ങൾ/ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനു സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ പ്രകാരം ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സിഡ്കോയ്ക്ക് പ്രസ്തുത ക്വട്ടേഷൻ/ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് മുഖേന സിഡ്കോയിൽ നിന്നും വാങ്ങിയ ഫർണിച്ചറുകൾ ഒന്നും തന്നെ മേൽ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപെട്ടിട്ടില്ല. വാങ്ങിയ ഫർണീച്ചറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. STEEL CABINET WITH GLASS DOOR 200*90*48 20G
2. STEEL CABINET WITH 4 SHELVES SIZE 195*90*48
3. TABLE MADE WITH PARTICLE BOARD SIZE 4' X 2'2 DRAW 2 CUPBOARD
4. REVOLVING CUSHION CHAIR
5. PLASTIC MOULDED ARMED CHAIR
6. TABLE MADE WITH PARTICLE BOARD SIZE 5'X 2.5'2 DRAWER 2 CUPBOARD

സർക്കാർ ഉത്തരവ് പാലിക്കാതെ പ്രസ്തുത ഫർണിച്ചറുകൾ നേരിട്ട് സിഡ്കോയിൽ നിന്ന് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 32/23.02.2026) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് സംബന്ധിച്ച അറിവില്ലായ്മ മൂലമാണ് ഇപ്രകാരം ഫർണിച്ചറുകൾ വാങ്ങിയതെന്നും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അക്രഡിറ്റെഡ് ഏജൻസികളിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് സാധനങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കോക്ലിയാർ ഇംപ്ലാൻറേഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പൂക്കോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ കോക്ലിയർ ഇംപ്ലാൻറേഷൻ & മെയിന്റനൻസ് (സ്പിൽ ഓവർ) (പ്രൊ.നം.271/25) എന്ന പ്രൊജക്ട് പ്രകാരം 50,000 രൂപ (വൗ.നം. J-M080100-24000388/ 13-05-2024) പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3301005800000015) കൈമാറിയിട്ടുണ്ട്. സാന്ദ്രാ ജോസ് പാറക്കൽ എന്ന ഗുണഭോക്താവിനു വേണ്ടിയാണ് തുക

കൈമാറിയിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 09-11-2023 ലെ സർക്കുലർ നം. ഡിഎ1/284/2023 പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് നൽകപ്പെടുന്ന തുക ഏതു കുട്ടിക്കുവേണ്ടിയാണോ തദ്ദേശസ്വയംഭരണ സ്ഥാപനം വകയിരുത്തിയിട്ടുള്ളത്, പ്രസ്തുത കുട്ടിയുടെ പരാമർശിക്കപ്പെട്ട ആവശ്യകതയിലേക്ക് വിനിയോഗിക്കേണ്ടതാണെന്നും തുക വിനിയോഗം സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം - 31/23-02-2026)

## 1-27 വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങൽ - തുക മുൻകൂർ നൽകിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല .

1. 2024-25 വർഷത്തിൽ മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം പൂക്കോട് നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമേ മരുന്നുകൾ ലഭ്യമായിട്ടുള്ളൂ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങൽ (99/25) | തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവിതശൈലി ക്ലിനിക്കിലേക്ക് മരുന്നുവാങ്ങൽ (100/25) | പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൽ (19/25) | പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവിത ശൈലിരോഗ ക്ലിനിക്കിലേക്ക് മരുന്നുവാങ്ങൽ (64/25) |
|---|---|---|---|---|
| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ -750000<br>മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് - 500000<br>ആകെ 1250000 | വികസന ഫണ്ട്-ജനറൽ -300000<br>മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് - 200000<br>ആകെ 500000 | മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 1550000 | വികസന ഫണ്ട്-ജനറൽ - 200000 |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | A. 93,045/- (PRF 3231/27.01.25)<br>B. 3,00,000/- (PRF 3946/01.03.25)<br>C. 7,00,000/- (PRF 3816/24.02.25)<br>ആകെ - 10,93,045 | A. 1,00,486/- (PRF 3434/03.02.25)<br>B. 3,00,000/- (PRF 3944/01.03.25)<br>ആകെ - 4,00,486 | A.3,50,000 (PRF 3386/01-02-2025)<br>B.8,00,000 (PRF 3445/04-02-2025)<br>ആകെ - 11,50,000 | A. 71,120 (PRF 3384/01.02.25)<br>ആകെ - 71,120 |
| വൗച്ചർ നം. തീയതി. | A. J-M080100-24000296/07.03.25<br>B. J-M080100-24000278/07.03.25<br>C. J-M080100-24000454/07.03.25 | A. J-M080100-24000279/07.03.25<br>B. J-M080100-24000719/07.03.25 | A.J-M080100- 24000708/07.03.25<br>B.J-M080100- 24000544/07.03.25 | A. J-M080100-24000603/07.03.25 |
| ലഭിച്ച മരുന്നുകളുടെ/ ഉപകര ണങ്ങളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | PRF 3231/ 27.01.25, 93045: 1987/19.09.25 – 30096; 2073/24.11.25 – 25370<br>ആകെ 55466<br>PRF 3946/ 01.03.25, 300000: 1988/19.09.25 – 182295<br>ആകെ 182295<br>PRF 3816/ 24.02.25, 700000: 247/26.04.25 – 33600; 873/10.06.25 – 6142; 984/17.06.25 – 19742; 1985/19.09.25 – 224774; 2512/24.11.25 – 70163<br>ആകെ 354421 | PRF 3434/ 03.02.25, 100486: 1986/ 19.09.25 – 51733<br>ആകെ 51733<br>PRF 3944/ 01.03.25, 300000: 1989/ 19.09.25 – 165124; 2645/ 05.12.25 – 43792<br>ആകെ 208916 | PRF 3386/01-02-2025, 350000: 1294/11.07.25 – 38624; 1848/26.08.25 – 42620; 1384/18.07.25 – 46735; 2206/18.10.25 – 13352; 2557/25.11.25 – 62373<br>ആകെ 203704<br>PRF 3445/04-02-2025, 800000: 562/22.05.25 – 56000; 921/16.06.25 – 14015; 1845/26.08.25 – 208510; 2385/15.11.25 – 57227<br>ആകെ 335752 | PRF 3384/ 01.02.25, 71120: 1844/ 26.08.25 – 28269; 2511/ 24.11.25 – 22250<br>ആകെ 50519 |
| ലഭിക്കാൻ അവശേ ഷിക്കുന്ന മരുന്നിന്റെ മൂല്യം | PRF 3231/ 27.01.25, 93045 – 37579<br>PRF 3946/ 01.03.25, 300000 – 117705<br>PRF 3816/ 24.02.25, 700000 – 345579<br>ആകെ 5,00,863 | PRF 3434/ 03.02.25, 100486 – 48753<br>PRF 3944/ 01.03.25, 300000 – 91084<br>ആകെ 1,39,837 | PRF 3386/01-02-2025, 350000 – 146296<br>PRF 3445/04-02-2025, 800000 – 464248<br>ആകെ 6,10,544 | PRF 3384/ 01.02.25, 71120 – 20601<br>ആകെ 20,601 |

2. ആയുഷ് ഹോമിയോ ഡിസ്പെൻസറി പൂക്കോട്, ആയുഷ് ഹോമിയോ ഡിസ്പെൻസറി ഗുരുവായൂർ എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് പൂക്കോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ഹോംകോ യ്ക്ക്

മുൻകൂർ തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ (പ്രൊ.നം.104/25) |
| വകയിരുത്തിയ തുക | 8,00,000 (വികസന ഫണ്ട്- ജനറൽ- 500000, മെയിന്റൻസ് ഫണ്ട് (നോൺ റോഡ്)- 300000 |
| ചെലവഴിച്ച തുക | 800000 |
| വൗച്ചർ നം./തീയതി, തുക | J-M080100-24000369/14-11-24, 300000<br>J-M080100-24000612/17-12-24, 50000<br>J-M080100-24000662/17-12-24, 450000 |

എന്നാൽ മുൻകൂർ കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ നാളിതു വരെ പൂർണ്ണമായും ലഭ്യമായിട്ടില്ല. ലഭ്യമായതും ലഭ്യമാകാനുള്ളതുമായ മരുന്നുകളുടെ മൂല്യം താഴെ ചേർക്കുന്നു.

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി, വില | ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് നം./ തീയതി, വില | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|
| APHC, പൂക്കോട് | PF-158/08-08-2024, 3,50,000 | LF 3159/30-03-25, 181990<br>LF 351/05-06-25, 79629<br>LF 2069/31-10-25, 61037<br>LF 2500/22-11-25, 6259<br>LF 2981/15-12-25, 6205<br>ആകെ - 3,35,120 | 14,880 |
| APHC, ഗുരുവായൂർ | PF-197/19-08-2024, 4,50,000 | LF 3065/22-03-25, 214989<br>LF 816/16-07-25, 151733<br>LF 2350/15-11-25, 56066<br>LF 3119/22-12-25, 17040<br>ആകെ - 439828 | 10,172 |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-28 പാൽപുഞ്ചിരി -കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകൽ- അധിക തുക നൽകിയത് തിരികെ ഈടാക്കിയത് സഞ്ചിത നിധിയിൽ അടവാക്കിയിട്ടില്ല**

ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. നടപ്പാക്കിയ പാൽപുഞ്ചിരി (പ്രൊ.നം.14/25) എന്ന പ്രൊജക്ട് പ്രകാരം മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള സർക്കാർ യു.പി.സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകിയിട്ടുണ്ട്. മേൽ പ്രൊജക്ടിനായി വികസന ഫണ്ടിൽ നിന്നും 4,66,143 രൂപ (വൗ.നം. J-M080100-24000381/18-03-2025) ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ ജനുവരി 2025 ന് വിതരണം ചെയ്ത പ്രഭാതഭക്ഷണത്തിന്റെ വിലയായി 2,26,203 രൂപ കൃഷ്ണ കുടുംബശ്രീ, ഗുരുവായൂർ നഗരസഭ വാർഡ് 21, NHG-124 എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 110134836192) നൽകിയിട്ടുണ്ട്. സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം (നം.126/07-02-2025) നൽകേണ്ടിയിരുന്ന തുക 2,22,203 രൂപയാണ്. അർഹമായതിലുമധികം തുക നൽകിയതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/20-02-2026) മറുപടിയായി കണക്കുകൂട്ടലിൽ വന്ന പിശക് മൂലമാണ് അധികതുകനൽകാൻ ഇടയായതെന്നും അധികം നൽകിയ തുകയായ 4000 രൂപ 21-02-2026 ന് R-M080100-25041869 എന്ന രസീത് പ്രകാരം മുനിസിപ്പാലിറ്റിയിൽ അടവാക്കിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മേൽ തുക സഞ്ചിത നിധിയിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-29 മുനിസിപ്പൽ പെൻഷൻ ഫണ്ട് സൂക്ഷിപ്പിലെ അപാകങ്ങൾ**

നഗരസഭയിലെ പെൻഷൻ ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

ചേർക്കുന്നു.

1)സെൻട്രൽ പെൻഷൻ ഫണ്ട്- ചട്ടപ്രകാരം ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മുൻസിപ്പൽ സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുൻസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ പെൻഷൻ വിതരണത്തിനായി ഇത്തരത്തിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല.

2) മേൽ ചട്ടം 9, ഉപചട്ടം 4 പ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് അലോട്ട് ചെയ്തിട്ടുള്ള പെൻഷൻകാർക്ക് തുടർന്ന് പെൻഷൻ നൽകുന്നതിന് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതും എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിനു മുൻപ് ആവശ്യമായ തുക അനുവദിക്കുന്നതിന് സെക്രട്ടറി പെൻഷനർമാരുടെ പട്ടിക സഹിതം ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതും ഡയറക്ടർ മാർച്ച് 31 നകം തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് സെക്രട്ടറിയ്ക്ക് അനുവദിച്ച് നൽകേണ്ടതും സെക്രട്ടറി ഈ തുക മുൻസിപ്പൽ പെൻഷൻ ഫണ്ടിനായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ അനുവദിക്കേണ്ടതുമാണ്. എന്നാൽ നിലവിൽ മുനിസിപ്പാലിറ്റിയിൽ പെൻഷൻ അനുവദിക്കുന്നത് നഗര സഭയുടെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നാണ്. സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി പെൻഷൻ വിതരണത്തിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ച് പെൻഷൻ പ്രസ്തുത അക്കൗണ്ടിലൂടെ മാത്രം വിതരണം ചെയ്യേണ്ടതുമാണ്.

3) 04.03.2016 സർക്കാർ ഉത്തരവ് എം.എസ് 49/2016 /തസ്വഭവ പ്രകാരം നഗരസഭാ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനു ആവശ്യമായ തുക നഗരസഭക്ക് നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ഈ ആവശ്യത്തിന് ചെലവഴിച്ച തുകയുടെ കണക്ക് നഗര സഭ സൂക്ഷിച്ചിട്ടില്ല.

4)പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ചട്ടം 11(4) പ്രകാരം സൂക്ഷിക്കേണ്ട പെൻഷൻ രജിസ്റ്റർ, പെൻഷൻ പെയ്മെന്റ് ഓർഡർ രജിസ്റ്റർ, പെൻഷൻ വിതരണ രജിസ്റ്റർ തുടങ്ങിയവ നിലവിൽ കെ-സ്മാർട്ട് ആയതിനാൽ സൂക്ഷിക്കുന്നില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിന് (01/13-02-2026) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

*5)* നിലവിൽ കെ-സ്മാർട്ടിലാണ് പുതുതായി പെൻഷൻ ലഭിക്കുന്ന ആളുകളുടെ ഡാറ്റാ സൂക്ഷിക്കുന്നതെന്നും വെരിഫിക്കേഷൻ റിപ്പോർട്ട് നിലവിൽ ഓരോ പെൻഷണർമാരുടെയും കെ-സ്മാർട്ട് ഫയലിൽ അറ്റാച്ച് ചെയ്ത് സൂക്ഷിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-30 കിലുക്കാംപെട്ടി-അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങളും ഫർണ്ണീച്ചറും വാങ്ങൽ പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ

കിലുക്കാംപെട്ടി-അങ്കണവാടി കുട്ടികൾക്ക് കളിയുപകരണങ്ങളും ഫർണ്ണീച്ചറും വാങ്ങൽ

പ്രോജക്റ്റ് നമ്പർ-280/25(സ്പിൽ ഓവർ)

അടങ്കൽ-3,00,000(വികസനഫണ്ട് ജനറൽ)

ചെലവ്-3,00,000
(വൗച്ചർ നമ്പർ-JM80100-2400817/16.12.2024)

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ആർട്ട്കോ ലിമിറ്റഡിന്റെ ഇൻവോയ്സ് നമ്പർ PKD336/22.03.24പ്രകാരം 3,00,000 രൂപ ചെലവഴിച്ച് വാങ്ങിയ ഫർണ്ണീച്ചറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫർണ്ണീച്ചറിന്റെ വിശദാംശങ്ങൾ, 1 യൂണിറ്റിന്റെ വില യും എണ്ണവും | തുക |
|---|---|---|
| 1 | KD2-K1 DS Chair(HSNcode9403 ), 160@436.6(18% ജി എസ് റ്റി ഉൾപ്പടെ) | 69856 |
| | St.9928-MOON TABLEchild ActivityTable Multi Purpose Colourful Table Leg And Antiskid Rubber Bush Attached Simple Portable Activity Table Top Should Be Fine And Smooth No Sharp Edges Multi Colour Students Study Material Full Of Protected Edges On The Top Of The Table3 32@7198((18% ജി എസ് റ്റി ഉൾപ്പടെ) | 230336 |

ജി.ഒ(ആർ.ടി) നമ്പർ-30/24/SPD/07.3.2024 ഉത്തരവ് പ്രകാരമാണ് ആർട്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാനുവലിലെ മറ്റ് മാർഗ്ഗങ്ങൾ വാങ്ങൽ നടപടികളിൽ സ്വീകരിയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ

ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം അനുബന്ധമായ പ്രൈസ് ലിസ്റ്റ് പ്രകാരമുള്ള ഇനങ്ങളാണ് നേരിട്ട് വാങ്ങലുകൾ നടത്താവുന്നത്. ആയതിനാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർട്ട്കോയിൽ നിന്നും നേരിട്ടു വാങ്ങിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. പ്രസ്തുത ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്ത് ഓരോ അങ്കണവാടികൾക്കും പ്രത്യേകം എത്രവീതം വിതരണം ചെയ്തുവെന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾ ജെം ലൂടെയോ, ടെണ്ടർ മുഖേനയോ നടത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-17/25/തീയതി-21.02.2026

## 1-31 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും നമ്പരും,തുക, വൗച്ചർ നമ്പർ/തീയതി | തുക നല്കിയ സ്ഥാപനം |
|---|---|---|
| 1 | വയോമിത്രം (207/25)<br>10,00,000<br>J-M080100-240005/18.12.2024 | കേരള സാമൂഹ്യ സുരക്ഷാമിഷൻ,<br>തിരുവനന്തപുരം |
| 2 | ഐ കെ എം വിഹിതം നല്കൽ (109/25)<br>3,08,278<br>J-M080100-24000683/18.12.2024 | എക്സിക്യൂട്ടീവ് ഡയറക്ടർ,<br>ഇൻഫോർമേഷൻ കേരള മിഷൻ |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/25 തീയതി - 21/2/2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-32 അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം മുഴുവനും ചെലവാക്കിയിട്ടില്ല

മുനിസിപ്പാലിറ്റിയിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി 2024-25 വർഷം ലഭിച്ച 24,25,454 രൂപ ഉൾപ്പടെ സാമ്പത്തിക വർഷാവസാനത്തിൽ 43,69,923 നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ലായെങ്കിൽ ബാക്കി നിൽക്കുന്ന തുക ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് General Finance Rules 2017 Rule 230 (8) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/ സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി നിലവിൽ ലഭിക്കുന്ന 60% തുകയും പുതിയ പ്രോജക്ടിലുൾപ്പെടുത്താതിരിയ്ക്കുകയും ഉൾപ്പെടുത്തിയ വിഹിതം ചെലവഴിക്കാത്തതും മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായിട്ടുള്ളത്. മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ മതിയായ തുക കേന്ദ്രവിഹിതമായി വകയിരുത്തി തുക ചെലവഴിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ട സാഹചര്യം വരാൻ സാധ്യതയുണ്ട്.

ഇപ്രകാരം കേന്ദ്ര വിഹിതം ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയില്ല.പ്രസ്തുത ഫണ്ട് ഉചിതമായ രീതിയിൽ ചെലവഴിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -11/25തീയതി -20/02/2026

## 1-33 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥ – പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയുടെ ഡി.പി.ആർ. രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1,2,3 ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 1 മുതൽ 10 വരെയുള്ള ഡി.പി.ആർ.കളിലെ ഗുണഭോക്താക്കളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ. നം | ഡിപിആർ ക്രമ നമ്പർ | ഡിവിഷൻ നം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനത്തെ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|---|
| 1 | സരസ്വതി പൊന്നരാശ്ശേരി | 1 | 165 | 14 | 150000 | 15.02.19 |
| 2 | കമലാവതി, പയ്യപ്പാട്ട് പാലുവായ് | 1 | 182 | 9 | 150000 | 13.09.18 |
| 3 | ലീല ചക്കാരത്ത്, കാവീട് | 1 | 229 | 42 | 360000 | 03.06.20 |
| 4 | ശാന്തകുമാരി മണത്തല | 1 | 236 | 40 | 30000 | 05.10.18 |
| 5 | ശങ്കരി, നീലയൂർ | 1 | 250 | 26 | 30000 | 02.04.19 |
| 6 | ലീല, ചന്തുരുത്തിൽ | 1 | 251 | 40 | 360000 | 03.06.20 |
| 7 | സജിനി ഇരുപ്പശ്ശേരി | 1 | 279 | 42 | 360000 | 13.03.20 |
| 8 | പ്രജീഷ കോവിൽ | 1 | 281 | 30 | 40000 | 05.12.19 |
| 9 | പത്മിനി പെരുമ്പിള്ളിശ്ശേരി | 2 | 30 | 4 | 360000 | 17.07.25 |
| 10 | ഹസീന കല്ലിങ്ങൽ ചക്കംകണ്ടം | 2 | 63 | 11 | 360000 | 06.01.21 |
| 11 | ബേബി വടശ്ശേരി | 2 | 66 | 9 | 30000 | 26.06.18 |
| 12 | മണി വട്ടേക്കാട് തമ്പുരാൻപടി | 2 | 71 | 42 | 150000 | 18.12.18 |
| 13 | സുനിത പല്ലാറ | 2 | 84 | 34 | 360000 | 18.09.21 |
| 14 | കമലം വെട്ടിയാറ | 2 | 87 | 21 | 360000 | 13.08.25 |
| 15 | സുമി തൊമ്മിൽ | 2 | 88 | 5 | 200000 | 23.07.20 |
| 16 | നസിറ നവക്കോട് | 2 | 96 | 11 | 30000 | 26.03.19 |
| 17 | മീനാക്ഷി കൊരണത്ത് | 3 | 39 | 19 | 30000 | 14.06.18 |
| 18 | ബേബി താഴിശ്ശേരി | 3 | 40 | 9 | 360000 | 02.07.20 |
| 19 | രുഗ്മിണി ചക്കണ്ട | 3 | 52 | 9 | 30000 | 26.06.18 |
| 20 | രാധ പൂവ്വത്ത് മുതുവട്ടൂർ | 3 | 57 | 22 | 30000 | 05.10.18 |
| 21 | ലത കുണ്ട് വീട് വാഴപ്പുള്ളി പേരകം | 3 | 99 | 40 | 30000 | 22.11.18 |
| 22 | ശാരദ മാത്രംക്കോട്ട് | 3 | 102 | 32 | 360000 | 06.01.21 |
| 23 | ലീല പുലിയേടത്ത് | 3 | 113 | 43 | 200000 | 16.06.20 |
| 24 | സതി തറയിൽ | 3 | 114 | 43 | 190000 | 10.08.20 |
| 25 | രാധാകൃഷ്ണൻ കരുമത്തിൽ | 3 | 139 | 9 | 360000 | 23.09.21 |
| 26 | ശശി.കെ.എസ്. കോറോത്ത് | 4 | 36 | 7 | 40000 | 18.05.19 |
| 27 | ദിനിത സുധീഷ് പാറത്തിൽ | 4 | 59 | 3 | 360000 | 2.07.20 |
| 28 | പത്മാക്ഷൻ കെ.ബി. കറുത്തേടത്ത് | 4 | 66 | 11 | 360000 | 20.07.19 |
| 29 | സുജിത്ത് പുതുശ്ശേരി | 4 | 110 | 4 | 360000 | 14.09.20 |

| | | | | | | |
|---|---|---|---|---|---|---|
| | തറയിൽ | | | | | |
| 30 | ഐഷ മേക്കാണ്ടാണത്ത് | 4 | 119 | 43 | 360000 | 02.07.20 |
| 31 | സുജിത രൺദീർ മാക്കാലിക്കൽ | 4 | 122 | 3 | 200000 | 17.02.20 |
| 32 | കുട്ടൻ കൊഴക്കി | 4 | 123 | 3 | 40000 | 18.05.19 |
| 33 | കല കാത്തോളി | 4 | 129 | 4 | 360000 | 15.09.20 |
| 34 | പുഷ്പ പുത്തിയിൽ | 4 | 133 | 43 | 360000 | 02.07.20 |
| 35 | സുമ സുധാകരൻ തറമ്മൽ | 4 | 169 | 9 | 200000 | 01.02.25 |
| 36 | അശോകൻ കുന്നംപുറത്ത് | 4 | 171 | 15 | 360000 | 24.12.19 |
| 37 | മിനി അമ്പലത്തിങ്കൽ | 4 | 176 | 11 | 360000 | 16.08.21 |
| 38 | നീതു ഷൈജു ഏങ്ങടി | 4 | 183 | 10 | 200000 | 06.11.19 |
| 39 | ശോഭന ഉണ്ണികൃഷ്ണൻ | 4 | 190 | 35 | 360000 | 24.12.19 |
| 40 | വള്ളിയമ്മു കുറുവായിപറമ്പിൽ | 4 | 206 | 43 | 360000 | 10.08.20 |
| 41 | ഷീബ സജീഷ് നരിയംമ്പുള്ളി | 4 | 209 | 2 | 360000 | 10.01.20 |
| 42 | ലീല കെ.എ. കോറോട്ട് | 4 | 214 | 28 | 360000 | 09.10.20 |
| 43 | ഭവാനി ബാലൻ വലേങ്ങര | 4 | 228 | 16 | 360000 | 09.10.20 |
| 44 | അഫ്സത്ത് ജലീൽ രായ്മരയ്ക്കാർ | 4 | 229 | 2 | 360000 | 12.06.20 |
| 45 | മണി കൊലാഴിപറമ്പിൽ | 4 | 241 | 35 | 360000 | 14.02.21 |
| 46 | മിനി ഉദയകുമാർ തൈവള്ളപ്പിൽ | 4 | 252 | 4 | 360000 | 06.01.21 |
| 47 | സുജാത ശ്രീനിവാസൻ പാന്തറയിൽ | 4 | 259 | 43 | 360000 | 02.07.20 |
| 48 | രാജി ഗോപിനായർ വിളക്കത്തല | 4 | 263 | 7 | 360000 | 03.06.20 |
| 49 | ബിജോയ് പനയ്ക്കൽ | 4 | 264 | 3 | 360000 | 03.06.20 |
| 50 | പ്രജിത അഭിലാഷ് നല്ലേപ്പുള്ളിപറമ്പ് | 4 | 266 | 3 | 360000 | 27.02.21 |
| 51 | ചന്ദ്രിക തുപ്പത്ത് | 4 | 272 | 7 | 360000 | 17.04.21 |
| 52 | അജില ബാബു നല്ലോർപ്പുള്ളി | 4 | 283 | 3 | 360000 | 17.04.21 |
| 53 | ലത സുബ്രമണ്യൻ കൊഴക്കിയിൽ | 4 | 287 | 34 | 360000 | 25.03.21 |
| 54 | രുഗ്മിണി മാമരക്കാട്ട് | 4 | 301 | 9 | 200000 | 13.03.20 |
| 55 | നസീമ നാസർ വലിയകത്ത് | 4 | 315 | 10 | 200000 | 09.07.21 |
| 56 | ഹരിത മുക്കിടി | 4 | 317 | 30 | 360000 | 23.09.21 |

| | | | | | | |
|---|---|---|---|---|---|---|
| 57 | വത്സല കന്തസ്വാമി ചക്കംകണ്ടം | 4 | 321 | 11 | 360000 | 04.01.22 |
| 58 | പ്രസന്ന എം.എസ്. കോലംപുറത്ത് | 4 | 325 | 11 | 40000 | 28.05.20 |
| 59 | രാധ ചിറ്റംപുറത്ത് | 4 | 326 | 11 | 40000 | 20.06.19 |
| 60 | ഉഷ ഇരുപ്പശ്ശേരി | 4 | 342 | 42 | 360000 | 27.12.22 |
| 61 | ദിവ്യ ബിനീഷ് തൊമ്മിൽ | 4 | 349 | 6 | 200000 | 10.03.25 |
| 62 | മിനി പുന്നത്തൂർ | 4 | 371 | 30 | 40000 | 04.09.19 |
| 63 | ഇന്ദുലാൽ കുറുവായ്പറമ്പിൽ | 4 | 373 | 43 | 200000 | 13.03.20 |
| 64 | വിലാസിനി നരിയംപുള്ളി | 4 | 380 | 2 | 360000 | 01.12.20 |
| 65 | മനില തൈവള്ളപ്പിൽ | 4 | 384 | 4 | 40000 | 03.09.19 |
| 66 | സുബ്രമണ്യൻ പി.കെ. പാരത്തി | 4 | 396 | 6 | 360000 | 23.09.21 |
| 67 | ഗീത കാക്കഞ്ചേരി | 4 | 397 | 30 | 360000 | 12.06.20 |
| 68 | തങ്കമോൾ ചങ്ങലംകോടത്ത് | 4 | 399 | 42 | 360000 | 31.12.20 |
| 69 | കമല്യ കെ.കെ. കൊഴപ്പാട്ടുവളപ്പിൽ | 4 | 418 | 10 | 360000 | 17.08.21 |
| 70 | തങ്കമണി കുണ്ട് പേരകം | 4 | 421 | 40 | 360000 | 10.08.20 |
| 71 | സുശീല പോഴംകണ്ടത്ത് | 4 | 422 | 30 | 40000 | 13.03.20 |
| 72 | കുഞ്ഞിമോൾ ഇരുപ്പാശ്ശേരി | 4 | 427 | 42 | 360000 | 28.10.21 |
| 73 | ബിന്ദു ഹരിദാസ് പെരിങ്ങാട്ട് | 4 | 429 | 43 | 360000 | 25.01.21 |
| 74 | സ്മിത കാക്കശ്ശേരി | 4 | 439 | 12 | 360000 | 27.12.22 |
| 75 | ജിനി അരീക്കര | 4 | 440 | 8 | 360000 | 04.01.22 |
| 76 | ഭാരതി മതിലിൽ വീട് | 4 | 441 | 38 | 40000 | 04.01.22 |
| 77 | രവി കൊഴക്കി | 4 | 442 | 16 | 360000 | 27.12.22 |
| 78 | ശ്രുതി മണികണ്ഠൻ ഏങ്ങടി | 4 | 445 | 25 | 40000 | 09.07.21 |
| 79 | രമണി കണ്ടംപുള്ളി | 4 | 446 | 26 | 200000 | 11.02.2023 |
| 80 | ലളിത ഇരിങ്ങപ്പുറം | 5 | 1 | 6 | 40000 | 14.02.21 |
| 81 | മാളുകുട്ടി തൈക്കാട് | 5 | 10 | 6 | 40000 | 27.02.21 |
| 82 | ബാലൻ കോട്ടപ്പടി | 5 | 18 | 35 | 360000 | 04.01.22 |
| 83 | മാലതി തൊഴിയൂർ | 5 | 19 | 1 | 360000 | 28.05.22 |
| 84 | അഖില ഉണ്ണികൃഷ്ണൻ കാവീട് | 5 | 21 | 43 | 360000 | 07.11.25 |
| 85 | ചന്ദ്രിക പിള്ളക്കാട് | 5 | 23 | 2 | 360000 | 13.01.23 |
| 86 | ഷംസുദ്ദീൻ ചക്കംകണ്ടം | 5 | 28 | 11 | 360000 | 31.03.23 |
| 87 | അഞ്ജു ഇരിങ്ങപ്പുറം | 5 | 47 | 30 | 360000 | 28.10.21 |

| | | | | | | |
|---|---|---|---|---|---|---|
| 88 | ഫാത്തിമ പാലുവായ് | 5 | 56 | 10 | 360000 | 23.09.21 |
| 89 | നസീറ ഗുരുവായൂർ | 5 | 73 | 19 | 360000 | 16.09.25 |
| 90 | സുധീഷ് പിള്ളക്കാട് | 5 | 77 | 2 | 360000 | 13.01.23 |
| 91 | ചന്ദ്രമതി വൈലത്തൂർ | 5 | 83 | 43 | 200000 | 30.03.23 |
| 92 | ബേബി കോട്ടപ്പടി | 5 | 93 | 33 | 360000 | 28.05.22 |
| 93 | ഖാലിദ് കോട്ടപ്പടി | 5 | 98 | 30 | 360000 | 04.01.22 |
| 94 | സരോജിനി പേരകം | 5 | 99 | 39 | 40000 | 02.04.22 |
| 95 | സുഭാഷ് മുക്കിടിപറമ്പിൽ | 5 | 102 | 30 | 360000 | 26.07.23 |
| 96 | സുജികുമാർ തൈക്കാട് | 6 | 5 | 25 | 360000 | 30.01.23 |
| 97 | താഹിറ ഇരിങ്ങപ്പുറം | 6 | 13 | 5 | 40000 | 02.03.22 |
| 98 | ഗോപി നെന്മിനി | 6 | 15 | 6 | 40000 | 21.03.22 |
| 99 | കണ്ടുണ്ണി തൈക്കാട് | 6 | 23 | 24 | 40000 | 02.03.22 |
| 100 | ദേവൻ ഇരിങ്ങപ്പുറം | 6 | 30 | 4 | 360000 | 27.10.23 |
| 101 | ആമിന തൊഴിയൂർ | 6 | 34 | 1 | 200000 | 30.01.23 |
| 102 | പ്രേമ ലാസർ കാവീട് | 6 | 41 | 43 | 360000 | 06.02.23 |
| 103 | ഫാത്തിമ ചൊവ്വല്ലൂർപ്പടി | 6 | 50 | 6 | 40000 | 02.03.22 |
| 104 | ലളിത പേരകം | 6 | 53 | 40 | 360000 | 31.03.23 |
| 105 | കല്പന ഇരിങ്ങപ്പുറം | 6 | 54 | 30 | 200000 | 11.11.25 |
| 106 | അംബിക കോട്ടപ്പടി | 6 | 67 | 37 | 40000 | 19.02.22 |
| 107 | കല്യാണി കാവീട് | 6 | 76 | 43 | 360000 | 02.02.23 |
| 108 | ശ്രീജ ഇരിങ്ങപ്പുറം | 6 | 78 | 30 | 200000 | 30.03.23 |
| 109 | റീന തിരുവെങ്കിടം | 6 | 91 | 27 | 40000 | 21.03.22 |
| 110 | ദിവ്യ താമരയൂർ | 6 | 97 | 38 | 40000 | 21.03.22 |
| 111 | ശോഭ പുത്തംപല്ലി | 6 | 101 | 31 | 360000 | 30.03.23 |
| 112 | കമലാക്ഷി തൈക്കാട് | 6 | 102 | 24 | 360000 | 02.02.23 |
| 113 | ബിനീഷ് ചക്കംകണ്ടം | 6 | 113 | 20 | 40000 | 26.04.22 |
| 114 | അജിത കാവീട് | 6 | 120 | 43 | 360000 | 30.01.23 |
| 115 | പത്മിനി തൊഴിയൂർ | 6 | 125 | 2 | 200000 | 31.03.23 |
| 116 | നൗഷജ ഇരിങ്ങപ്പുറം | 6 | 129 | 5 | 200000 | 31.03.23 |
| 117 | ഭാർഗ്ഗവി തൊഴിയൂർ | 6 | 130 | 2 | 200000 | 10.09.25 |
| 118 | ഗീത കാവീട് | 6 | 134 | 43 | 360000 | 31.03.23 |
| 119 | മിനി താമരയൂർ | 6 | 135 | 38 | 360000 | 31.03.23 |
| 120 | ടൈജി പേരകം | 6 | 148 | 40 | 360000 | 30.03.23 |
| 121 | ഷാനിറ പേരകം | 6 | 152 | 40 | 200000 | 18.02.26 |
| 122 | ബിന്ദു രാജൻ പാലുവായ് | 6 | 154 | 21 | 40000 | 26.03.22 |
| 123 | റിൻഷ പേരകം | 6 | 155 | 40 | 40000 | 02.04.22 |
| 124 | സുഹറ കോട്ടപ്പടി | 6 | 157 | 32 | 40000 | 02.04.22 |
| 125 | അമ്മിണി കോട്ടപ്പടി | 6 | 165 | 3 | 200000 | 15.03.25 |

| | | | | | | |
|---|---|---|---|---|---|---|
| 126 | ഹസീന പേരകം | 6 | 170 | 43 | 280000 | 21.02.26 |
| 127 | ലീല പൊലിയേടത്ത് | 6 | 178 | 14 | 40000 | 26.03.22 |
| 128 | ദിവ്യ പേരകം | 6 | 192 | 40 | 40000 | 28.06.22 |
| 129 | ശ്രീനിവാസൻ പാലുവായ് | 6 | 195 | 21 | 40000 | 01.09.22 |
| 130 | ബിന്ദു പേരകം | 6 | 197 | 40 | 40000 | 23.03.23 |
| 131 | വിപികുമാർ എടപ്പുള്ളി | 6 | 202 | 13 | 40000 | 04.03.23 |
| 132 | മണികമ്ഠൻ പുന്ന,അപ്ലാനത്ത് | 6 | 203 | 20 | 280000 | 07.02.24 |
| 133 | ബിജു പള്ളാറ, കാവീട് | 6 | 204 | 39 | 40000 | 20.09.23 |
| 134 | ദേവയാനി ബ്രഹ്മകുളം | 7 | 5 | 7 | 360000 | 10.09.25 |
| 135 | അശ്വതി പുത്തംപല്ലി | 7 | 19 | 31 | 40000 | 20.01.23 |
| 136 | ശേഖരൻ ചക്കംകണ്ടം | 7 | 21 | 21 | 40000 | 20.01.23 |
| 137 | സന്തോഷ് കപ്പിയൂർ | 7 | 25 | 42 | 40000 | 20.01.23 |
| 138 | സരസ്വതി ഇരിങ്ങപ്പുറം | 7 | 28 | 4 | 40000 | 20.01.23 |
| 139 | രജനി പാലുവായ് | 7 | 39 | 8 | 40000 | 11.02.23 |
| 140 | രമണി കാവീട് | 7 | 56 | 41 | 40000 | 12.04.23 |
| 141 | വിനോദിനി വെള്ളരിക്കാട്ട് | 7 | 62 | 30 | 40000 | 25.10.23 |
| 142 | രജുല തെരുവത്ത് | 7 | 63 | 4 | 360000 | 17.12.24 |
| 143 | പുഷ്പാർജ്ജിനി കോട്ടപ്പടി | 7 | 66 | 3 | 200000 | 04.10.24 |
| 144 | ലീല ചുമനപറമ്പിൽ, ഗുരുവായൂർ | 7 | 67 | 31 | 40000 | 26.09.24 |
| 145 | റഹ്മത്ത് പിള്ളക്കാട് | 8 | 4 | 2 | 40000 | 02.03.23 |
| 146 | മണി കാവീട് | 8 | 43 | 41 | 40000 | 22.02.23 |
| 147 | ജമീല പാലുവായ് | 8 | 52 | 9 | 120000 | 21.02.26 |
| 148 | രാധാമണി ഇരിങ്ങപ്പുറം | 8 | 55 | 4 | 40000 | 04.03.23 |
| 149 | സരോജിനി കോട്ടപ്പടി | 8 | 91 | 33 | 40000 | 20.03.23 |
| 150 | അജിത കോട്ടപ്പടി | 8 | 98 | 30 | 40000 | 12.04.23 |
| 151 | പ്രിയ കണ്ടംകുളം | 8 | 113 | 4 | 40000 | 26.05.23 |
| 152 | മീന ഏങ്ങടി പാലുവായ് | 8 | 115 | 10 | 40000 | 21.06.23 |
| 153 | ബൈജു ഐ വി | 8 | 116 | 30 | 200000 | 17.12.24 |
| 154 | മോഹനൻ മമ്പറമ്പത്ത് കോട്ടപ്പടി | 8 | 119 | 3 | 360000 | 31.07.24 |
| 155 | ഷീന രവി | 9 | 1 | 6 | 40000 | 06.05.24 |

| | | | | | | |
|---|---|---|---|---|---|---|
| | തൈക്കാട് | | | | | |
| 156 | ഷനിൽ എ എ | 9 | 12 | 10 | 40000 | 28.09.24 |
| 157 | ബേബ് നാരായണത്ത് | 10 | 1 | 7 | 40000 | 11.07.24 |

നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ നേരിൽ കണ്ട് പദ്ധതി പൂർത്തീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിച്ചുവരുന്നുണ്ടെന്ന് ഓഡിറ്റ് അന്വേഷത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.25/23-02-2025)

## **1-34** പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥ - പട്ടികജാതി വികസന ഓഫീസർ

1. പ്രോജക്ട് നമ്പർ - 565/25 – പട്ടികജാതി വികസന ഓഫീസിലെ ഓഫീസ് എക്സ്പെൻസസ്

ഫണ്ട് - വികസനഫണ്ട് – ജനറൽ

അടങ്കൽ – 12000

ചെലവ് - 12000

വൗച്ചർ നം. P-M080100-24000821 /20.02.2025 -2,411,

P-M080100-24000822 /20.02.2025 – 9,589
പട്ടികജാതി ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങിയതുമായി ബന്ധപ്പെട്ട അപാകം താഴെ ചേർക്കുന്നു.

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ സ്റ്റേഷനറി, കൺസ്യൂമബിൾസ്, പോസ്റ്റേജ് മുതലായ ചെലവുകൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കണമെന്ന് മാർഗ്ഗരേഖ, സ.ഉ.(കൈ)നം.90/2023/എൽ.എസ്.ജി.ഡി, തിയ്യതി 09.04.2023 പ്രകാരമുണ്ടെങ്കിലും വികസനഫണ്ട് ഉപയോഗിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത്.
വാങ്ങലുകൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള ഫണ്ട് ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പഠനമുറി പൂർത്തീകരിച്ചിട്ടില്ല
പ്രോജക്ട് നമ്പർ - 294/25 – എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി (SO)
ഫണ്ട് - വികസനഫണ്ട് – എസ് സി പി

അടങ്കൽ – 2890000

ചെലവ് - 1850000

മേൽ പ്രൊജക്ട് പ്രകാരമുള്ള താഴെ കൊടുത്തിട്ടുള്ള വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരിച്ചിട്ടില്ല.

| | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക / തീയതി |
|---|---|---|
| 1 | സഞ്ചയ്കൃഷ്ണ, തെപ്പുറത്ത് | 30000/ 21.02.2024 |
| 2 | അശ്വന്ദ് കെ.എസ്., കൊട്ടരപ്പാട്ട് | 30000/ 16.03.2024 |
| 3 | സാന്ദ്ര കെ.എസ്., കുന്നംപുറത്ത് | 30000/ 16.03.2024 |
| 4 | കാർത്തിക് എ. എസ്. , അച്ചപ്പാട്ട് | 30000 /16.03.2024, 60000/തീയതി ലഭ്യമല്ല 80000/ 15.01.2026 |
| 5 | കൃഷ്ണ പി.എസ്., പുന്ന | 30000 /16.03.2024, 60000/20.07.2024, 80000/ 12.12.2024 |
| 6 | ശ്രീലക്ഷ്മി കെ.എം., കൊഴക്കി | 30000 /21.02.2024, 60000/18.12.2024, 80000/ 10.03.2025 |
| 7 | അക്ഷയ്കൃഷ്ണൻ, കൊഴപ്പാട്ട് | 30000 /21.02.2024, 60000/18.12.2024, 80000/ 18.12.2024 |
| 8 | ആദർശ് കെ.എം., കരുമാംപുറത്ത് | 30000 /21.02.2024, 60000/20.07.2024, 80000/ 18.12.2024 |
| 9 | അഭിജിത്ത് കെ.എം.,കൊഴക്കി | 30000 /21.02.2024, 60000/20.07.2024, 80000/ 18.12.2024 |
| 10 | പ്രണവ് കെ.ബി., കാര്യാട്ട് | 30000 /21.02.2024, 60000/20.07.2024, 80000/ 18.12.2024 |

പഠനമുറി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പ്രോജക്ട് നമ്പർ - 6/25 – എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

ഫണ്ട് - വികസനഫണ്ട് – എസ് സി പി

അടങ്കൽ – 1000000

ചെലവ് - 920150

വൗച്ചർ നമ്പർ –J-M080100-24000816/07.03.2025

മേൽ പ്രോജക്റ്റ് പ്രകാരം വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം എന്ന സ്ഥാപനത്തിൽ നിന്നും GeM മുഖേന 36806 രൂപയുടെ 25 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം (GeM Contract, Invoice എന്നിവ പ്രകാരമുള്ള വിവരങ്ങൾ) | ഇൻവോയ്സ് നം./തീയതി | കമ്പനിയുടെ പേര് | വില |
|---|---|---|---|
| Laptop Acer -13/8GB/512GB/ Ubuntu/3Yr | VCB/24-25-1761/20.02.2025 | Viswas Computers, Kunnamkulam | 36806x25 = 920150 |

വാങ്ങൽ പ്രക്രിയയിലെ അപാകം ചുവടെ ചേർക്കുന്നു.

കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം നം എഫ്.1/3/2024-PPD/തീ.10.07.2024 പ്രകാരം 2017 ലെ ജനറൽ ഫിനാൻഷ്യൽ റൂൾസിലെ ചട്ടം 149(Ii)ൽ 50,000 രൂപ മുതൽ 10,00,000 രൂപ വരെയുള്ള സാധനങ്ങൾ GeM മുഖേന വാങ്ങുമ്പോൾ, ലഭ്യമായ വില്പനക്കാരിൽ നിന്നും, ആവശ്യമായ ഗുണനിലവാരം, സ്പെസിഫിക്കേഷൻ, വിതരണ കാലയളവ് എന്നിവ അനുയോജ്യമായ, കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇനം വാങ്ങേണ്ടതാണ് എന്ന നിഷ്കർഷിയ്ക്കുന്നുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ അനുബന്ധം 4 പ്രകാരമുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം ഉബുണ്ടു (ലിനക്സ്) എന്നത് 1 നിർമ്മാതാവിന്റെ നിരക്ക് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. വിൻഡോസ് 11 കമ്പ്യൂട്ടറുകളുടെ വിലയുമായിട്ടാണ് ഇതിന്റെ വില താരതമ്യം ചെയ്തിട്ടുള്ളത്. മേൽ സ്ഥാപനത്തിൽ നിന്നും GeM മുഖേന 920150 രൂപയുടെ 25 ഡെസ്ക്ടോപ്പുകൾ വാങ്ങിയപ്പോൾ, ഓപ്പറേറ്റിംഗ് സിസ്റ്റം ഉബുണ്ടു ലഭ്യമാക്കുന്ന മറ്റ് നിർമ്മാതാക്കളുടെ നിരക്കുകൾ താരതമ്യം ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/23-02-2025) ഉബുണ്ടു ലഭ്യമാക്കുന്ന മറ്റ് നിർമ്മാതാക്കളുടെ നിരക്കുകൾ ലഭ്യമാകുവാൻ കാത്തിരുന്നെങ്കിൽ കാലതാമസം വരികയും 2024-25 സാമ്പത്തികവർഷത്തിൽ ടി പ്രൊജക്റ്റ് നടപ്പിലാക്കാൻ സാധിക്കാതെ വരികയും ചെയ്യുമായിരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സർക്കാർ നിർദ്ദേശപ്രകാരം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല - 2,40,000 രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ നം. H1-4588/23

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നഗരസഭയിലെ 43 വാർഡുകളിലെ വാർഡ്തല സാനിറ്റേഷൻ സമിതി കൺവീനർമാരുടെ അക്കൗണ്ടുകളിലേക്ക് വാർഡ് ഒന്നിന് 30,000 രൂപ വീതം 12,90,000 രൂപ (വൗച്ചർ നം. J-M080100-25000314/തീ.31.03.2025) 2024 മെയ് മാസത്തിൽ കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 8 വാർഡുകളിലെ (വാർഡ് 9, 10, 11, 17, 21, 27, 36, 38) ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.27/23.02.26) നൽകിയതിനെ തുടർന്ന് 35 വാർഡുകളിലെ ചെലവ് വൗച്ചറുകൾ ഹാജരാക്കി. മേൽപറഞ്ഞ 8 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വാർഡുകൾക്ക് അനുവദിച്ച തുക (8x30,000) 2,40,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര ചെലവുകൾക്കായി പ്രത്യേക സാഹചര്യത്തിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം എത്രയും വേഗം ക്രമീകരിക്കേണ്ടതാണ്. സ.ഉ.(അ)നം.419/11/ധന. തീയതി 04.10.2011 പ്രകാരം അഡ്വാൻസ് വാങ്ങിയ തുക 3 മാസത്തിനകം ക്രമീകരിച്ചിട്ടില്ലെങ്കിൽ അനുവദിച്ച അഡ്വാൻസ് തുക മുഴുവൻ ഒറ്റ ഗഡുവായി 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. സർക്കുലർ നം. 43/12/ധന തീയതി.24.07.2012 പ്രകാരം ക്രമീകരിക്കാത്ത മുൻകൂർ തുകകൾ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറി ആയോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ധനകാര്യവകുപ്പിന്റെ 23/10/2019 ലെ 87/2019/ധന നമ്പർ സർക്കുലർ പ്രകാരം മേൽ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം യാത്രബത്ത ബിൽ സമർപ്പിക്കാത്ത യാത്ര ബത്ത മുൻകൂർ തുകകൾ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സ.ഉ.(അ)/197/2013/ധന. 30.04.2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

നഗരസഭയുടെ 2024-25 കാലയളവിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫയൽ നം. | വൗച്ചർ നമ്പർ /ചെക്ക് | തുക കൈപ്പറ്റിയ | ആവശ്യം | തുക |
|---|---|---|---|---|---|

| | | നമ്പർ | വ്യക്തി | | |
|---|---|---|---|---|---|
| 1 | E4-11110/22 | 097983/10.05.2024 | റിജേഷ് എം. ഡി., JHI | നഗരസഭയുടെ 3 വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിന് | 47652 |
| 2 | E4 -11110/22 | 327103/22.05.2024 | റിജേഷ് എം. ഡി., JHI | നഗരസഭാ വാഹനങ്ങളുടെ ഇൻഷുറൻസ് തുക അടവാക്കുന്നതിന് | 22206 |
| 3 | H1-4588/23 | 327076/18.05.2024 | വാർഡ് സാനിറ്റേഷൻ സമിതി കൺവീനർമാർക്ക് | മഴക്കാലപൂർവ്വ ശുചീകരണത്തിന് | 1290000 |
| 4 | H1-1563405/24 | 133/06/24 | സുജിത്കുമാർ, PHI | സ്വച്ഛ് സർവേഷൻ- പ്രവർത്തനങ്ങളുടെ ചെലവുകൾ | 100000 |
| 5 | P40/A2/382/24 | ചെക്ക് നം.604156/ തീ. 11.07.2024 | കാരയൂർ HM, GUPS | വിദ്യാഭ്യാസം-എൻഡോവ്മെന്റ് വിതരണത്തിന് | 40000 |
| 6 | E4-19044/23 | 604159/12.07.2024 | സനൽ വി. എസ്. | പൂതുക്കാട് മേഖലാപരിധിയിലെ സ്ഥാപനങ്ങളുടെ ഇലക്ട്രിക് റിപ്പയറിങ് | 40000 |
| 7 | G5-1716550/24 | 604165/17.07.2024 | സുബിൻ, JHI | 2024 - "വിദ്യാഭ്യാസ ആദരം" പരിപാടിയുടെ നടത്തിപ്പിന് | 50000 |
| 8 | E5-1928230/24 | 604183/20.07.2024 | ചന്ദ്രൻ, ഓവർസീയർ | മണിക്കരകുളം ഉദ്ഘാടന ചെലവുകൾ | 15000 |
| 9 | H1-1579316/24 | C062437231144/26.07.2024 PPA No.68/08/24 | നജ്മ എൻ. എച്ച്., PHI | നഗരസഭ ഹരിതകർമ്മസേനാംഗങ്ങൾക്കും ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർക്കും പഠനയാത്ര | 230000 |
| 10 | CN-2611433/24 | 180727/06.12.2024 | സുബിൻ, JHI | കേരളോത്സവം 2024 - പരിപാടി നടത്തിപ്പിന് | 200000 |
| 11 | E5-1850046/24 | 550612/13.08.2024 | ചന്ദ്രൻ, ഓവർസീയർ | അമൃതം പദ്ധതി - സെപ്റ്റേജ് വെഹിക്കിളിന്റെ സർവീസ് ആവശ്യത്തിന് | 25000 |
| 12 | E4-4646/22 | 550635/30.08.2024 | നിയാർ, JHI | നഗരസഭയുടെ ആംബുലൻസ് വാഹനം നന്നാക്കുന്നതിന് | 17000 |
| 13 | H1-15850/22 | 610864/25.09.2024 | നിസാർ, PHI | ഗ്രാസ് കട്ടർ, സ്പ്രെയർ എന്നിവ കേടായത് റിപ്പയർ ചെയ്യുന്നതിന് | 10000 |
| 14 | E4-2119535/24 | 108/09/24 | നിയാസ്, JHI | നഗരസഭ ആംബുലൻസ് റിപ്പയർ ചെയ്യുന്നതിന് | 16250 |
| 15 | H2-2058759/24 | 109/09/24 | സുബിൻ, JHI | അനാഥ മൃതശരീരങ്ങൾ ദഹിപ്പിക്കുന്ന ആവശ്യത്തിന് | 10000 |
| 16 | H1-1563405/24 | - | സുബിൻ, JHI | സ്വച്ഛതാഹി സേവ 2024 - വാർഡ് തല മാസ്സ് ക്ലീനിങ് നടത്തുന്നതിന് | 40000 |
| 17 | H1-1563405/24 | 24/10/24 | സുബിൻ, JHI | സ്വച്ഛതാഹി സേവ -ദീപം തെളിയിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കും | 60000 |
| 18 | H1-1563405/24 | PPA C092446402714 01/10/24 | നഗരസഭ ചെയർമാൻ ശ്രീ. കൃഷ്ണദാസ് | സ്വച്ഛദാന സേവ ഡൽഹി യാത്ര | 100000 |
| 19 | H-1333197/24 | 610957/15.11.2024 | റിജേഷ്, PHI | 43-ാം വാർഡിൽ നാലു മരങ്ങൾ | 16000 |

| | | | | | |
|---|---|---|---|---|---|
| | | | | മുറിച്ചതിന് | |
| 20 | H-1232564/24 | 610989/30.11.2024 | സുബിൻ കെ. ബി., PHI | ജി.യു.പി.എസിലെ മഴമരം മുറിച്ചു മാറ്റുന്നതിന് | 40000 |
| 21 | H1-2487410/24 | 180784/20.12.2024 | രശ്മി, PHI | തൈക്കാട് എട്ടാം വാർഡിലെ മരങ്ങളുടെ ശിഖരം മുറിച്ചതിന് | 1500 |
| 22 | H1-1803398/24 | 180786/20.12.2024 | സുജിത്കുമാർ, PHI | കുട്ടികളുടെ ഹരിത സഭ 2024 സംഘാടനം | 10000 |
| 23 | H1-2376927/24 | 180786/20.12.2024 | സുജിത്കുമാർ, PHI | വാർഡ് 14 മിനി മാർക്കറ്റ് കെട്ടിടം- അപകടാവസ്ഥയിലെ പൂളമരം മുറിച്ചു മാറ്റുന്നതിന് | 30000 |
| 24 | H-1825031/24 | 180791/20.12.2024 | സുബിൻ കെ.ബി, PHI | ചാവക്കാട് സ്കൂൾ കെട്ടിടം അപകടകരമായ മരശിഖരം മുറിച്ചു മാറ്റുന്നതിന് | 10500 |
| 25 | E1-2823552/24 | 180792/20.12.2024 | ജിജോ ടി. ജെ., AE | ദേവസ്വം ബിൽഡിംഗ് മാരേജ് രജിസ്ട്രേഷൻ കൗണ്ടർ ഉദ്ഘാടനം | 50000 |
| 26 | H-1472291124/24 | 180750/09.01.2025 | വിബിത പി. ജെ., ഓവർസീയർ | ട്രാക്ടറിന്റെ റിപ്പയറിന് | 30000 |
| 27 | H1-1563405/24 | 602416/16.01.2025 | രാഖി രഘുനാഥ്, PHI | സ്വച്ച് സർവേഷൻ- തദ്ദേശ ദിനാചരണം ബയോ പാർക്ക് മോടി പിടിപ്പിക്കൽ | 300000 |
| 28 | H-1903682/24 | 602423/21.01.2025 | സുബിൻ കെ. ബി., PHI | റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് | 100000 |
| 29 | H-244992/24 | 602465/12.02.2025 | സുരേഷ് കുമാർ, PHI | സ്വച്ഛ് സർവേഷൻ - ഗുരുവായൂർ കിഴക്കേ നടയിലെ പഴയ ചെടിച്ചട്ടികൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് | 75000 |
| 30 | H-262290/25 | 602466/12.02.2025 | റിതേഷ്, PHI | തദ്ദേശ ദിനാഘോഷത്തിന്റെ ഭാഗമായി വിത്തും വിളവും വിതരണം ചെയ്യുന്നതിന് ബാഗ് വാങ്ങുന്നതിന് | 200000 |
| 31 | H-279786/25 | 602468/12.02.2025 | ഇമ്ന, PHI | തദ്ദേശ ദിനാഘോഷത്തിന് ഘോഷയാത്ര നിശ്ചല ദൃശ്യങ്ങൾ ഒരുക്കുന്നതിന് | 200000 |
| 32 | H-132460/25 | 353390/17.02.2025 | സുരേഷ്കുമാർ പെറോത്ത്, PHI | ആർ.ആർ.ആർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തര വേലകൾക്ക് | 60000 |
| 33 | H-2757614/24 | 353392/17.02.2025 | സുരേഷ്കുമാർ പെറോത്ത്, PHI | നഗരസഭ ഗ്രാസ് കട്ടർ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് | 30000 |
| 34 | PKD-24429/24 | ചെക്ക് നം.353505/19.03.25 | റിജേഷ്, PHI | പിള്ളക്കാട് ജംഗ്ഷനിൽ അപകടകരമായ മഴമരം മുറിച്ചിരുന്നതിന് | 28000 |
| 35 | H-1803398/24 | ചെക്ക് നം.400154/ 28.03.25 | രാഖി രഘുനാഥ്, PHI | മാലിന്യ മുക്ത നവ കേരളം - ശുചിത്വ സംഗമം | 200000 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/23.02.2026) മറുപടി ലഭ്യമാക്കിയില്ല. സമയപരിധി കഴിഞ്ഞിട്ടും ക്രമീകരിക്കാത്ത മുൻകൂർ നൽകിയ തുകകൾ പലിശസഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-37 ബൈബാക്ക് ഓഫർ കണക്കിലെടുത്തില്ല**

നഗരസഭയുടെ താഴെ കൊടുത്തിട്ടുള്ള വാഹനങ്ങളുടെ ടയറുകൾ 2024-25 വർഷത്തിൽ മാറ്റിയിട്ടുണ്ട്.

1. വൗച്ചർ നം. – 118/03/25 – 25,200

ചെക്ക് നം. – 400133/22.03.25

നഗരസഭ ചെയർമാന്റെ വാഹനമായ Innova Crysta (KL-46 R 4645) നാല് ടയറുകൾ മേൽ വൗച്ചർ പ്രകാരം 25,200 രൂപ ചെലവിൽ ഗുരുവായൂർ ടയേഴ്സ്, ഗുരുവായൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ടയറുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എഞ്ചിനീയറുടെ ആവശ്യകതാ സാക്ഷ്യപത്രം K-Smart ഫയലിൽ ലഭ്യമല്ല.

2. വൗച്ചർ നം. – 53/11/24 – 28,000

ചെക്ക് നം. – 434837/07.11.24

Bolero യുടെ (KL-46 6033) നാല് ടയറുകൾ മേൽ വൗച്ചർ പ്രകാരം 28,000 രൂപ ചെലവിൽ ഗുരുവായൂർ ടയേഴ്സ്, ഗുരുവായൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ടയറുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എഞ്ചിനീയറുടെ ആവശ്യകതാ സാക്ഷ്യപത്രം K-Smart ഫയലിൽ ലഭ്യമല്ല.

ഇപ്രകാരം ടയർ വാങ്ങിയപ്പോൾ ബൈബാക്ക് ഓഫർ കണക്കിലെടുത്തില്ല.

ജി ഒ (പി) നം. 3/2013/എസ്.പി.ഡി. തീയതി 21.6.2013 ഖ. 18.1 പ്രകാരം നിലവിലുള്ള പഴയ സ്റ്റോറുകൾ മാറ്റി പുതിയതും കൂടുതൽ മെച്ചപ്പെട്ടതുമായ സ്റ്റോറുകൾ വാങ്ങാൻ തീരുമാനിക്കുമ്പോൾ പഴയവയുടെ വിൽപന നടത്താവുന്നതാണ്. ടെണ്ടർ അന്വേഷണ രേഖകളിൽ ഇതിനായി ഉചിതമായ ഉപാധികൾ ഉൾപ്പെടുത്തേണ്ടതാണ്. വിൽപന നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പഴയ സ്റ്റോറുകൾ താൽപര്യമുള്ള ടെണ്ടറർമാർക്ക് പരിശോധിക്കുന്നതിനുള്ള അനുമതി നൽകുന്നതാണെന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്. വിൽപന നടത്തേണ്ട പഴയ സ്റ്റോറുകളുടെ മൂല്യം കണക്കിലെടുത്ത് പ്രസക്തമായ വിവരങ്ങൾ ടെണ്ടർ രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടയറുകൾ വാങ്ങിയപ്പോൾ പഴയവ വിൽപന നടത്തിയതായി കാണുന്നില്ല.

പഴയ ടയർ ലേലം നടത്തിയതിന്റെയോ അൺസർവീസബിൾ ഗുഡ്സ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റയോ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഴയ ടയർ ലേലം ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.42/24.02.2026)

**1-38 വൗച്ചർ പരിശോധന - കെ സ്മാർട്ടിൽ രേഖകൾ പൂർണ്ണമല്ല**

ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെയുള്ള വൗച്ചറുകളുടെ ഫയൽ പരിശോധന – കെ സ്മാർട്ടിൽ രേഖകൾ പൂർണ്ണമല്ല.

സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.2545/2023 തീയതി 22.12.2023 പ്രകാരം 01.01.2024 മുതൽ നഗരസഭകളിൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുള്ളതാണ്. ഫയൽ സൂക്ഷിപ്പ് പൂർണമായും ഡിജിറ്റലായി സൂക്ഷിക്കുന്ന രീതിയിലാണ് കെ സ്മാർട്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം എല്ലാ ഫയലുകളും ഡിജിറ്റലായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ ഫയലുകൾ പൂർണമായും കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ചില ഫയലുകളിൽ ആവശ്യമായ രേഖകൾ ഒന്നും അപ്‌ലോഡ് ചെയ്യുന്നില്ല.

ക്യാഷ് ബുക്കിലെ ചെലവുകൾ പരിശോധിക്കുന്നതിനായി കെ സ്മാർട്ടിലെ ഫയലുകൾ പരിശോധിച്ചതിൽ പല ഫയലുകളിലും അറ്റാച്ച് ചെയ്തിരിക്കുന്ന രേഖകൾ പൂർണ്ണമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1. 2024 ഓഗസ്റ്റ് മാസത്തിൽ റെഗുലർ പെൻഷൻ ഇനത്തിൽ നൽകിയ തുകയുടെ 830547 രൂപയുടെ (ചെക്ക് നം.604206/01.08.2024) ബിൽ കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. സെപ്റ്റംബർ മാസത്തെ തുകയുടെ 833547 രൂപയുടെ (ചെക്ക് നം.551270/02.09.2024) ബില്ലും കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

കണ്ടിജന്റ് പെൻഷൻ ഇനത്തിൽ ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ ബില്ലുകൾ കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

ഓഗസ്റ്റ് – 986977 രൂപ (ചെക്ക് നം.604207/01.08.2024)

സെപ്റ്റംബർ– 994912 രൂപ (ചെക്ക് നം.551271/02.09.2024)

2. വിശ്വാസ് കമ്പ്യൂട്ടേഴ്സിൽ നിന്ന് യുപിഎസ് വാങ്ങിയതിന് (വൗച്ചർ നം. 28/08/24, ചെക്ക് നം.550591/05.08.2024) ക്വട്ടേഷൻ വിളിച്ചതായി കെ സ്മാർട്ട് നോട്ട് ഫൈനലിൽ കാണുന്നുണ്ടെങ്കിലും ആയതിന്റെ രേഖകളൊന്നും കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

3. നഗരസഭാ ടൗൺ ഹാളിൽ ബോർവെൽ കുഴിച്ച വകയിൽ ചെലവായ 390076/- രൂപയുടെ (ചെക്ക് നം. 097975/08.05.2024) Memorandum Of Payments എന്ന ഒറ്റ രേഖ മാത്രമേ കെ സ്മാർട്ടിൽ ലഭ്യമായിട്ടുള്ളൂ.

ഇപ്രകാരം രേഖകളുടെ അഭാവത്തിൽ കെ സ്മാർട്ട് മുഖേനയുള്ള വൗച്ചർ പരിശോധന ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

കെ സ്മാർട്ട് മുഖേനയുള്ള ഫയലുകളിൽ പലതും ചെറിയ ഫയലുകളാണ്. പല ഫയലുകൾക്കും തുടർച്ചയില്ല. ഒരു വിഷയം സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാവുന്നു.
കെ സ്മാർട്ടിൽ രേഖകൾ പൂർണ്ണമായി ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.45/24.02.2026)

**1-39 കുടിവെള്ള വിതരണം - അപാകങ്ങൾ**

ഗുരുവായൂർ നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ക്ലീൻ സിറ്റി മാനേജർ നടപ്പാക്കിയ പ്രൊജക്ടുകൾ മുഖേന തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | കുടിവെള്ള വിതരണം (352/25)- സ്പിൽ ഓവർ | കുടിവെള്ള വിതരണം (161/25) |
|---|---|---|
| വകയിരുത്തിയ തുക | 10,70,813 | 44,00,000 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ അവാർഡ് | ധനകാര്യകമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | 10,70,813 | 30,77,736 |
| റിക്കവറികൾ ഒഴികെ കരാറുകാരന് നൽകിയ തുക, വൗച്ചർ നം./ തീയതി | P-M080100-25001320/31-03-2025, ₹10,49,397 | P-M080100-25001317/31-03-2025, ₹10,05,394<br>P-M080100-25001318/31-03-2025, ₹10,05,394<br>P-M080100-25001319/31-03-2025, ₹10,05,394 |
| കരാറുകാരന്റെ പേര് | ജോൺ പി.എൽ. | ജോൺ പി.എൽ. |

മേൽ പ്രകാരം ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണത്തിനായി 2024-25 വർഷത്തിൽ 41,48,549 രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം സംബന്ധിച്ച ഫയൽ പ്രകാരം (ഫയൽ നം.(H1-15847/22)) നഗരസഭയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നഗരസഭയിൽ നിന്നുള്ള നിബന്ധനകൾക്ക് വിധേയമായി 5000/9000 ലിറ്റർ ഉൾക്കൊള്ളുന്നതും GPS ഘടിപ്പിച്ചതുമായ FSSI സ്റ്റാൻഡേർഡ് പ്രകാരമുള്ള ടാങ്കർ ലോറികളിൽ ശുദ്ധജലമെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയ (ലാബ് റിപ്പോർട്ട് സഹിതം) കുടിവെള്ള സോഴ്സ് സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ കണ്ടെത്തി നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും കുടിവെള്ളം വിതരണം ചെയ്യുന്നതിന് 06-03-2024 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകളിൽ കുറവ് ക്വാട്ട് ചെയ്ത ശ്രീ. ജോൺ പി.എൽ എന്നയാളുടെ ടെണ്ടർ 05/04/2024 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, 30-04-2024 ലെ 20-ാം കൗൺസിൽ നമ്പർ തീരുമാനം എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 5000 ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്കറിന്റെ പ്രതിദിന വാടക 8,800 രൂപയും 5000 ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്കറിന്റെ പ്രതിദിന വാടക 10,200 രൂപയുമായാണ് അംഗീകരിച്ചിട്ടുള്ളത് (01-12-2023 മുതൽ 04-04-2024 വരെയുള്ള കാലയളവിൽ 5000 ലിറ്റർ കുടിവെള്ളടാങ്കറിന് 7,900 രൂപയും 9000 ലിറ്റർ കുടിവെള്ള ടാങ്കറിന് 9,350 രൂപയുമാണ് വാടക നൽകിയിട്ടുള്ളത്). മേൽ പ്രൊജക്ടുകൾ പ്രകാരം താഴെ പറയുന്ന കാലയളവുകളിലാണ് കുടിവെള്ളത്തിന് തുക നൽകിയിട്ടുള്ളത്.

| കാലയളവ് | തുക |
|---|---|
| 01-02-2023 മുതൽ 29-02-2024 വരെ | 7,18,900 |
| 01-03- 2024 മുതൽ 04-04-2024 വരെ | 6,40,050 |
| 05-04- 2024 മുതൽ 31-05-2024 വരെ | 17,16,000 |
| 01-06- 2024 മുതൽ 30-06-2024 വരെ | 2,64,000 |
| 01-07- 2024 മുതൽ 31-07-2024 വരെ | 2,72,800 |
| 01-08- 2024 മുതൽ 31-08-2024 വരെ | 2,72,800 |
| 01-09- 2024 മുതൽ 30-09-2024 വരെ | 2,64,000 |
| ആകെ | 41,48,550 |

കുടിവെള്ള വിതരണം സംബന്ധിച്ച് കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ.(സാധാ)നം.405/2024/തസ്വഭവ തീയതി 19-02-2024 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികൾക്ക് തനത് ഫണ്ട് /വികസന ഫണ്ടിൽ നിന്നും 31-03-2024 വരെ 12 ലക്ഷം രൂപയും 01-04-2024 മുതൽ 31-05-2024 വരെ 17 ലക്ഷം രൂപയുമടക്കം ആകെ 29ലക്ഷം രൂപ പരമാവധി കുടിവെള്ള വിതരണത്തിന് ചെലവഴിക്കാവുന്നതാണ്. വരൾച്ച ബാധിതപ്രദേശമായോ കുടിവെള്ളക്ഷാമമുള്ള പ്രദേശമായോ ജില്ലാകളക്ടർ / ബന്ധപ്പെട്ട അധികാരികൾ നിശ്ചയിക്കുന്നതിനനുസരിച്ച് മുനിസിപ്പാലിറ്റി തീരുമാനമെടുത്ത് കുടിവെള്ള വിതരണം നടത്തേണ്ടതാണ്. കുടിവെള്ളത്തിന്റെ സ്രോതസ്സിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്.

എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി 2024 സെപ്റ്റംബർ 30 വരെയുള്ള കുടിവെള്ള വിതരണത്തിന് തുക അനുവദിച്ചിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ കവിഞ്ഞ് 12,48,549 രൂപ അനുവദിച്ചിട്ടുണ്ട് (41,48,549 – 29,00,000). സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവിൽ കവിഞ്ഞ് തുടർന്നുള്ള മാസങ്ങളിലും കുടിവെള്ളം വിതരണം നടത്തിയതിന് കൗൺസിൽ തീരുമാനം ഉണ്ടെങ്കിൽ ആയതും അനുവദനീയമായ തുകയിൽ അധികം നൽകിയത് സാധൂകരിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/20-02-2026) മറുപടി ലഭ്യമാക്കിയില്ല.

2. മുനിസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണ പോയിന്റുകൾ നിശ്ചയിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനായി കരാറുകാരൻ വിതരണം ചെയ്യുന്ന കുടിവെള്ള സ്രോതസ്സുകൾ അംഗീകരിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. കുടിവെള്ള വിതരണം നടത്തിയ ബില്ലുകളോടൊപ്പം കുടിവെള്ള വിതരണം നടത്തിയ വാർഡുകളിലെ മെമ്പർമാരുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

5. കുടിവെള്ള ടാങ്കറുകളുടെ ജി.പി.എസ്.ലോഗ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ കുടിവെള്ള വിതരണ രജിസ്റ്ററുകൾ എന്നിവയാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ ഓരോ ട്രിപ്പും പുറപ്പെടുന്നതും അവസാനിക്കുന്നതുമായ സ്ഥലം, സമയം എന്നിവ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ ഓരോ ദിവസവും കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. ആയതിനാൽ ഓരോ വാഹനവും എത്ര ട്രിപ്പുകൾ നടത്തിയിട്ടുണ്ടെന്ന് ജി.പി.എസ്. ലോഗുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.

6. GO(Ms)No.13/2015/ITD Dt. 12-05-2015 നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയ്ക്കുമുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ കുടിവെള്ള വിതരണത്തിനായുള്ള മേൽ പ്രൊജക്ടുകളുടെ അടങ്കൽ 5 ലക്ഷം രൂപയിൽ അധികമാണെങ്കിലും ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല.

7. ഗുരുവായൂർ നഗരസഭയിൽ കുടിവെള്ള വിതരണത്തിനായി 2021-22 വർഷത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പ്രൊജക്ട് നം. 207/22 പ്രകാരം 22,56,744 രൂപയും 2022-23 വർഷത്തിൽ വികസനഫണ്ടിൽ നിന്നും പ്രൊജക്ട് നമ്പർ 514/23 പ്രകാരം 4,29,520 രൂപയുമടക്കം ആകെ 26,86,264 രൂപ ചെലവഴിച്ച് കുടിവെള്ള ടാങ്കർ വാങ്ങിയിട്ടുണ്ട്. KL-46Y-5098 എന്ന റജിസ്ട്രേഷൻ നമ്പരായി 01-07-2023 ന് നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത വാഹനം കുടിവെള്ള വിതരണത്തിനായി നാളിതു വരെ ആരോഗ്യ വിഭാഗത്തിന് കൈമാറിയിട്ടില്ല എന്നും വാഹനം ഉപയോഗിക്കാത്തതിനാൽ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല എന്നും ഓഡിറ്റ് അന്വേഷണത്തിന് (16/21-02-2026) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനം ഉപയോഗിക്കാത്തത് എന്തു കൊണ്ടാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. 23-02-2026 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ നാളിതു വരെ ടാങ്കർ ലോറി ഉപയോഗിക്കാത്ത നിലയിൽ നഗരസഭ ടൗൺഹാൾ കോമ്പൗണ്ടിൽ സൂക്ഷിച്ചതായി കണ്ടു. കുടിവെള്ള വിതരണത്തിനായി ലക്ഷങ്ങൾ ചെലവഴിച്ച വാങ്ങിയ വാഹനം ദീർഘകാലമായി ഉപയോഗിക്കാത്തതുമൂലം വാഹനം ഉപയോഗയോഗ്യമല്ലാതായി തീരുന്നതിനും ഉപയോഗ്യയോഗ്യമാക്കുന്നതിന് വളരെയധികം തുക ചെലവഴിക്കേണ്ടതായ സ്ഥിതി വിശേഷം സംജാതമാകുന്നതിനും ഇടയാകുന്നു. മാത്രമല്ല, സ്വന്തമായുള്ള വാഹനം ഉപയോഗിക്കാതെ വാടകയ്ക്ക് വാഹനം ഉപയോഗിക്കുന്നതുമൂലം വാടകയിനത്തിലും നഗരസഭയ്ക്ക് നഷ്ടം ഉണ്ടാകുന്നുണ്ട്.

8. ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് മുനിസിപ്പാലിറ്റി പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ടെങ്കിൽ പ്രൊജക്ടുകളുടെ വിവരം, തുക, നൽകിയ ഗാർഹിക കണക്ഷനുകളുടെ എണ്ണം എന്നിവ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് ശിപാർശകൾ

1. ടാങ്കർലോറിയിൽ കുടിവെള്ള വിതരണം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. നഗരസഭപരിധി പ്രദേശങ്ങളിൽ വർഷം മുഴുവൻ കുടിവെള്ളവിതരണം നടത്തേണ്ട സാഹചര്യമുണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നത് സംബന്ധിച്ച് കൗൺസിൽ തീരുമാനം കൈക്കൊള്ളേണ്ടതും കുടിവെള്ള വിതരണം നടത്തുന്നതിന് സർക്കാർ അനുമതി നേടേണ്ടതുമാണ്.

2. നഗരസഭയ്ക്ക് സ്വന്തമായുള്ള കുടിവെള്ള ടാങ്കർ ഉപയോഗപ്പെടുത്തി പരമാവധി കുടിവെള്ള വിതരണം നടത്തേണ്ടതാണ്. കുടിവെള്ള സ്രോതസ്സ് സംബന്ധിച്ച് കൗൺസിൽ തീരുമാനം കൈക്കൊള്ളേണ്ടതും വെള്ളത്തിന്റെ ശുദ്ധി ഉറപ്പുവരുത്തേണ്ടതുമാണ്.

3. കുടിവെള്ള ടാങ്കർ വാടകയ്ക്കെടുക്കുന്ന പക്ഷം ഇ-ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിവെള്ള വിതരണം നടത്തിയ ബില്ലുകൾക്കൊപ്പം അതത് പ്രദേശത്തെ കൗൺസിലർമാരുടെ സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.

4. കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ഗാർഹിക കണക്ഷനുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവർത്തികളിലുപയോഗിയ്ക്കുന്ന സ്റ്റീലിന്റെ ഗുണമേന്മ നിർണ്ണയിക്കുന്ന നിയമാനുസൃത ടെസ്റ്റ് നടത്തിയിട്ടില്ല

**1)** പ്രോജക്റ്റ് നമ്പർ-**241/24**

ഇ.എം.എസ്. എസ്.സി. ഫ്ലാറ്റ് നിർമ്മാണം രണ്ടാം നില

അടങ്കൽ-50,00,000(വികസന ഫണ്ട്, എസ്.സി.പി.)

ചെലവ് -26,73,094

നിർവ്വഹണ ഉദ്യോഗസ്ഥ-മുനിസിപ്പൽ എഞ്ചിനീയർ

കരാറുകാരൻ-പി. നന്ദകുമാർ

എസ്റ്റിമേറ്റ് നമ്പർ-132710/23

**2)** പ്രോജക്റ്റ് നമ്പർ-**554/25**

ശുചിത്വ ഭാരത് മിഷൻ അർബൻ 2.0- ജി.യു.എൽ.പി.സ്കൂൾ ടോയ്ലറ്റ് നിർമ്മാണം

അടങ്കൽ-

12,85,5000 (കേന്ദ്രാവിഷ്കൃതം)

84,8100 (സംസ്ഥാനാവിഷ്കൃതം)

4,36,899 (തനതു ഫണ്ട്)

ആകെ - 25,69,999

ചെലവ് - 19,41,610

കരാറുകാരൻ-ബിജു.കെ.സി

എസ്റ്റിമേറ്റ് നമ്പർ 120951/24

മേൽ പ്രവൃത്തികളിൽ ഇ.എം.എസ്. എസ്.സി. ഫ്ലാറ്റിന്റെ രണ്ടാം നില പണിയുന്നതിനുള്ള പ്രവൃത്തിയിൽ ആകെ 5685.62 Kg സ്റ്റീൽ ഉപയോഗിച്ചതായി E-Mbook ലെ അളവുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാ അക്കാദമി ഓഫ് സയൻസ് &ടെക്നോളജിയിലെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച 11.06.2024 ലെ IMG-20250315WA0020 നമ്പർ സ്റ്റീൽ ടെസ്റ്റ് സർട്ടിഫിക്കറ്റിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി.യു.എൽപി. സ്കൂൾ ടോയ്ലറ്റ് നിർമ്മാണത്തിൽ സ്റ്റീൽ ടെസ്റ്റ് നടത്തി പ്രൈസിൽ അപ് ലോഡ് ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പിന്റെ 09.08.2017 ലെ സ.ഉ.(കൈ)നം.3/2017 പ്രകാരം ടെണ്ടർ നടപടികൾക്കുള്ള സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഭാഗം V ലെ ഖണ്ഡിക 1.1 പ്രകാരം കെട്ടിട നിർമാണത്തിന്റെ സ്പെസിഫിക്കേഷനും അളവെടുക്കലും സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 2009 ന് അനുസൃതമായിരിക്കും. സ്റ്റാന്റേഡ് ബിഡ് ഡോക്യുമെന്റ് ലെ ഭാഗം 1 ഖണ്ഡിക 36.1 പ്രകാരം അളവെടുക്കുന്നത് സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 2009 അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാന്റേഡ് 1200 (IS :1200) പ്രകാരമായിരിക്കും എന്നിങ്ങനെ പരാമർശിച്ചിട്ടുണ്ട്. IS 1200 :1993 (ഭാഗം 8- കെട്ടിടങ്ങളുടെയും സിവിൽ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും അളവെടുക്കുന്ന രീതി) ഖണ്ഡിക 3.7.1 പ്രകാരം പ്രവൃത്തിയ്ക്കുപയോഗിച്ച സ്റ്റീലിന്റെ പരിച്ഛേദത്തിന്റെ (Cross Section) നീളം, വീതി(ഉയരം), കനം എന്നിവ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വ്യാപ്തം കണക്കാക്കി ഉപയോഗിച്ച സ്റ്റീലിന്റെ ഭാരത്തിനാണ് തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പ്രവൃത്തികളിൽ ഉപയോഗിച്ച സ്റ്റീലിന്റെ ഭാരം നിർണ്ണയിക്കുന്നതിനാവശ്യമായ നിയമാനുസൃതമായ രേഖപ്പെടുത്തലുകൾ പൂർണ്ണമായി ഇ-അളവ് പുസ്തകത്തിൽ നടത്തിയിട്ടില്ല.

കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 3 ക്വാളിറ്റി സിസ്റ്റം ഖണ്ഡിക 3.9. പ്രകാരം ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡുകളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളാണോ ബില്ലിലെ ഓരോ ഇനം പ്രവൃത്തിയ്ക്കും ഉപയോഗിച്ചിട്ടുള്ളത് എന്ന് എഗ്രിമെന്റ് അതോറിറ്റിയ്ക്ക് ബോധ്യപ്പെടുന്നതിന് മാന്വലിലെ ഖണ്ഡിക 2401 ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള First Tier Quality ടെസ്റ്റ് കരാറുകാരന്റെ സ്വന്തം ചെലവിൽ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. In The Absence Of Test Results Cover Up Works Shall Not Proceed എന്ന് മാന്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കോൺക്രീറ്റിംഗിനുള്ളിലും മറ്റും പിന്നീട് അളവെടുക്കാൻ കഴിയാത്ത സ്റ്റീൽ സ്ട്രക്ചറൽ പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ ഗുണമേന്മ ഉറപ്പു വരുത്തി മാത്രമേ പ്രവൃത്തി തുടർന്ന് നടത്താൻ പാടുള്ളൂ എന്നാണ് ഇതിലൂടെ മാന്വലിൽ വ്യക്തമാക്കുന്നത്. പ്രവൃത്തികളുടെ അളവുകൾ കരാറുകാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുന്നതിനാലും കരാറുകാരൻ അളവുകൾ സമ്മതിക്കേണ്ടതിനാലും നിർമ്മാണ സാമഗ്രികളുടെ നിലവാര പരിശോധന നടത്തി എഗ്രിമെന്റ് അതോറിറ്റിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇത്തരം ടെസ്റ്റ് റിപ്പോർട്ടുകളുടെ

അഭാവത്തിൽ പ്രവൃത്തിയിൽ ഉപയോഗിച്ച മെറ്റീരിയലുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം-40/25 തീയതി.24.02.2026)

**1-41 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം-നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.**

2024-25 വർഷത്തെ സുലേഖ ചെലവു പത്രിക പ്രകാരം നഗരസഭയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്നതിന് ആവിഷ്കരിച്ച 362 മരാമത്ത് പ്രവൃത്തികളിൽ 148 പ്രവൃത്തികളിൽ മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ 13.5കോടി രൂപയിൽ 7.4 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവു ശതമാനം54%) എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 148 പ്രവൃത്തികളാണ് 2024-25 ൽ കരാറിലേർപ്പെട്ടിട്ടുള്ളത്. 130 സ്പിൽ ഓവർ പ്രവൃത്തികൾ ഉണ്ടായിരുന്നതിൽ 94 പ്രവൃത്തികളിലും, പുതിയ 232 പ്രവൃത്തികളിൽ 73 പ്രവൃത്തികളിലുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവറായി തൻവർഷത്തിലേക്ക് ക്യാരിഓവർ ചെയ്ത 36 പ്രവൃത്തികളിലും, പുതിയ 159 പ്രവൃത്തികളിലും തൻവർഷത്തിൽ തുക ചെലവഴിച്ചിട്ടില്ല. ഇവയുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരങ്ങൾ ഓഡിറ്റിനു നൽകിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയറുടെ 4 സ്പിൽ ഓവർ പ്രവൃത്തികളിൽ 3 പ്രവൃത്തികളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പുതിയ 15 പ്രവൃത്തികളിൽ 5 പ്രവൃത്തികളിൽ തുക ചെലവഴിച്ചിട്ടുണ്ട്. നടപടിക്രമങ്ങളിലെ കാലതാമസവും, പ്രോജക്ടുകളുടെ റിവിഷൻ മൂലവും തൻവർഷം ആവിഷ്കരിച്ച മുഴുവൻ പ്രവൃത്തികളും സാമ്പത്തിക വർഷത്തിൽ തന്നെ കരാറിലേർപ്പെട്ടിട്ടില്ല. ആവിഷ്കരിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതു മൂലം നഗരസഭയ്ക്ക് അനുവദിച്ച ഫണ്ടിന്റെ വലിയൊരു ഭാഗം നഷ്ടമായിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2024-25ലെ മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാൻ ബാക്കിയുള്ളവ, ഉപേക്ഷിക്കപ്പെട്ടവ തുടങ്ങിയ പ്രവൃത്തികളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളുടെ അനുബന്ധ രേഖകൾ, ടെസ്റ്റ് റിപ്പോർട്ടുകൾ എന്നിവ പൂർണ്ണമായി പ്രൈസ് സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടില്ല. ഫയലിലും സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്ക്, പ്രവൃത്തിയുടേയും ബില്ലുകളിലെ റിക്കവറി വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കരാറുകാർക്ക് തുക അനുവദിച്ചതിന്റെ ട്രഷറി പെയ്ഡ് ബിൽ, മെറ്റീരിയലുകളുടേയും, നിർമ്മിതികളുടേയും ഗുണമേന്മാ പരിശോധനാ റിപ്പോർട്ടുകൾ, മോണിറ്ററിംഗ്, കംപ്ലീഷൻ റിപ്പോർട്ടുകൾ എന്നിവ അതാത് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ബില്ലുകളിൽ നിന്നും റിക്കവറി നടത്തുന്ന തുകകൾ അതാത് ഹെഡുകളിൽ അടവാക്കിയതിന്റെ ചെലാനുകൾ ക്രമമായി നമ്പറിട്ട് പ്രവൃത്തി ബിൽ അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച പരിശോധന നടത്തിയിട്ടില്ല. കാഷ്ബുക്ക്, റിക്കവറി രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും, മരാമത്ത് പ്രവൃത്തികളുടെ പൂർണ്ണമായ രേഖകളും റിപ്പോർട്ടുകളും പ്രൈസിൽ ഉൾപ്പെടുത്തുകയും, ഫയലുകൾ ശരിയായി പരിപാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ4/17.02.2026)

**1-42 കാന നിർമ്മാണ പ്രവൃത്തികളിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിച്ചില്ല**

നഗരസഭയിൽ നടപ്പാക്കിയ വിവിധ കാന നിർമ്മാണ പ്രവൃത്തികളിൽ ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിർദ്ദേശം പാലിച്ചിട്ടില്ല എന്നു കണ്ടു. തദ്ദേശ സ്ഥാപനങ്ങളിലെ പ്രവൃത്തികളിലെ എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനായി തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയർ 05.04.2021ന് പുറപ്പെടുവിച്ച നം. DB.1/3727/2021/CE/LSGD സർക്കുലർ പ്രകാരം ഓടകൾ നിർമ്മിക്കുമ്പോൾ Bed Concrete 10cm MORD Specification 11.4.1.1 എന്ന ഇനവും, ഓടയുടെ വശങ്ങളിലെ കോൺക്രീറ്റ് ചെയ്യുന്നതിന് MORD Specification 11.4.2.1 എന്ന ഇനവും ഉപയോഗിക്കുന്നതിനും RCC കാനകൾ നിർമ്മിക്കുന്ന സംഗതികളിൽ Bottom, Sidewalls എന്നിവ നിർമ്മിക്കുന്നതിന് MORD Specification 12.5.3 ഉപയോഗിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നഗരസഭയിൽ 2024-25 വർഷത്തിൽ പ്ലെയിൻ സിമെന്റ് കോൺക്രീറ്റിംഗ് ആയി നടപ്പാക്കിയ കാന നിർമ്മാണ പ്രവൃത്തികളിൽ കാനയുടെ സൈഡ് വാൾ നിർമ്മിക്കുന്നതിനായി 1:2.5:5 അനുപാതത്തിലുള്ള M15 ഗ്രേഡ് കോൺക്രീറ്റ് ഉപയോഗിക്കുന്നതിനു പകരമായി ഡാറ്റ 75.8.1.1 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള M20 കോൺക്രീറ്റിംഗ് പ്രവൃത്തികളും, MORD Data 11.4.2.1 എന്ന ഇനത്തിനു പകരമായി RCC കാന നിർമ്മാണത്തിനുപയോഗിക്കുന്ന MORD Data 12.5.1.1 എന്ന ഇനം ഉപയോഗിച്ചതായും കണ്ടു. Data 12.5.1.1 ൽ ഫോം വർക്കിന് Data 11.4.2.1 നേക്കാൾ അധികമായി 6% തുക വകയിരുത്തിയിട്ടുള്ളതിനാൽ പ്ലെയിൻ സിമെന്റ് കോൺക്രീറ്റ് കാനകളുടെ സൈഡ് വാൾ നിർമ്മിക്കുന്ന പ്രവൃത്തി ഇനത്തിന് കൂടിയ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തിന് വിരുദ്ധമാണ്. നഗരസഭയിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് നമ്പർ | കാനയുടെ നീളം | ചെയ്ത പ്രവൃത്തി അളവ് | നൽകിയ തുക |
|---|---|---|---|---|---|
| 1 | 402/25 എറങ്ങത്ത് റോഡ് കാന | 86692/23 | 78 | 12.774 @8844.69 | 112982.07 |

| | | | | | |
|---|---|---|---|---|---|
| | നിർമ്മാണം വാർഡ് 13 | | | | |
| 2 | 302/25മാവേലി റോഡിൽ കൽവർട്ട് കാന കവറിംഗ് സ്ലാബ് നിർമ്മാണം | 51343/22 | 120 | 29.684@8242 | 244655.528 |
| 3 | 238/25എ.കെ.ജി.റോഡ് കാന നിർമ്മാണം | 9509/5_19_18 | 85 | 14.736@8056.74 | 118724.12 |
| 4 | ജനഹൃദയറോഡ് കാന നിർമ്മാണം | 85177/23 | 65.5 | 14.186@7400 | 104976.4 |
| 5 | നളന്ദ കമ്പനിപ്പടി റോഡ് കാന നിർമ്മാണം | 112238/23 | 105 | 0.663@8860 | 5874.18 |
| 6 | 446/25പെരുവഴിതോട് കാന നിർമ്മാണം | 84504/23 | 110 | 23.8679@8800 | 210038 |
| 7 | കമ്പിപ്പാലം റോഡ് കാന നിർമ്മാണം | 87212/23 | 110 | 19.3328@8459 | 163537 |
| 8 | 441/25താന്നിയിൽ ഭഗവതി ക്ഷേത്രം റോഡ് | 85335/23 | 74 | 16.0416@8862 | 142161 |
| 9 | 489/25സുനേന നഗർ മുതൽ താഴിശ്ശേരി വരെ കാന നിർമ്മാണം | 134614/23 | 80 | 18.5329@8862 | 164239 |
| 10 | 434/25താമരയൂർ അമ്പലം മുസ്ലീംപള്ളി റോഡിൽ കാന നിർമ്മാണം | 85384/23 | 234 | 64.266@7500 | 481995 |
| 11 | 326/25ഇ.എം.എസ്. റോഡിൽ കാന നിർമ്മാണം. | 115564/23 | 72 | 15.765@7324 | 115462.86 |

സൈഡ് വാൾ നിർമ്മാണം സബ്സ്ട്രക്ചർ പ്രവൃത്തി ആയതിനാലും രണ്ടു വശങ്ങളിലും ഷട്ടറിംഗ് ആവശ്യമായതിനാലുമാണ് PCC ഡ്രെയിനുകളുടെ സൈഡ് ഭിത്തികൾക്ക് Data 12.5.1.1 നൽകിയതെന്നും, എറങ്ങത്ത് കാന നിർമ്മാണ പ്രവൃത്തിയിൽ ലൂസ് സോയിൽ ആയതിനാലാണ് ഡാറ്റ75.8.1.1 ഉപയോഗിച്ചതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ആയത് തൃപ്തികരമായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 5/17.02.2026)

**1-43 കാഡ്കോ വഴി പ്രവൃത്തി നടത്തിയതിൽ അപാകം-തുടർ നടപടി വിവരം അറിയിക്കണം.**

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

ഫയൽ നം. E5-10851/18

27.02.2023ലെ അമൃത് കോർ കമ്മിറ്റിയുടെ തീരുമാന പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള തച്ചാരുപറമ്പിൽ കുളം, തരകൻ ലാസർ കുളം, വെട്ടത്ത് കുളം, ബ്രഹ്മകുളം എന്നിവിടങ്ങളിലെ ഓപ്പൺ സ്പേസുകളിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, തച്ചാരുപറമ്പിൽ കുളം ബ്രഹ്മകുളം എന്നിവിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, വെട്ടത്ത് കുളത്തോട് ചേർന്ന് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനും താല്പര്യപത്രം (Expression Of Interest) ക്ഷണിച്ചതു പ്രകാരം കുറവ് തുക രേഖപ്പെടുത്തിയ KADCO യുടെ ക്വട്ടേഷന് കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് ബഹു.ചെയർമാൻ മുൻകൂർ അനുമതി നൽകുകയും 30.04.2024ലെ കൗൺസിൽ 4ാം നമ്പർ തീരുമാനപ്രകാരം ചെയർമാൻ നൽകിയ അനുമതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി നടത്തുന്നതിന് താൽപ്പര്യമുള്ളവരെ കണ്ടെത്തുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമാണ് താൽപ്പര്യപത്രം ക്ഷണിക്കുന്നത്. എന്നാൽ നടത്തേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയക്രമം നിശ്ചയിച്ച് പ്രവൃത്തി നടത്തുന്നതിനു പൊതുമരാമത്ത് മാനുവൽ പ്രകാരം അവലംബിക്കേണ്ടത് ടെണ്ടർ നടപടിയാണ്. താഴെ പട്ടികയിലെ പ്രവൃത്തികളിൽ സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യപ്പെടുന്നതിനാലും, ഇലക്ട്രിക്കൽ, സിവിൽ പ്രവൃത്തികൾ ഉൾപ്പെടുന്നതിനാലും വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കുകയും, പ്രവൃത്തി നിർവ്വഹണത്തിൽ ടെണ്ടർ നടപടികളുമാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിക്കാതെ താൽപ്പര്യപത്രം മാത്രം ക്ഷണിച്ച് പ്രവൃത്തി നടത്തിയത് നിയമാനുസൃതമല്ല. താൽപ്പര്യപത്രം ക്ഷണിച്ചതു പ്രകാരം ലഭിച്ച ഓഫറുകളുടെ ഫയലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | KADCO | ARTCO |
|---|---|---|---|
| 1 | തച്ചാരുപറമ്പിൽ കുളം | 899467 | 104830 |
| 2 | തരകൻ ലാസർ കുളം | 578793 | 908205 |
| 3 | വെട്ടത്ത് കുളം | 401751 | 476002 |

| | | | |
|---|---|---|---|
| 4 | ബ്രഹ്മകുളം | 894461 | 1058679 |

ഫയലുകൾ പരിശോധിച്ചതു പ്രകാരം KADCO നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കുളത്തിന്റെ പേര് | വാങ്ങിയ ഉപകരണങ്ങൾ | എസ്റ്റിമേറ്റ് നമ്പർ | തുക, Payment Advice Number, തിയ്യതി | പ്രവൃത്തി മൂല്യം | മുദ്രവില ചുമത്തേണ്ടത് | മുദ്രവില ചുമത്തിയത് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | തരകൻ ലാസർ കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling<br>Step Trainer<br>Leg Press | Kadco/CRO/S&SS 2024/ Price/727/2023/ 07.03/2024 | 19620 / C062438394571/ 29.06.2024<br>559173/ C062438391023/ | 578793 | 580 | 200 | 380 |
| 2 | ബ്രഹ്മ കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling<br>Step Trainer<br>Leg Press<br>Electrical Works<br>Paving Tile | Kadco/CRO/S&SS 2024/ Price/100/2024/ 20.06/2024 | 1026237/ C062438680097 /29.06.2024<br>36008/ C062438709467 /29.06.2024<br>577381 Gym<br>Civil & Electrical<br>484864 | 1062245 | 1070 | 200 | 870 |
| 3 | തച്ചാരു പറമ്പിൽ കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling<br>Step Trainer<br>Electrical Works<br>Civil Works | Kadco/CRO/ S&SS/ Price/729/2023/ 07.03.2024 | 25180/ C062437983368 /29.06.2024<br>717641/ C062437982365 /29.06.24<br>1163/ C072435269747 /18.07.2024<br>481453 Gym<br>Civil & Electrical<br>418012 | 899465 | 900 | 200 | 700 |
| 4 | വെട്ടത്ത് കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling | Kadco/CRO/ S&SS/ Price/728/2023/ 20.06.2024 | 13608/ C062438398407 /29.06.2024<br>386633/ C062438397820 /29.06.2024<br>343297Gym<br>Civil & Electrical<br>58113 | 401411 | 410 | 200 | 210 |
| | | | | | | | | 2160 |

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

**1) KADCO**യെ പ്രവൃത്തി ഏൽപ്പിച്ചത് നിയമാനുസൃതമല്ല .

കരകൗശല വിദഗ്ദരായ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷൻ സ്ഥാപനമാണ് KADCO. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും സ്പെസിഫിക്കേഷനിലും ഉള്ളതും കാഡ്കോ ഉൽപ്പാദിപ്പിക്കുന്നതുമായ ഉപകരണങ്ങൾ (5ലക്ഷം രൂപ വരെയുള്ള സാധനങ്ങളും, സേവനങ്ങളും) ടെണ്ടർ നടപടി കൂടാതെ KADCOയിൽ നിന്ന് സമാഹരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ മേൽ പട്ടികയിലെ വിവിധ പ്രവൃത്തികളിൽ GYM ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിനും, സിവിൽ പ്രവൃത്തികൾ നടത്തുന്നതിനുമുള്ള പ്രവൃത്തി ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ KADCO എന്ന സ്ഥാപനത്തിന് ഇല്ല.

26.4.2019ന് നിലവിൽ വന്ന സ.ഉ.(പി)നം. 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place) മുഖേന വാങ്ങുന്നതിനും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നും

സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 08.11.2010-ലെ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ ടെണ്ടർ നടപടി സ്വീകരിക്കണം. KADCO വിതരണം ചെയ്ത GYM ഉപകരണങ്ങൾ കാഡ്കോ നിർമ്മിക്കുന്നവയല്ല, ഈ ഉപകരണങ്ങൾക്ക് സർക്കാർ സ്പെസിഫിക്കേഷനും നിരക്കും നിശ്ചയിച്ച് നൽകിയിട്ടില്ല.

മേൽ പ്രകാരമുള്ള ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് ഉൽപ്പാദകരിൽ നിന്നോ, അംഗീകൃത വിതരണക്കാരിൽ നിന്നോ നഗരസഭ ടെണ്ടർ ക്ഷണിക്കുകയോ, GeM മുഖേന വാങ്ങൽ നടത്തുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വാങ്ങൽ നടത്തുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും, അക്രഡിറ്റേഷൻ ഇല്ലാത്ത പ്രവൃത്തികൾ KADCO മുഖേന നടത്തിയതും നിയമാനുസൃതമല്ല. ഇതു സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല.

**2)** മുദ്രവില ഈടാക്കിയതിൽ കുറവ്

2018-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1959ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തുകയും 5 (F) എന്ന വ്യവസ്ഥ കൂട്ടി ചേർത്തതു പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% തുകയുടെ മുദ്രവില ചുമത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച 05.03.2025ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 16/2025/ധന. പ്രകാരം അതാത് സമയത്ത് ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാതിരുന്നിട്ടുണ്ടെങ്കിൽ കൂടി ആയത് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കാഡ്കോ മുഖേന നഗരസഭയിൽ നടപ്പാക്കിയ മേൽ പട്ടികയിലെ പ്രവൃത്തികളിൽ എല്ലാം തന്നെ 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല. സാധനങ്ങളും സേവനങ്ങളും നൽകുന്നത് ഉൾപ്പെടുന്ന കരാറുകൾ വർക്ക് കോൺട്രാക്ടിന്റെ ഭാഗമായതിനാൽ ആയതിന് മേൽ പ്രകാരം എസ്റ്റിമേറ്റിന്റെ/കരാർ തുകയുടെ 0.1% മുദ്രവില ചുമത്തേണ്ടതായിരുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ചതു പ്രകാരം മുദ്രവിലയിൽ കുറവായ തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വരവു നഷ്ടമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

**3)** ടൈൽ വിരിച്ചതിന് അധിക നിരക്ക് നൽകി . നഗരസഭയ്ക്ക് നഷ്ടം **41,800**രൂപ

മേൽ പട്ടികയിലെ ക്രമ നമ്പർ 2 ബ്രഹ്മകുളം പ്രവൃത്തിയിൽ 96 $M^2$ വിസ്തീർണ്ണത്തിൽ 22mm Chequered Tile വിരിച്ചതിന് DSR Data 11.20.1 പ്രകാരം 1,438/$M^2$രൂപ നിരക്കിൽ 1,38,048 രൂപ KADCO യ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ 2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിലും കുളത്തിന് ചുറ്റുമുള്ള നടപ്പാത നിർമ്മാണത്തിലും 22 Mm Chequered Tile വിരിച്ച സംഗതികളിൽ DSR 2data 11.20.4പ്രകാരം 1,069/$M^2$ രൂപ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയിട്ടുള്ളത്. കൂടിയ നിരക്കിലുള്ള ഡാറ്റ പ്രകാരം തുക അനുവദിച്ചതു മൂലം (1438-1069=369) 369 X 96=35,424രൂപയും ആയതിന്റെ ജി.എസ്.ടി 18% ഉൾപ്പെടെ 41,800രൂപ അധികമായി കാഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.



സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സർക്കാർ സ്ഥാപനങ്ങൾ നോൺ പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ പ്രൈസ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, നടപ്പാക്കിയ പ്രവൃത്തികളിൽ സംയുക്തമായി അളവ് പരിശോധിച്ച് രേഖപ്പെടുത്തുകയും, മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കാഡ്കോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. നഗരസഭയിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടത്തിയ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായ ഡാറ്റ പ്രകാരമുള്ള നിലവാരം കൂടിയ പ്രവൃത്തിയാണോ ചെയ്തിട്ടുള്ളത് എന്ന് പരിശോധിക്കാതെയാണ് കാഡ്കോയ്ക്ക് തുക നൽകിയിട്ടുള്ളത്. നഗരസഭാ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.02.2026 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിൽ നടത്തിയ DSR Data 11.20.4 പ്രകാരമുള്ള അതേ ഇനം പ്രവൃത്തി തന്നെയാണ് ബ്രഹ്മകുളം പാർക്കിലും (ഡിസൈനിൽ മാത്രം മാറ്റമുള്ള 22mm Chequered Tile) നടത്തിയിട്ടുള്ളത് എന്നു കണ്ടു. ആയതിനാൽ അധികം നൽകിയ തുക കാഡ്കോയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക 41,800രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ.22/21.02.2026)

**1-44 അമൃത് പദ്ധതി-ഗുരുവായൂർ നഗരസഭയിലെ സെപ്റ്റേജ് മാലിന്യ സംസ്കരണം-പദ്ധതി ലക്ഷ്യം നേടിയില്ല. തുടർ നടപടി സ്വീകരിക്കണം**

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

അമൃത് പദ്ധതി-സെപ്റ്റേജ്&സിവറേജ് ടീറ്റ്മെന്റ് സെക്ടർ

തണ്ണീർത്തട ഭൂമിയ്ക്ക് പരിവർത്തനാനുമതി ലഭിച്ചില്ല-സെപ്റ്റേജ് ടീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായില്ല .

ഗുരുവായൂർ നഗരസഭയിലെ സെപ്റ്റേജ് & സിവറേജ് മാലിന്യം സംസ്കരിക്കുന്നതിന് അമൃത്-1 പദ്ധതിയിൽ 14.5 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ നിന്നും 10 കോടി രൂപ കുടിവെള്ള സ്രോതസ്സുകളുടെ നവീകരണത്തിനായി വകമാറ്റി. ബാക്കിയുള്ള 4.5 കോടി രൂപ വിനിയോഗിച്ച് നഗരസഭയിലെ സിവറേജ് മാലിന്യം സംസ്കരിക്കുന്ന 3MLD ശേഷിയുള്ള ചക്കംകണ്ടത്തെ വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റിനോടനുബന്ധിച്ച് 100 KLD Faecal Sludge/Septage സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ പ്രോജക്ട് തയ്യാറാക്കുകയും ചാവക്കാട് വില്ലേജ് സർവ്വെ 58/3, 58/7, 58/8 സർവ്വെകളിലുൾപ്പെട്ട 50 സെന്റ് ഭൂമി നികത്തി സെപ്റ്റേജ് പ്ലാന്റ് സ്ഥാപിക്കുന്നതിന് KWAതയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3.9 കോടി രൂപ പ്രോജക്ടിൽ വകയിരുത്തുകയും ചെയ്തു. പ്രവൃത്തി നടത്തുന്നതിന് നഗരസഭ ടെണ്ടർ ക്ഷണിച്ച് ഗ്രീൻവേ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ 14.10.2019 ലെ കൗൺസിൽ 14ാം നമ്പറായി അംഗീകരിച്ച് 22.11.2019 ന് കരാറിലേർപ്പെട്ടു. 27.10.2020ലെ 22ാം നമ്പർ തീരുമാനപ്രകാരം പ്ലാന്റിന്റെ കൺസൾട്ടിംഗ് ഫീസിനത്തിൽ 1,70,000 രൂപ മലിനീകരണ നിയന്ത്രണ ബോർഡിൽ അടവാക്കി.

പ്രോജക്ട് നടപ്പാക്കുന്നതിന് കണ്ടെത്തിയ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ തണ്ണീർത്തടം നികത്തി പ്ലാന്റ് സ്ഥാപിക്കുന്നതിന് ആർ.ഡി.ഒ അനുമതി നൽകിയില്ല. തുടർന്ന് അമൃത് പദ്ധതിയുടെ സംസ്ഥാന തല ഉന്നതാധികാര സമിതിയുടെ (State High Power Streering Committee) 32ാമത് യോഗത്തിന്റെ അഡീഷണൽ അജണ്ട 2 പ്രകാരം 100 KLDസെപ്റ്റേജ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ അനുവദിച്ചിരുന്ന 4.5 കോടി രൂപയിൽ 4 കോടി രൂപ വാട്ടർ സപ്ളൈ സെക്ടറിലേക്ക് വകമാറ്റി ചെലവഴിക്കുന്നതിനും, സെപ്റ്റേജ് പ്ലാന്റ് നിർമ്മാണം ക്യാൻസൽ ചെയ്ത് ബാക്കിയുള്ള 50 ലക്ഷം രൂപ വിനിയോഗിച്ച് സെപ്റ്റേജ് കളക്ഷനുള്ള വാഹനം വാങ്ങുന്നതിനും തീരുമാനിച്ചു. വളരെയധികം പാർപ്പിട സമുച്ചയങ്ങൾ സ്ഥിതിചെയ്യുന്ന നഗരപ്രദേശത്ത് സെപ്റ്റേജ് മാനേജ്മെന്റിന്റെ ഭാഗമായി Feacal Sludge & Septage സംസ്കരിക്കുന്നതിന് നിലവിൽ ആവശ്യമായ ശാസ്ത്രീയമായ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ സിവറേജ് പ്ലാന്റിൽ സെപ്റ്റേജ് മാലിന്യത്തെ നേർപ്പിച്ച് സംസ്കരിക്കുന്നതിനാണ് സെപ്റ്റേജ് നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്.

നഗരസഭാ പ്രദേശത്തെ വർദ്ധിച്ച ജലമലിനീകരണവും, കുടിവെള്ളത്തിലെ കോളിഫോം സാന്നിദ്ധ്യവും

ക്ഷേത്ര നഗരത്തിലെ വർദ്ധിച്ച ജലവിനിയോഗവും, ഭൂജലചൂഷണവും, കൂടിയ അളവിലുള്ള സെപ്റ്റേജ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാതെ പുറംതള്ളുന്നത് ഭൂജലത്തിൽ കലരുന്നതും മൂലം നഗരത്തിലെ ഭൂരിഭാഗം പാർപ്പിട സമുച്ചയങ്ങളും, വ്യാപാരസ്ഥാപനങ്ങളും, ഹോട്ടലുകളും സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലെ കിണറുകൾ, കുഴൽകിണറുകൾ, മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ കോളിഫോം വിഭാഗത്തിൽപെട്ട ഹാനികരമായ ബാക്ടീരിയകളുടെ തോത് അനുവദനീയമായ അളവിലും അധികരിച്ചിട്ടുള്ളതായി നഗരസഭ ആരോഗ്യവിഭാഗം നടത്തിയ ജലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. നഗരസഭ നടത്തിയ തുടർച്ചയായ ജലപരിശോധനകളുടെ ഫലങ്ങൾ പരിശോധിച്ചതിൽ നിന്നും മനുഷ്യവിസർജ്ജ്യത്തിൽ കാണപ്പെടുന്ന ഹാനികരമായ ഈ ബാക്ടീരിയകളുടെ കുടിവെള്ള സ്രോതസ്സുകളിലെ അളവ് ദിനം പ്രതി വർദ്ധിച്ചു വരുന്നതായി കാണുന്നു. ഈ സ്ഥിതിവിശേഷം നഗരസഭാ പ്രദേശത്ത് സാംക്രമിക രോഗങ്ങളുടെ വ്യാപനത്തിനും, ആരോഗ്യപ്രശ്നങ്ങൾക്കും ഇടയാക്കുമെന്നതിനാൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സിവറേജ് നെറ്റ്‌വർക്കിൽ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല .

ഗുരുവായൂർ ക്ഷേത്രത്തിനു ചുറ്റുമുള്ള ഇന്നർ/ഔട്ടർ റിംഗ് റോഡുകൾക്ക് സമീപമുള്ള പാർപ്പിട സമുച്ചയങ്ങൾ, വ്യാപാര സ്ഥാപനങ്ങളിൽ എന്നിവിടങ്ങളിൽ നിന്നുള്ള ദ്രവമാലിന്യത്തെ കൺസീൽഡ് ഡ്രെയിനുകളിലൂടെ ചക്കംകണ്ടത്തെ സിവറേജ് പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 3 ദശലക്ഷം (MLD) ശേഷിയുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് ചക്കംകണ്ടത്ത് പ്രവർത്തിക്കുന്നുണ്ട്. ഔട്ടർ റിംഗ് സോണിലെ മൂന്ന് പമ്പ്ഹൗസുകളിലെ ഭൂജല ടാങ്കുകളിൽ ശേഖരിക്കുന്ന ദ്രവമാലിന്യം സിവറേജ് ഡ്രെയിനുകൾ വഴി ചക്കംകണ്ടം പ്ലാന്റിൽ എത്തിച്ചേരുന്നു. പ്രതിദിനം മൂന്ന് ദശലക്ഷം സിവറേജ് മാലിന്യത്തെ ശുദ്ധീകരിക്കുന്നതിനുള്ള ശേഷി പ്ലാന്റിനുണ്ടെങ്കിലും 0.4 മുതൽ 1.2 ലക്ഷം വരെ ലിറ്റർ ദ്രവമാലിന്യം മാത്രമാണ് നിലവിൽ ശുദ്ധീകരിക്കുന്നത് എന്നും, സിവറേജ് ഡ്രെയിൻ നെറ്റ് വർക്ക് കടന്നുപോകുന്ന പ്രദേശങ്ങളിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും, പാർപ്പിട സമുച്ചയങ്ങളും നിലവിൽ സിവറേജ് നെറ്റ് വർക്കിന്റെ ഭാഗമല്ല എന്നും വാട്ടർ അതോറിറ്റി അധികൃതർ അറിയിക്കുകയുണ്ടായി. നഗരസഭയിലും ഇതു സംബന്ധിച്ച കണക്കുകൾ ഇല്ല. പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് സാധ്യമായ വിധത്തിൽ മുഴുവൻ പാർപ്പിട സമുച്ചയങ്ങളെയും ജലമലിനീകരണം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളെയും സിവറേജ് നെറ്റ് വർക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പുതിയ പാർപ്പിട സമുച്ചയങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ മലിനജല സംസ്കരണത്തിനായി STP(സിവറേജ് ടീറ്റ്മെന്റ് പ്ലാന്റുകൾ) സ്ഥാപിക്കുന്നതിന് നഗരസഭ നിർദ്ദേശിക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മലിനജലത്തെ യഥാസമയം സംസ്കരിക്കുന്നതിനുള്ള ശേഷി ഈ പ്ലാന്റുകൾക്ക് ഉണ്ടോയെന്നും, ഇവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്നുമുള്ള തുടർ പരിശോധന നടത്തുന്നില്ല. നഗര കേന്ദ്രപ്രദേശങ്ങൾ താരതമ്യേന താഴ്ന്ന് സ്ഥിതിചെയ്യുന്ന ഭൂപ്രദേശമായതിനാൽ മഴവെള്ളത്തിൽ കലരുന്ന മാലിന്യങ്ങൾ മണ്ണിൽ ആഴ്ന്നിറങ്ങുന്നതും കൂടിയ അളവിൽ ഹാനികരമായ ബാക്ടീരിയകളുടെ തോത് വർദ്ധിക്കാനിടയായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ശാശ്വതമായ ശാസ്ത്രീയ സംവിധാനങ്ങൾ

ഏർപ്പെടുത്തേണ്ടതുണ്ട്.

സെപ്റ്റേജ് കളക്ഷന് വാങ്ങിയ സെപ്റ്റേജ് ഡിസ്ലഡ്ജിംഗ് **&** സക്ഷൻ വെഹിക്കിൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല**.**

21.12.2022 ലെ സ.ഉ.(ആർ.ടി.) നം.3156/2022/LSGD നമ്പർ ഉത്തരവിലൂടെ സെപ്റ്റേജ് ഡിസ്ലഡ്ജിംഗ്& സക്ഷൻ വാഹനം വാങ്ങുന്നതിന് നഗരസഭയോട് നിർദ്ദേശിച്ചതിനെ തുടർന്ന് വാഹനം വാങ്ങിയതിനും, അനുബന്ധചെലവുകൾക്കുമായി വിനിയോഗിച്ച തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവഴിച്ച തുക | Payment Advise Number/Date | കുറിപ്പുകൾ |
|---|---|---|---|
| 1 | 20,39,301 | C112419737433/14.11.2024 | വിതരണ സ്ഥാപനത്തിന് നൽകിയത് |
| 2 | 70,932 | C112419763052/14.11.2024 | രജിസ്ട്രേഷൻ, ടാക്സ്, ഇൻഷൂറൻസ് |
| 3 | 2,300 | C112419741167/14.11.2024 | ഇന്ധനം. |
| 4 | 25,000 | 550612/13.08.2024 | സർവ്വീസിംഗ് |
| 5 | 3,735 | 180768/12.12.2024 | ഇന്ധനം |
| ആകെ | 21,41,268 | | |

നഗരപ്രദേശത്തെ ജലമലിനീകരണവും, സാംക്രമിക രോഗ പകർച്ചയുള്ള സാധ്യതകളും കുറയ്ക്കുന്നതിനായി Feacal Sludge & Septage ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ആവിഷ്കരിച്ച 100 KLDസെപ്റ്റേജ് പ്ലാന്റ് സ്ഥാപിക്കൽ അമൃത് പ്രോജക്ടിലുൾപ്പെടുത്തി നടപ്പാക്കാൻ നഗരസഭയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ കുറഞ്ഞ അളവിലെങ്കിലും സെപ്റ്റേജ് മാലിന്യം ശേഖരിച്ച് ചക്കംകണ്ടത്തെ പ്ലാന്റിലെത്തിച്ച് ആദ്യഘട്ടത്തിൽ നേർപ്പിച്ച് സിവറേജ് മാലിന്യത്തിന്റെ നിലവാരത്തിലേക്ക് താഴ്ത്തുകയും പിന്നീട് സിവറേജ് മാലിന്യത്തോടൊപ്പം സംസ്കരിക്കുന്നതിനുമായി 5000ലിറ്റർ കപ്പാസിറ്റിയുള്ള ഡൈല്യൂഷൻ ടാങ്ക് റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് വഴി ചക്കം കണ്ടത്തെ പ്ലാന്റിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്.




മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരംനഗരസഭ ടെണ്ടർ ക്ഷണിച്ച് 4000 ലിറ്റർ കപ്പാസിറ്റിയുള്ള സെപ്റ്റേജ് ഡി സ്ലഡ്ജിംഗ് & സക്ഷൻ വെഹിക്കിൾ 27,90,000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. നിയമാനുസൃത റിക്കവറികൾ നടത്തിയശേഷം പ്രോജക്ട് തുകയായ 27.9 ലക്ഷം രൂപയുടെ 75% തുകയായ 20,39,301 രൂപ GeM മുഖേന വാഹനം വിതരണം ചെയ്ത ക്ലീൻ പ്ലസ് ഗ്രീൻ എകിപ്മെന്റ്സ്, ഉത്തർപ്രദേശ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബാക്കി തുക നാളിതുവരെ നൽകിയിട്ടില്ല. വാഹനത്തിന് 19.09.2024 ന് KL-46 Z 8946 എന്ന നമ്പർ ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്തുന്നതിനായി 10,800 രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം സർവ്വീസ് നടത്തുന്നതിനാവശ്യമായ നമ്പർ പ്ലേറ്റ് വാഹനത്തിൽ ഘടിപ്പിച്ചിട്ടില്ല എന്ന് 23.02.2026 നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. നാളിതു വരെ വാഹനം ഉപയോഗിച്ചിട്ടില്ല.

വാങ്ങിയ വാഹനം ഉപയോഗിക്കാത്തതിനാൽ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ വാഹനം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും SLTCയിലേക്ക് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അമൃത് മിഷൻ ഡയറക്ടർ 25.05.2025ലെ നം. SMMU/160/2022-UP2 കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടും നാളിതു വരെ വാഹനം പ്രയോജനപ്പെടുത്തുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

വാഹനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ഹെൽത്ത് വിഭാഗത്തിലെ ജീവനക്കാർക്ക് നൽകിയിട്ടില്ല. സ്ഥാപിച്ചിട്ടുള്ള 5000 ലിറ്റർ ഡൈല്യൂഷൻ ടാങ്ക് ഭൂനിരപ്പിനേക്കാൾ ഉയരത്തിൽ സ്ഥിതിചെയ്യുന്നതിനാൽ സെപ്റ്റേജ് മാലിന്യം ശേഖരിച്ചാൽ തന്നെ ഡൈല്യൂഷൻ ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിനാവശ്യമായ സംവിധാനം വാഹനത്തിൽ ഏർപ്പെടുത്തിയിട്ടില്ല. പ്രദേശത്തെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്ന വാട്ടർ അതോറിറ്റി, അമൃത് പ്രോജക്ട്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ സംയുക്ത യോഗം ചേർന്ന് ചർച്ച നടത്തുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. 03.02.2026 ലെ കൗൺസിലിൽ ഇക്കാര്യം അജണ്ടയിലുൾപ്പെടുത്തിയിരുന്നുവെങ്കിലും 20ാം നമ്പർ തീരുമാനപ്രകാരം ആയത് മറ്റൊരു യോഗത്തിലേക്ക് മാറ്റിവച്ചതായാണ് കാണുന്നത്.

മേൽ സൂചിപ്പിച്ച അപകാങ്ങൾ പരിഹരിച്ച് സെപ്റ്റേജ് വാഹനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ആയതു വരെ ചെലവഴിച്ച തുക 21,41,268 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ.34/24.02.2026)

## 1-45 അമൃത് പദ്ധതിയിലുൾപ്പെട്ട ചാവക്കാട് ഹൈസ്കൂൾ ഗ്രൗണ്ട് വികസന പദ്ധതി-ആർട്ടിഫിഷ്യൽ ടർഫ്

പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.
എസ്റ്റിമേറ്റ് നമ്പർ 6716/2022
വകയിരുത്തിയ തുക 2.5 കോടി രൂപ
ചെലവഴിച്ച തുക 2.38കോടി രൂപ (അമൃത്-1 പദ്ധതി)
അമൃത് പദ്ധതിയിലുൾപ്പെടുത്തി ചാവക്കാട് ഗവൺമെന്റ് ഹൈസ്കൂളിൽ അന്താരാഷ്ട്ര നിലവാരമുള്ള ആർട്ടിഫിഷ്യൽ ടർഫ് നിർമ്മിച്ച പ്രവൃത്തിയിൽ താഴെ കാണും പ്രകാരം അപാകങ്ങൾ കാണുന്നു.

**1) അക്രഡിറ്റഡ് ഏജൻസിക്ക് അഡ്വാൻസ് നൽകിയതുക തിരികെ ഈടാക്കാതെ മറ്റു പ്രവൃത്തി ബില്ലുകളിൽ ക്രമീകരിക്കുന്നതിന് തീരുമാനമെടുത്തത് ക്രമപ്രകാരമല്ല.**

ഗുരുവായൂർ നഗരസഭയുടെ അമൃത് പദ്ധതിയുടെ ഭാഗമായി ഗ്രീൻസ്പേസ് & പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ലെവൽ ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി 14.07.2017 ന് നൽകിയ ഭരണാനുമതി പ്രകാരം ഗ്രൗണ്ട് വികസനം, സ്റ്റേജ്, അമിനിറ്റി ബ്ലോക്ക് ബിച്ചസ്, ബാഡ്മിന്റൺ കോർട്ട്, സിന്തറ്റിക്ക് ട്രാക്ക് എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ 1.67 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കുകയും, ഗ്രാസ്സ് ടർഫ് നിർമ്മിക്കുന്നതിന് ടെണ്ടർ കൂടാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തി 21.03.2018 ലെ ഭരണസമിതി 8ാം നമ്പറായി തീരുമാനമെടുക്കുകയും 11.05.2018 ലെ 6/18-19 കരാർ പ്രകാരം 20% തുക 20,56,211 രൂപ അക്രഡിറ്റഡ് ഏജൻസിക്കു നൽകാവുന്ന അഡ്വാൻസായി ULCCS ന് അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഗ്രാസ്സ് ടർഫിന് പകരമായി മറ്റു പ്രവൃത്തികൾ ഒഴിവാക്കി അന്താരാഷ്ട്ര നിലവാരമുള്ള സിന്തറ്റിക്ക് ടർഫ് നിർമ്മിക്കുന്നതിന് 24.12.2019 ലെ ഭരണ സമിതി 11 ാം നമ്പറായി തീരുമാനമെടുത്തതിനെ തുടർന്ന് ചെയ്ത പ്രവൃത്തികളുടെ മൂല്യം 1,73,979 രൂപ കണക്കാക്കി ഫൈനൽ ബിൽ തയ്യാറാക്കുകയും കരാറുകാരന് അനുവദിക്കാവുന്ന 1,26,796 രൂപ കഴിച്ച് ബാക്കി തുക 19,29,415 രൂപ കരാറുകാരന്റെ(ULCCS) മറ്റു പ്രവൃത്തി ബില്ലുകളിൽ ക്രമീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. പ്രോജക്റ്റ് പൂർണ്ണമായും മാറ്റം വരുത്തി ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ അകർഡിറ്റഡ് ഏജൻസിയ്ക്ക് അഡ്വാൻസായി നല്കിയ തുക തിരികെ ഈടാക്കുന്നതിന് പകരമായി മറ്റ് പ്രവൃത്തി ബില്ലുകളിൽ ക്രമീകരിക്കുന്നതിന് തീരുമാനമെടുത്തത് നിയമാനുസൃതമല്ല.

ഗ്രാസ്സ് ടർഫിനു പകരമായി സിന്തറ്റിക്ക് ടർഫ് ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി 19.01.2022ലെ ജി.ഒ.(ആർ.ടി.) നം.134/2022/LSGD ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 28.04.2021 G.O.(P)നം. 67/2021/ Fin ഉത്തരവിലെ ഖണ്ഡിക7.3., 8.4. എന്നിവയിലെ സെന്റേജ് വ്യവസ്ഥകളിൽ ഡിപ്പാർട്ട്മെന്റലായി ചെയ്യുന്ന പ്രവൃത്തികളുടെ നിയമാനുസൃതമായ സെന്റേജ് ചാർജ്ജ് കുറവു വരുത്തി പരമാവധി 4.05%സെന്റേജ് ചാർജ്ജ് അനുവദിക്കുന്ന വിധത്തിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഇ-ടെണ്ടർ, റീ ഇ ടെണ്ടർ എന്നിവ ക്ഷണിക്കുകയും റീടെണ്ടറിൽ ലഭിച്ച ഏക ടെണ്ടറായ ULCCS ന്റെ ടെണ്ടർ 10.10.2022 ലെ ഭരണ സമിതി (1) നമ്പറായി അംഗീകരിക്കുകയും 24.11.2022 ന് 18/22-23 നമ്പറായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

**2)** അധിക സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല

11 പേർക്ക് കളിക്കാവുന്ന 104 X 62 മീറ്റർ വിസ്തീർണ്ണത്തിലുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക്ക് ടർഫോട് കൂടിയ ഒരു ഫുഡ്ബാൾ കോർട്ട് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഹൈസ്കൂൾ ഗ്രൗണ്ടിൽ ഇല്ലാത്തതിനാൽ ഗ്രൗണ്ടിന്റെ വടക്കു-കിഴക്കു വശത്തായി പോരാതെ വരുന്ന 2 മീറ്റർ നീളത്തിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി ചാവക്കാട് റൂറൽ ഫർക്ക ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും 2.55 സെന്റ് ഏറ്റെടുത്തു നൽകുന്നതിന് ബഹു. തൃശ്ശൂർ ജില്ലാ കളക്ടറോട് നഗരസഭ ആവശ്യപ്പെട്ടിരുന്നു. RFCTLARR (Right To Fare Compansation And Transparensy In Land Aquisition, Rehabilitation And Resettlement) ആക്റ്റ് 2013 പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥന്റെ വിവരം, അനുബന്ധ റവന്യൂ രേഖകൾ, കൗൺസിൽ തീരുമാനം എന്നിവ സമർപ്പിക്കുന്നതിന് 12.01.2021 ലെ നം. E2/11093/2020 കത്തു പ്രകാരം ബഹു.ജില്ലാകളക്ടർ നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് 20.02.2021ലെ കൗൺസിൽ 35ാം നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സ്ഥലം ഏറ്റെടുത്തതും തുക നൽകിയതും സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കാതെ 104 X 62 മീറ്റർ വിസ്തീർണ്ണത്തിൽ ടർഫ് നിർമ്മിക്കാൻ സാധിച്ചത് എങ്ങിനെ എന്നതു സംബന്ധിച്ച് നഗരസഭ മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നൽകേണ്ടതാണ്.

**3)** ആർട്ടിഫിഷ്യൽ ടർഫിന്റെ ഗുണമേന്മാ പരിശോധന നടത്തിയിട്ടില്ല .

25.07.2025 ന് FIFA നൽകിയതായ ഒരു Quality Field Test Report ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ Limonta Sport S.P.A എന്ന സ്ഥാപനം ചാവക്കാട് ഗവൺമെന്റ് സ്കൂളിൽ ഇൻസ്റ്റാൾ ചെയ്ത DUO SHAPE P+SBR എന്ന ഫുട്ബാൾ ടർഫ് സിസ്റ്റത്തിന് 25.07.2025 മുതൽ 24.07.2028 വരെ കാലയളവിലേക്ക് FIFA അംഗീകാരം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. Limonta Sport S.P.A എന്ന സ്ഥാപനത്തെ FIFAയുടെ ലൈസൻസിയായി ടെസ്റ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ FIFAയുടെ 2015ലെ മാനവൽ പ്രകാരമുള്ള ഈ പരിശോധന നടത്തിയ തിയ്യതി 01.12.2017 എന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഗ്രാസ്സ് ടർഫിനു പകരം അന്താരാഷ്ട്ര നിലവാരമുള്ള സിന്തറ്റിക്ക് ടർഫ് നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളത് 24.12.2019 നും, പ്രവൃത്തി നടത്തുന്നതിന് ULCCS കരാറിലേർപ്പെട്ടിട്ടുള്ളത് 24.11.2022 നും മാത്രമാണ്. ആയതിനാൽ 01.12.2017

ലെ ടെസ്റ്റ് റിപ്പോർട്ട് പ്രകാരമുള്ള പരിശോധന ചാവക്കാട് സ്കൂൾ ഗ്രൗണ്ടിൽ സ്ഥാപിച്ച ടർഫിന്റേതാണ് എന്ന് ഉറപ്പാക്കാനാവില്ല. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2401 പ്രകാരം 15 ലക്ഷത്തിൽ അധികരിക്കുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ First Tier Quality Test കരാറുകാരന്റെ സ്വന്തം ചെലവിൽ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കരാറുകാരൻ നൽകുന്ന റിപ്പോർട്ടുകളുടെ ആധികാരികത വകുപ്പ് തലത്തിൽ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ ഇത്തരത്തിൽ പരിശോധന നടത്തിയിട്ടില്ല.



ടർഫ് നിർമ്മാണ പ്രവൃത്തിയുടെ 2nd & പാർട്ട് ബിൽ ഇനം നമ്പർ 9 പ്രകാരം 6448 ചതുരശ്രമീറ്ററിൽ 60mm Pro FIFA Preferred Artificial Turf ചതുരശ്ര മീറ്ററിന് 2021 രൂപ നിരക്കിൽ സ്ഥാപിച്ചതിന് 1,30,32,052 രൂപ ULCCS ന് നൽകിയിട്ടുണ്ട്. കരാർ സ്ഥാപനം സ്ഥാപിച്ച ടർഫിന്റെ സാമ്പിൾ ശേഖരിച്ച് ആയത് FIFAയുടെ 2015ലെ മാന്വൽ പ്രകാരമുള്ള പ്രകാരമുള്ള നിലവാരം ഉണ്ടോയെന്ന് പരിശോധിച്ചതായി കാണുന്നില്ല. ULCCS നഗരസഭയ്ക്ക് ലഭ്യമാക്കിയ സിസി ഗ്രാസ്സ് എന്ന ചൈനീസ് കമ്പനിയുടെ ഫിഫ അംഗീകൃത ഗ്രാസ്സും, യൂറോപ്യൻ കമ്പനിയുടെ ഫിഫ അംഗീകൃത ഗ്രാസ്സും തമ്മിൽ താരതമ്യം ചെയ്യതായി നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 10.02.2023ന് നൽകിയ നം.E5-3421/18 കത്ത് പ്രകാരം ഫിഫ അംഗീകാരമുള്ള യൂറോപ്യൻ കമ്പനിയായ ലിമോണ്ടയുടെ പുല്ലുകൾ C8 പോളിമറുകൾ കൊണ്ട് നിർമ്മിച്ചതാകയാൽ ചൈനീസ് കമ്പനികളുടെ പുല്ലുകളേക്കാൾ നിലവാരം ഉണ്ടെന്നും ആയതിനാൽ ലിമോണ്ട കമ്പനിയുടെ പ്രോഡക്ട് തന്നെ പ്രവൃത്തിയ്ക്ക് ഉപയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതികമായ പരിശോധന നടത്താതെ വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ മറുപടി നൽകിയതായി കാണുന്നത്.

അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനാവശ്യമായ FIFAയുടെ 2015ലെ മാന്വൽ പ്രകാരമുള്ള നിലവാരം ഹൈസ്കൂൾ ഗ്രൗണ്ടിന് ഏർപ്പെടുത്തുന്നതിനായി ഭീമമായ തുക നഗരസഭ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതുമൂലം നഗരസഭയ്ക്കുണ്ടായ പ്രയോജനത്തിന്റെ വ്യാപ്തി എന്താണ് എന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പ്രവൃത്തി നടത്തിയ കാലയളവിലുള്ളിലെ ആർട്ടിഫിഷ്യൽ ടർഫിന്റെ FIFA 2015ലെ മാന്വൽ ടെസ്റ്റ് റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടതാണ്. കരാറിലെ രേഖപ്പെടുത്തൽ പ്രകാരം വെണ്ടർ വാറണ്ടി എന്നാണ് ആർട്ടിഫിഷ്യൽ ടർഫിന്റെ വാറണ്ടി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പാർട്ട് ബിൽ പ്രകാരം അഞ്ചു വർഷ വാറണ്ടിയുള്ള ടർഫ് സ്ഥാപിക്കുന്നതിനുള്ള ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി ചതുരശ്ര മീറ്ററിന് 2021 രൂപ നിരക്കിൽ ULCCS ന് തുക നൽകിയിട്ടുണ്ട്. എന്നാൽ വെണ്ടറുടെ വിശദാംശങ്ങളോ, ടർഫിന്റെ പർച്ചേയ്സ് ബില്ലോ, വാറണ്ടി ഉറപ്പാക്കാവുന്ന വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാറണ്ടി രേഖപ്പെടുത്തിയ ജി.എസ്.ടി.ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**4)** ആർട്ടിഫിഷ്യൽ ടർഫ് ഉൽപ്പാദകരിൽ നിന്നും നേരിട്ട് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തിയില്ല

13.02.2020 ന് MICHEZO, Banglore എന്ന സ്ഥാപനം ലഭ്യമാക്കിയ ക്വട്ടേഷൻ പ്രകാരം 60mm Pro Tested FIFA Preferred Artificial Turf ന്റെ സപ്ലൈ & ഇൻസ്റ്റാളേഷൻ ചതുരശ്ര മീറ്ററിന് രേഖപ്പെടുത്തിയ നിരക്ക് 1,775 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം 6448 ചതുരശ്ര മീറ്ററിൽ ടർഫ് സ്ഥാപിക്കുന്നതിന് 1,14,45,200 രൂപയാണ് ആവശ്യമായി വരുന്നത്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് തയ്യാറാക്കിയ ഒബ്സർവ്വ്ഡ് ഡാറ്റയുടെ അടിസ്ഥാന നിരക്ക് 1861.48 രൂപയും ഓവർഹെഡ് ചാർജ്ജുൾപ്പെടെ നിശ്ചയിച്ച ചതുരശ്ര മീറ്റർ നിരക്ക് 2021.10 രൂപയുമാണ് ULCCS ന് നൽകിയിട്ടുള്ളത്. FIFA Preferred Producer ഉൽപ്പാദിപ്പിക്കുന്ന ഇനം നേരിട്ട് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള അവസരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപു തന്നെ ഉണ്ടായിരുന്നിട്ടും, അടിസ്ഥാന സിവിൽ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹിക്കുന്നതിനും, ടെണ്ടർ നടപടികളിലൂടെ FIFA അംഗീകൃത ലൈസൻസികൾ വഴി ടർഫ് സപ്ലൈ ഏന്റ് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള സാധ്യത പരിഗണിച്ചതായി കാണുന്നില്ല. ULCCS വഴി ആർട്ടിഫിഷ്യൽ ടർഫിന്റെ ഇൻസ്റ്റാളേഷൻ പ്രവൃത്തി നിർവ്വഹിച്ചതിന് 1,30,32,052 രൂപ നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ 15,868,52 രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായതായി കണക്കാക്കാവുന്നതാണ്. ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടില്ല.

**5)** കുട്ടികളുടെ കളിസ്ഥലം ഫുട്ബാളിനു മാത്രമായി പരിമിതപ്പെടുത്തി -കുട്ടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ല

FIFA നിർദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബാൾ ഗ്രൗണ്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും, ആദ്യ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന സ്കൂൾ കുട്ടികൾക്കാവശ്യമായ സ്റ്റേജ്, അമിനിറ്റി ബ്ലോക്ക് ബിച്ചസ്, ബാഡ്മിന്റൺ കോർട്ട്, സിന്തറ്റിക്ക് ട്രാക്ക് തുടങ്ങിയ സൗകര്യങ്ങൾ പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്ന ഗ്രൗണ്ടിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുഡ്ബോൾ സിന്തറ്റിക്ക് ടർഫ് ആക്കി മാറ്റിയിട്ടുണ്ടെങ്കിലും ഫുഡ്ബാൾ മത്സരങ്ങൾ നടത്തുമ്പോൾ തന്നെ കാണികൾക്ക് അവ കണ്ട് ആസ്വദിക്കുന്നതിനുള്ള ഗാലറിയോ, പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങളോ ടർഫിനോട് ചേർന്ന് ഇല്ല. ഫുഡ്ബാൾ അല്ലാതെയുള്ള മത്സരങ്ങൾക്കും പരിശീലനത്തിനും ടർഫ് പ്രയോജനപ്പെടുത്തുന്നതിനും സാധ്യമല്ല. സിന്തറ്റിക്ക് ടർഫ് പ്രയോജനപ്പെടുത്തി നഗരസഭയിലെ വിദ്യാലയങ്ങളിലെ കുട്ടികൾക്കും, സ്കൂൾ സമയത്തിനു ശേഷം യുവജനങ്ങൾക്കും, കായിക പ്രതിഭകൾക്കും പരിശീലനം നൽകുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. സ്കൂൾ സമയത്തല്ലാതെ ഫുട്ബാൾ മത്സരമോ/പരിശീലനമോ നടത്തുന്നതിനു വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുകയോ, ടർഫ് പരിപാലിക്കുന്നതു സംബന്ധിച്ച് നിയമാവലി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സ്കൂൾ ഗ്രൗണ്ടിൽ 11 പേർക്ക് ഫുട്ബോൾ മത്സരം നടത്തുന്നതിനുള്ള അന്താരാഷ്ട്ര നിലവാരമുള്ള സിന്തറ്റിക്ക് ടർഫ് നിർമ്മിച്ചു എന്നതിനപ്പുറം ആയത് ശരിയായ വിധത്തിൽ വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. പ്രോജക്ട് നടത്തിപ്പിലൂടെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കൾ ആരെന്നത് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

**6)** അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബാൾ ടർഫ്- കായിക പ്രതിഭകൾക്ക് പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 30 (1) പ്രകാരമുള്ള നഗരസഭയുടെ ചുമതല പട്ടിക 1 (സി) മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ ക്രമ നമ്പർ XVI പ്രകാരം സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്കു പ്രയോജനപ്പെടുന്ന വിധത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും, കളിസ്ഥലങ്ങളോട് ചേർന്ന് ആവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യവും ഉറപ്പാക്കേണ്ടതുണ്ട്. പ്രോജക്ട് ആസൂത്രണം ചെയ്തതിൽ സ്കൂൾ ഗ്രൗണ്ട് കുട്ടികൾക്ക് വിവിധ കായിക പരിശീലനങ്ങൾക്കും മത്സരങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ പുനർ നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടില്ല. പ്രവൃത്തിയുടെ സാങ്കേതികാനുമതി പ്രകാരം മൂന്നു മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണം. എന്നാൽ 29.11.2022 ന് ആരംഭിച്ച പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചതായി കാണുന്നില്ല. 2.38 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച ആർട്ടിഫിഷ്യൽ ടർഫ് പൊതുജനങ്ങൾക്കും, കായിക പ്രതിഭകൾക്കും കായിക പരിശീലനത്തിനും മത്സരങ്ങൾ നടത്തുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ. 8/18.02.2026)

## 1-46 തോട് വൃത്തിയാക്കൽ -ജി.എസ്.ടി അനുവദിച്ചത് നിയമാനുസൃതമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | എസ്റ്റിമേറ്റ് നമ്പർ | കരാറുകാരൻറെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ജി.എസ്.ടി ഇനത്തിൽ നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 467/25 വലിയതോട് വൃത്തിയാക്കൽ | 14384/24 | വിനോദ് കുമാർ | 800000 | 797602 | 13520 |
| 2 | 469/25കൊച്ചിൻ ഫ്രോണ്ടിയർ തോട് | 15772/2024 | ബിജു.സി.എം. | 500000 | 496393 | 8414 |
| 3 | 397/25ചെമ്പ്രം തോട് വൃത്തിയാക്കൽ | 14337/24 | വിനോദ്കുമാർ സി.പി. | 800000 | 796932 | 13508 |
| 4 | 468/25ചെമ്മണ്ണൂർ തോട് വൃത്തിയാക്കൽ | 13263/24 | ബിജു.സി.എം. | 500000 | 496538 | 8416 |

നഗരസഭയിലെ മേൽ പട്ടികയിലെ തോടുകളിലെ പുല്ല്, ചണ്ടി, കുളവാഴ, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കി ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. എന്നാൽ ചരക്കുകളുടെ വിനിമയമൊന്നും തന്നെയില്ലാത്ത ഈ പ്രവൃത്തിയ്ക്ക് 18% ജി.എസ്.ടി. കൂടിയുൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. 18% ജി എസ് ടി തുക മേൽ പ്രകാരം കരാറുകാർക്ക് നൽകിയിട്ടുണ്ട്.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) തീയ്യതി 28/06/2017, സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) എന്നിവ പ്രകാരം ഭരണഘടന വകുപ്പ് 243w പ്രകാരമുള്ള പട്ടികയിൽ

നഗരസഭകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾക്ക് കേന്ദ്ര, സംസ്ഥാന ജി.എസ്.ടി നല്കേണ്ടതില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. (*Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution).* ഭരണഘടന വകുപ്പ് 243w പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (6) (9) എന്നിവ പ്രകാരം Public Health, Sanitation Conservancy, Protection Of Environment And Promotion Of Ecological Aspects എന്നിവ നഗരസഭയുടെ ചുമതലയിൽപ്പെടുന്ന വിഷയങ്ങളാണ്. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം 30(1) വകുപ്പ് പ്രകാരമുള്ള നഗരസഭയുടെ അനിവാര്യ ചുമതലകളിൽ ക്രമ നമ്പർ 4 ആയി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ നഗരസഭയുടെ ചുമതലയിൽപ്പെട്ട സേവനങ്ങളുമായി ബന്ധപ്പെട്ട ഈ പ്രവൃത്തിക്ക് കരാറുകാരന് ജി.എസ്.ടി അനുവദിക്കേണ്ടതില്ലാത്തതാണ്.

ജി.എസ്.ടി ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കരാറിലേർപ്പെട്ടതിനാലും, ശുദ്ധസേവനം സംബന്ധിച്ച ആശയക്കുഴപ്പവും മൂലമാണ് പ്രവൃത്തിയ്ക്ക് ആനുപാതികമായി കരാറുകാരന് GST തുക അനുവദിച്ചതെന്നും കരാറുകാരൻ നൽകിയ തുക സർക്കാരിലേക്ക് അടവാക്കിയതായും, ഭാവിയിൽ നഗരസഭയുടെ അനിവാര്യ ചുമതലയിൽപ്പെടുന്ന ശുദ്ധസേവനങ്ങൾക്ക് ജി.എസ്.ടി. അനുവദിക്കുകയില്ല എന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതും കരാറുകാരൻ ജി.എസ്.ടി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും 2017 ലെ ജി.എസ്.ടി നിയമം സെക്ഷൻ 54 പ്രകാരമുള്ള റീ ഫണ്ട് സാധ്യത പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 7/18.02.2026)

## 1-47 ഓഡിറ്റ് ഇംപാക്ട്- MORD ഡാറ്റ പ്രകാരം നൽകിയ 19,184 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ അടവാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എഞ്ചിനീയർ.

നഗരസഭയിലെ ചെമ്മണ്ണൂർ തോട് വൃത്തിയാക്കിയതിന് പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 4,96,538 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും കരാറുകാരനായ ശ്രീ.ബിജു.സി.എം. എന്നയാൾക്ക് നൽകിയിട്ടുണ്ട്. ബിൽ പരിശോധിച്ചതിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും തുക അനുവദിച്ചിട്ടുള്ളതും MORD ഡാറ്റ പ്രകാരമാണ് എന്നു കണ്ടു. നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | MORD പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്ക് | ക്വാട്ട് ചെയ്ത നിരക്ക് | ഡി.എസ്.ആർ പ്രകാരം നൽകാവുന്ന നിരക്ക്(എസ്റ്റിമേറ്റ് നിരക്ക്) | പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| 1 | Clearing Jungle | 9.15/Sqm | 9 | 8.65 (8.8) | 860.5 | 7,744 | 7,443 | 301 |
| 2 | Earth Work Excavation In Or Under Water | 325/Cum | 325 | 311.97 (311.97) | 287.6 | 93,470 | 89,722 | 3,748 |
| 3 | Engaging Scavanger | 1012.27/E | 1000 | 959.85 (971.71) | 25 | 25,000 | 23,996 | 1,004 |
| 4 | Engaging Hydraulic Excavator | 1453.56/Hr | 1430 | 1375.61 (1381) | 206 | 2,94,580 | 2,83,375 | 11,205 |
| ആകെ | | | | | | | | 16,258 |

ഗ്രാമീണ നിലവാരത്തിലുള്ള റോഡുകളുടെ നിർമ്മാണത്തിനും, അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാണ് MORD Data ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ റോഡ് നിർമ്മാണവുമായി ബന്ധമില്ലാത്തതും, DSR ഡാറ്റ ഉപയോഗിക്കേണ്ടതുമായ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനങ്ങൾക്കെല്ലാം തന്നെ താരതമ്യേന ഉയർന്ന നിരക്കിലുള്ള CP, OH, Watercharge എന്നിവ ഉൾപ്പെടുന്ന MORD ഡാറ്റ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ 4,20,974.5 രൂപയും ജി.എസ്.ടി. ഇനത്തിൽ 75,743 രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. DSR ഡാറ്റ പ്രകാരം തുക കണക്കാക്കുമ്പോൾ ഈ പ്രവൃത്തിയിൽ 16,258 രൂപയും ആയതിന്റെ 18% ജി.എസ്.ടി തുകയായ 2,926 രൂപയും അടക്കം ആകെ 19,184 രൂപ കരാറുകാരന് അധികമായി നൽകിയതായി കണ്ടു. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കരാറുകാരൻ അധികമായി കൈപ്പറ്റിയ തുക 19,184 രൂപ

M080100-25041121/18.02.2026 രസീത് പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 4/16.02.2026)

## 1-48 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകം-അംഗീകൃത ഒബ്സർവ്വ്ഡ് ഡാറ്റകൾ ഉപയോഗിക്കാത്തത് മൂലം നഗരസഭയ്ക്ക് നഷ്ടം

നഗരസഭയിലെ വിവിധ തോട് ക്ലീനിംഗ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒബ്സർവ്വ്ഡ് ഡാറ്റയാണ് ഉപയോഗിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ ഇ-അളവ് പുസ്തകങ്ങൾ പരിശോധിച്ചതിൽ നിന്നും വിവിധ തോടുകളിൽ 30 ആഴത്തിൽ മണ്ണ്/ചെളി നീക്കം ചെയ്യുതിന് Under Water Excavation പ്രവൃത്തിയ്ക്ക് 311.97 രൂപ/Cum നിരക്കിൽ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 30.3.2023 ലെ ഇന്റർ ഡിപ്പാർട്ട്മെന്റ് കമ്മിറ്റി തയ്യാറാക്കി സർക്കാർ അംഗീകരിച്ച ഫൈനൽ അപ്രൂവ്ഡ് ഒബ്സർവ്വ്ഡ് ഡാറ്റ നമ്പർ 12.2 പ്രകാരം Removal Of Underwater Contaminated Silt, Debris, Sludge,Slurry By Mechanical Means നടത്തുന്നതിന് ക്യൂബിക് മീറ്ററിന് നിശ്ചയിച്ച (അടിസ്ഥാന നിരക്ക് 103.14 രൂപ) Cost Index ഉൾപ്പെടെയുള്ള അനുവദനീയമായ നിരക്ക് 162.43 രൂപയാണ്. അതേസമയം DSR 2018 പ്രകാരം 1.5 മീറ്ററിൽ അധികരിക്കുന്ന Earthwork Excavation പ്രവൃത്തിയ്ക്ക് ഡാറ്റ 2.6.1 പ്രകാരം നൽകാവുന്ന കോസ്റ്റ് ഇൻഡക്സുൾപ്പെടെയുള്ള നിരക്ക് 214.02/$M^3$ രൂപയും, 1.5 മീറ്ററിൽ അധികരിക്കാത്ത പ്രവൃത്തിയ്ക്ക് ഡാറ്റ 2.8.1 പ്രകാരം നൽകാവുന്ന കോസ്റ്റ് ഇൻഡക്സുൾപ്പെടെയുള്ള നിരക്ക് 296.98/$M^3$ രൂപയുമാണ്. നഗരസഭയിലെ വിവിധ തോട് വൃത്തിയാക്കൽ പ്രവൃത്തികളുടെ ഇ-അളവു പുസ്തക രേഖപ്പെടുത്തലുകളിൽ 1.5 മീറ്ററിൽ അധികരിച്ച പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള ഡാറ്റകൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പരിഗണിച്ചിട്ടില്ല. മെക്കാനിക്കൽ ആയി നടപ്പാക്കുന്നതിന് അംഗീകൃത ഒബ്സർവ്വ്ഡ് ഡാറ്റ നിലവിലുള്ളപ്പോൾ തന്നെ ഹൈഡ്രോളിക് എസ്കവേറ്റർ പ്രത്യേകമായി ഉപയോഗിക്കുന്നതിനും, അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് സ്കാവഞ്ചറെ ഉൾപ്പെടുത്തുന്നതിനും ഉള്ള മാന്വൽ ആയി പ്രവൃത്തി നടത്തുന്നതിനുള്ള ഡാറ്റ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം തോട് വൃത്തിയാക്കൽ പ്രവൃത്തിയിൽ അധിക തുക ചെലവഴിക്കാൻ ഇടയായിട്ടുണ്ട്. അംഗീകൃത ഒബ്സർവ്വ്ഡ് ഡാറ്റകൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ച് അധിക ചെലവ് ഒഴിവാക്കുന്നതിനും, ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-49 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നൽകേണ്ടതാണ്

വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രൊജക്ടുകളുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർ ആയിരിക്കണമെന്ന് 04-06-2011 ലെ സ.ഉ.(സാധാ)നം. 1360/2011/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ വ്യക്തിഗത തൊഴിൽ സംരംഭ പ്രൊജക്ടുകളുടെയും വീട്, വീടുകളുടെ അറ്റകുറ്റപ്പണി, വീടുകളുടെ വയറിംഗ്, സാനിറ്ററി കക്കൂസ്, കുടിവെള്ള കിണർ മുതലായ കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെയും ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും നിർബന്ധമായും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആയിരിക്കണം. പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെ കാര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരംഗമെങ്കിലുമുള്ള കുടുംബത്തെ സംവരണ ഗുണഭോക്തൃ കുടുംബമായി കണക്കാക്കാവുന്നതാണ്.

2024-25 വർഷത്തെ ഗുണഭോക്തൃ പട്ടികയിൽ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളിൽ കുറഞ്ഞത് 3 ശതമാനമെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തിഗത ആനുകൂല്യങ്ങൾ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, സാനിറ്ററി ടോയ്‌ലറ്റ് എന്നിവ ലഭ്യമാക്കിയതിന്റെയും ഇല്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 12/20.02.26) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള രീതിയിൽ ശാരീരികമാനസികവെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-50 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂൾ പ്രകാരം പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖര മാലിന്യ നിയന്ത്രണം എന്നിവ നഗരസഭയുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് നഗരസഭകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. നഗരസഭകൾക്ക് ബാധകമായ സ്കീമുകൾ താഴെ ചേർക്കുന്നവയാണ്.

1. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റു ആരോഗ്യ സ്ഥാപനങ്ങളിലും 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതു പ്രാവർത്തികമാക്കുന്നതിനു വേണ്ടി നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച നൽകിയ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

1. ഉപകരണങ്ങൾ വാങ്ങൽ

2. പരിശോധനയ്ക്ക് വേണ്ട റീഏജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

3. ഉപകരണങ്ങൾ, റീഏജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

4. ആരോഗ്യ കേന്ദ്രങ്ങളിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്ത് മുകൾത്തട്ടിലുള്ള

ലാബുകളിലേക്ക് കൊണ്ടു പോകുന്നതിനുള്ള സൗകര്യം

5. ഉപകരണങ്ങളുടെ മെയിന്റൻസ്

6. ആരോഗ്യ സ്ഥാപനത്തിലെ ലാബ് ടെക്നീഷ്യൻസ്, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിനു വേണ്ട പരിശീലനം

7. മോണിറ്ററിംഗ് ചെലവുകൾ

8. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

9. ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങൽ

2. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

ഈ സ്കീമിനു രണ്ടു ഘടകങ്ങളാണുള്ളത് (എ) അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ (ബി) അർബൻ പോളിക്ലിനിക്കുകൾ

താഴെ പറയുന്ന സേവനങ്ങൾ ആണ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിൽ നിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

1. ആരോഗ്യ വർദ്ധന സേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2. രോഗ പ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

3. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

4. അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

5. രോഗചികിത്സാസൗകര്യങ്ങൾ - പകർച്ചവ്യാധികൾ, ജീവിതശൈലീരോഗങ്ങൾക്കുള്ള ചികിത്സ

6. ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

7. ദീർഘകാല രോഗങ്ങൾക്ക് ചികിത്സ, മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

8. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ

അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള മുനിസിപ്പാലിറ്റികളിൽ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് മൂന്നു പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും മറ്റു നഗരഭരണസ്ഥാപനങ്ങളിൽ രണ്ട് പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ കൂടാതെ പൊതുജനങ്ങൾക്ക് സ്പെഷ്യാലിറ്റി സർവീസ് ലഭ്യമാക്കുന്നതിന് പോളിക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണ്. എല്ലാ അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള PHC/CHC/FHC കളിലോ പുതുതായി തുടങ്ങുന്ന ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലോ ഏതെങ്കിലും ഒരിടത്ത് അർബൻ പോളിക്ലിനിക്ക് ആരംഭിക്കാവുന്നതാണ്. അർബൻ പോളിക്ലിനിക്കിൽ വിവിധ സ്പെഷ്യാലിറ്റി സേവനങ്ങൾ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം എന്ന രീതിയിൽ ലഭ്യമാക്കാവുന്നതാണ്.

ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ

യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ഗുരുവായൂർ നഗരസഭ – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ | 70012 |
| ആകെ വാർഡുകളുടെ എണ്ണം | 46 |
| ആകെ വീടുകളുടെ എണ്ണം | 32278 |
| പ്രാഥമികാരോഗ്യ / കുടുംബാരോഗ്യ കേന്ദ്രം - വിവരങ്ങൾ | കുടുംബാരോഗ്യ കേന്ദ്രങ്ങൾ - 2 എണ്ണം (പൂക്കോട്, തൈക്കാട്)<br>നഗര കുടുംബാരോഗ്യ കേന്ദ്രം - 1 (ഗുരുവായൂർ) |
| ആരോഗ്യ ഉപകേന്ദ്രങ്ങൾ | പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ 5 ജനകീയാരോഗ്യ കേന്ദ്രങ്ങളും തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിൽ 3 ജനകീയാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.<br>കൂടാതെ മമ്മിയൂർ, ചൂൽപ്പുറം, മാമബസാർ (പഞ്ചാരമുക്ക്) എന്നീ സ്ഥലങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. |

ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് നഗരസഭയിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ് - സ്കീം 5 (Bank A/C No.110045213772- CANARA BANK IFSC CNRB0000838)

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2022 - 23 | Nil | Nil | ഇല്ല |
| 2 | 2023 -24 | 42,52,000 (2022-23 വർഷത്തെ ഗ്രാന്റ്) | Nil | 42,52,000 |
| 3 | 2024-25 | Nil | 9,45,052 | 33,06,948 |

പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലും സബ് സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മേൽ ഗ്രാന്റ് വിനിയോഗിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റ് - സ്കീം6 (Bank A/C No.110045213785- CANARA BANK IFSC CNRB0000838)

| ക്രമ നം. | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2022 - 23 | Nil | Nil | ഇല്ല |
| 2 | 2023 -24 | 1,33,00,000 (2022-23 വർഷത്തെ ഗ്രാന്റ്) | 69,53,604 | 63,46,396 |
| 3 | 2024-25 | 34,72,000 | 44,91,263 | 53,27,133 |

മേൽ സ്കീം പ്രകാരം അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജീവനക്കാർ എന്നിവരുടെ ഓണറേറിയം, അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററുകളുടെ കെട്ടിട വാടക, കറന്റ് ബിൽ, മറ്റുചെലവുകൾ, സമഗ്ര കാൻസർകെയർ പ്രോഗ്രാം, പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ മുതലായ പ്രവർത്തനങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റ് ചെലവ് തുകകൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുന്നില്ല

2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് സ്കീം 5- നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിമർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ എന്നിവയിൽ അനുവദിച്ച തുക വിനിയോഗിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സ്കീമുകളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ/ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവു തുകയും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവു തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്കീം | സുലേഖ | ബാങ്ക് സ്റ്റേറ്റ്മെന്റ് / |
|---|---|---|

| | ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് തുക |
|---|---|---|
| സ്കീം 5- നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 49438 | 945052 |
| സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ | 560949 | 4491263 |

ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകയുടെ പ്രൊജക്ട് തിരിച്ചുള്ള വിവരങ്ങൾ നഗരസഭയിൽ നിന്നും ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| സ്കീം | പ്രൊജക്ടിന്റെ പേരും നമ്പരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | യഥാർത്ഥ ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|---|
| സ്കീം 5- നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | ഹെൽത്ത് ഗ്രാന്റ് - പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലും സബ് സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (513/25) | MO(CHC) | 945052 | 49438 | 895614 |
| സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ | പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ (സ്പിൽ ഓവർ) (514/25) | MO(CHC) | 229869 | 0 | 229869 |
| | ഗുരുവായൂർ നഗരസഭ – പഞ്ചാരമുക്ക് ഹെൽത്ത് വെൽനെസ്സ് സെന്റർ കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങൽ (519/25) | SEC | 80890 | 0 | 80890 |
| | ഗുരുവായൂർ നഗരസഭ – പഞ്ചാരമുക്ക് ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ കെട്ടിടവാടക, കറന്റ് ബിൽ, വാട്ടർ ബിൽ(520/25) | SEC | 332915 | 193250 | 139665 |
| | അർബൻ | SEC | 2255184 | 0 | 2255184 |

| | | | | | |
|---|---|---|---|---|---|
| | ഹെൽത്ത് വെൽനെസ്സ് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ വേതനം ഓണറേറിയം (521/25) | | | | |
| | ഗുരുവായൂർ നഗരസഭ – പഞ്ചാരമുക്ക് ഹെൽത്ത് വെൽനെസ്സ് സെന്റർ കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങൽ (522/25) | SEC | 80890 | 0 | 80890 |
| | ഗുരുവായൂർ നഗരസഭ – മമ്മിയൂർ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ കെട്ടിടവാടക, കറന്റ് ബിൽ, വാട്ടർ ബിൽ(523/25) | SEC | 362896 | 219080 | 143816 |
| | ഗുരുവായൂർ നഗരാരോഗ്യ കേന്ദ്രം-പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് തുക കൈമാറൽ (632/25) | SEC | 1000000 | 0 | 1000000 |

സുലേഖ ചെലവുപത്രികയിൽ ഹെൽത്ത് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകകൾ പൂർണ്ണമായും ഉൾപ്പെടാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (35/24-02-2026) മറുപടി ലഭ്യമാക്കിയില്ല.

പുതുതായി ആരംഭിച്ച ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ വേതനമിനത്തിൽ 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് - സ്കീം 6 ൽ നിന്നും 22,55,184 രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറുടെ 14-03-2024 ലെ LSGD/PD/5562/2024-DPLD4 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം താഴെ പറയും പ്രകാരം നാഷണൽ ഹെൽത്ത് മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്കും കുടുംബാരോഗ്യ കേന്ദ്രം എച്ച്.എം.സികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കും 2023-24 വർഷത്തിൽ കൈമാറ്റം ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രവർത്തനം ആരംഭിക്കാത്ത ഹെൽത്ത് & വെൽനെസ്സ് സെന്റർ ചെലവനുവദിച്ച തുക എൻ.എച്ച്.എം. ന് തിരിച്ചടച്ചത് | 14,51,000 |
| പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാതെ അവശേഷിച്ച തുക എൻ.എച്ച്.എം.ന് തിരിച്ചടച്ചത് | 3,99,413 |
| പൂക്കോട് എഫ്.എച്ച്.സി.യുടെ ആവർത്തന ചെലവുകൾക്കായി എച്ച്.എം.സി.ക്ക് മുൻകൂർ നൽകിയത് | 2,52,386 |
| തൈക്കാട് എഫ്.എച്ച്.സി.യുടെ ആവർത്തന ചെലവുകൾക്കായി എച്ച്.എം.സി.ക്ക് മുൻകൂർ നൽകിയത് | 2,89,000 |
| ഗുരുവായൂർ അർബൻ എഫ്.എച്ച്.സി.യുടെ ആവർത്തന ചെലവുകൾക്കായി എച്ച്.എം.സി.ക്ക് മുൻകൂർ നൽകിയത് | 2,89,000 |

| | |
|---|---|
| കാൻസർ കെയർ പ്രോഗ്രാമിന് തൈക്കാട് എഫ്.എച്ച്.സി. എച്ച്.എം.സി.ക്ക് മുൻകൂർ നൽകിയത് | 70,000 |

ഗുരുവായൂർ നഗരസഭയ്ക്ക് ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആരോഗ്യ സേവന മേഖലയിൽ സ്കീം 5,6 എന്നിവയിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതേ സമയം ഇതേ സ്കീമുകളിൽ ലഭിച്ച തുകകൾ യഥാസമയം പൂർണ്ണമായും വിനിയോഗിക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആതുര സേവന മേഖലയിൽ നഗരസഭ പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാഡ്കോ വഴി പ്രവൃത്തി നടത്തിയതിൽ അപാകം-തുടർ നടപടി വിവരം അറിയിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി

ഫയൽ നം. E5-10851/18

27.02.2023ലെ അമൃത് കോർ കമ്മിറ്റിയുടെ തീരുമാന പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള തച്ചാരുപറമ്പിൽ കുളം, തരകൻ ലാസർ കുളം, വെട്ടത്ത് കുളം, ബ്രഹ്മകുളം എന്നിവിടങ്ങളിലെ ഓപ്പൺ സ്പേസുകളിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, തച്ചാരുപറമ്പിൽ കുളം ബ്രഹ്മകുളം എന്നിവിടങ്ങളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, വെട്ടത്ത് കുളത്തോട് ചേർന്ന് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിന് താല്പര്യപത്രം (Expression Of Interest) ക്ഷണിച്ചതു പ്രകാരം കുറവ് രേഖപ്പെടുത്തിയ KADCO യുടെ ക്വട്ടേഷന് കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് ബഹു.ചെയർമാൻ മുൻകൂർ അനുമതി നൽകുകയും 30.04.2024ലെ കൗൺസിൽ 4ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി നടത്തുന്നതിന് താൽപ്പര്യമുള്ളവരെ കണ്ടെത്തുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമാണ് താൽപ്പര്യപത്രം ക്ഷണിക്കുന്നത്. എന്നാൽ നടത്തേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയക്രമം നിശ്ചയിച്ച് പ്രവൃത്തി നടത്തുന്നതിനു പൊതുമരാമത്ത് മാനവൽ പ്രകാരം സ്വീകരിക്കേണ്ട രീതിയാണ് ടെണ്ടർ നടപടി. താഴെകാണും പ്രകാരമുള്ള പ്രവൃത്തികളിൽ സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യപ്പെടുന്നതിനാലും, ഇലക്ട്രിക്കൽ, സിവിൽ പ്രവൃത്തികൾ ഉൾപ്പെടുന്നതിനാലും വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കുകയും, പ്രവൃത്തി നിർവ്വഹണത്തിൽ ടെണ്ടർ നടപടികളുമാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ നടപടി സ്വീകരിക്കാതെ താൽപ്പര്യപത്രം മാത്രം ക്ഷണിച്ച് പ്രവൃത്തി നടത്തിയത് നിയമാനുസൃതമല്ല.

താൽപ്പര്യപത്രം ക്ഷണിച്ചതു പ്രകാരം ലഭിച്ച ഓഫറുകളുടെ ഫയലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | KADCO | ARTCO |
|---|---|---|---|
| 1 | തച്ചാരുപറമ്പിൽ കുളം | 899467 | 104830 |
| 2 | തരകൻ ലാസർ കുളം | 578793 | 908205 |
| 3 | വെട്ടത്ത് കുളം | 401751 | 476002 |
| 4 | ബ്രഹ്മകുളം | 894461 | 1058679 |

ഫയലുകൾ പരിശോധിച്ചതു പ്രകാരം KADCO നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കുളത്തിന്റെ പേര് | വാങ്ങിയ ഉപകരണങ്ങൾ | എസ്റ്റിമേറ്റ് നമ്പർ | തുക, Payment Advice Number, തിയ്യതി | പ്രവൃത്തി മൂല്യം | മുദ്രവില ചുമ ത്തേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | തരകൻ ലാസർ കുളം | ABB Trainer Chest Press Cum Shoulder | Kadco/CRO/ S&SS 2024/ Price/727/2023/ | 19620 / C062438394571/ | 578793 | 580 | 380 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | Press<br>Cycling<br>Step Trainer<br>Leg Press | 07.03/2024 | 29.06.2024<br>559173/<br>C062438391023/ | | | |
| 2 | ബ്രഹ്മകുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling<br>Step Trainer<br>Leg Press<br>Electrical Works<br>Paving Tile | Kadco/CRO/ S&SS 2024/ Price/100/2024/ 20.06/2024 | 1026237/ C062438680097 /29.06.2024<br>36008/ C062438709467 /29.06.2024<br>577381 Gym<br>Civil & Electrical<br>484864 | 1062245 | 1070 | 870 |
| 3 | തച്ചാരുപറമ്പിൽ കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling<br>Step Trainer<br>Electrical Works<br>Civil Works | Kadco/CRO/ S&SS/ Price/729/2023/ 07.03.2024 | 25180/ C062437983368 /29.06.2024<br>717641/ C062437982365 /29.06.24<br>1163/ C072435269747 /18.07.2024<br>481453 Gym<br>Civil & Electrical<br>418012 | 899465 | 900 | 700 |
| 4 | വെട്ടത്ത് കുളം | ABB Trainer<br>Chest Press Cum Shoulder Press<br>Cycling | Kadco/CRO/ S&SS/ Price/728/2023/ 20.06.2024 | 13608/ C062438398407 /29.06.2024<br>386633/ C062438397820 /29.06.2024<br>343297Gym<br>Civil & Electrical<br>58113 | 401411 | 410 | 210 |
| | | | | | | | 2160 |

പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

**1) KADCO**യെ പ്രവൃത്തി ഏൽപ്പിച്ചത് നിയമാനുസൃതമല്ല **.**

കരകൗശല വിദഗ്ദരായ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷൻ സ്ഥാപനമാണ് KADCO. തദ്ദേശ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും സ്പെസിഫിക്കേഷനിലും ഉള്ളതും കാഡ്കോ ഉൽപ്പാദിപ്പിക്കുന്നതുമായ ഉപകരണങ്ങൾ (5ലക്ഷം രൂപ വരെയുള്ള സാധനങ്ങളും, സേവനങ്ങളും) ടെണ്ടർ നടപടി കൂടാതെ KADCOയിൽ നിന്ന് സമാഹരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ മേൽ പട്ടികയിലെ വിവിധ പ്രവൃത്തികളിൽ GYM ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിനും, സിവിൽ പ്രവൃത്തികൾ നടത്തുന്നതിനുമുള്ള പ്രവൃത്തി ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ KADCO എന്ന സ്ഥാപനത്തിന് ഇല്ല.

26.4.2019ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place) മുഖേന വാങ്ങുന്നതിനും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 08.11.2010-ലെ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ. ഉത്തരവ് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3.2 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളിൽ ടെണ്ടർ നടപടി സ്വീകരിക്കണം. KADCO വിതരണം ചെയ്ത GYM ഉപകരണങ്ങൾ കാഡ്കോ നിർമ്മിക്കുന്നവയല്ല, ഈ ഉപകരണങ്ങൾക്ക് സർക്കാർ സ്പെസിഫിക്കേഷനും നിരക്കും നിശ്ചയിച്ച് നൽകിയിട്ടില്ല.

എന്നാൽ മേൽ പ്രകാരമുള്ള ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് ഉൽപ്പാദകരിൽ നിന്നോ അംഗീകൃത വിതരണക്കാരിൽ നിന്നോ ടെണ്ടർ ക്ഷണിക്കുകയോ, GeM മുഖേന വാങ്ങൽ നടത്തുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വാങ്ങൽ നടത്തുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതും, അക്രഡിറ്റേഷൻ

ഇല്ലാത്ത പ്രവൃത്തികൾ KADCO മുഖേന നടത്തിയതും നിയമാനുസൃതമല്ല.

**2)** മുദ്രവില ഈടാക്കിയതിൽ കുറവ്

2018-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1959ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ ഭേദഗതി വരുത്തുകയും 5 (F) എന്ന വ്യവസ്ഥ കൂട്ടി ചേർത്തതു പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% തുകയുടെ മുദ്രവില ചുമത്തുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച 05.03.2025ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 16/2025/ധന പ്രകാരം അതാത് സമയത്ത് ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാതിരുന്നിട്ടുണ്ടെങ്കിൽ കൂടി ആയത് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കാഡ്കോ മുഖേന നഗരസഭയിൽ നടപ്പാക്കിയ മേൽ പട്ടികയിലെ പ്രവൃത്തികളിൽ എല്ലാം തന്നെ 200 രൂപയുടെ മുദ്രപത്രത്തിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇത് നിയമാനുസൃതമല്ല. സാധനങ്ങളും സേവനങ്ങളും നൽകുന്നത് ഉൾപ്പെടുന്ന കരാറുകൾ വർക്ക് കോൺട്രാക്റ്റിന്റെ ഭാഗമായതിനാൽ ആയതിന് മേൽ പ്രകാരം എസ്റ്റിമേറ്റിന്റെ/കരാർ തുകയുടെ 0.1% മുദ്രവില ചുമത്തേണ്ടതായിരുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ചതു പ്രകാരം മുദ്രവിലയിൽ കുറവായ തുക ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**3)** ടൈൽ വിരിച്ചതിന് അധിക നിരക്ക് നൽകി **.** നഗരസഭയ്ക്ക് നഷ്ടം **41,800**രൂപ

മേൽ പട്ടികയിലെ ക്രമ നമ്പർ 2 ബ്രഹ്മകുളം പ്രവൃത്തിയിൽ 96 $M^2$ വിസ്തീർണ്ണത്തിൽ 22mm Chequered Tile വിരിച്ചതിന് DSR Data 11.20.1 പ്രകാരം 1438/$M^2$രൂപ നിരക്കിൽ 1,38,048 രൂപ KADCO യ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ 2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിലും കുളത്തിന് ചുറ്റുമുള്ള നടപ്പാത നിർമ്മാണത്തിലും 22 Mm Chequered Tile വിരിച്ച സംഗതികളിൽ DSR 2data 11.20.4പ്രകാരം 1069/$M^2$ രൂപ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയിട്ടുള്ളത്. കൂടിയ നിരക്കിലുള്ള ഡാറ്റ പ്രകാരം തുക അനുവദിച്ചതു മൂലം (1438-1069=369) 369X 96=35,424രൂപയും ആയതിന്റെ ജി.എസ്.ടി 18% ഉൾപ്പെടെ 41,800രൂപ അധികമായി കാഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സർക്കാർ സ്ഥാപനങ്ങൾ നോൺ പി.എം.സി ആയി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ പ്രൈസ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, നടപ്പാക്കിയ പ്രവൃത്തികളിൽ സംയുക്തമായി അളവ് പരിശോധിച്ച് രേഖപ്പെടുത്തുകയും, മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കാഡ്കോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. നഗരസഭയിൽ നടത്തിയ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായ ഡാറ്റ പ്രകാരമുള്ള നിലവാരം കൂടിയ പ്രവൃത്തിയാണോ ചെയ്തിട്ടുള്ളത് എന്ന് പരിശോധിക്കാതെയാണ് കാഡ്കോയ്ക്ക് തുക നൽകിയിട്ടുള്ളത്. നഗരസഭാ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 23.02.2026 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഫുട്പാത്ത് നവീകരണ പ്രവൃത്തികളിൽ നടത്തിയ DSR Data 11.20.4 പ്രകാരമുള്ള അതേ ഇനം പ്രവൃത്തി തന്നെയാണ് ബ്രഹ്മകുളം പാർക്കിലും (ഡിസൈനിൽ മാത്രം മാറ്റമുള്ള 22mm Chequered Tile) നടത്തിയിട്ടുള്ളത് എന്നു കണ്ടു. ആയതിനാൽ അധികം നൽകിയ തുക കാഡ്കോയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക 41,800രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ.22/21.02.2026)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 64 | 375,000 | 375,000 | 0 | ഏപ്രിൽ -64<br>മെയ് -<br>ജൂലൈ-63<br>ഓഗസ്റ്റ് -62<br>സെപ്റ്റംബർ -63<br>ഒക്ടോബർ-65 -<br>നവംബർ - 63 |

| | | | | |
|---|---|---|---|---|
| | | | | ഡിസംബർ - 62<br>ജനുവരി - 64<br>ഫെബ്രുവരി - 60<br>മാർച്ച്-58 |

*01.04.2024 മുതൽ 31.03.2025-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 05/2024 (ഗുരുവായൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചത് 01/2025) | 0 | 0 | 1500 | 4/2025 മുതൽ ഈടാക്കുന്നുണ്ട് |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2025 മാർച്ച് | 500 | 500 | 0 | |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല.

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഇല്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടവു തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | - | 96,00,000 | 8,42,59,697 | 79,06,667 | - | 8,59,53,030 |
| ബസ് സ്റ്റാൻഡ് റെനോവേഷൻ (കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ) | - | 0 | 5,00,00,000 | 0 | - | 5,00,00,000 |
| ആകെ | - | 0 | 20,61,29,670 | 0 | - | 20,61,29,670 |

## 4-6 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,06,000 | |
| 2 | Equity Shares | 5,00,000 | |
| 3 | ആകെ | 6,06,000 | |
| 4 | തന്നാണ്ടിലെ പലിശ തുക | | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,06,000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | Fixed Deposit Guruvayur Co Operative Urban Bank Limited ReceiptNo.031372 Dt.28.03.2024 | 106000 |
| | | Clean Kerala Equity Share | 500000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | പേജ് നമ്പർ | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| ഗുരുവായൂർ നഗരസഭ | 1998-99 | 31, 32 | 2002-2003 | 7(i) | 147 | കിണർ നിർമ്മാണം | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 1998-99 | 33 | 2002-2003 | 7(ii) | 148 | വീട് വൈദ്യുതീകരണം | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 1998-99 | 35 | 2002-2003 | 7(iii) | 148 | കമ്പ്യൂട്ടർ പരിശീലനം | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 1998-99 | 46 | 2002-2003 | 7(iv) | 148 | സി.എഫ്.എൽ ലാമ്പുകൾ | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 1999-2000 | 27 | 2003-2004 | 6.6(1) | 173 | മാലിന്യ സംസ്കരണ ശാല ലക്ഷ്യം നേടിയില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 1999-2000 | 44 | 2003-2004 | 6.6(2) | 174 | ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പാലിച്ചില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 2000-2001 | 2-16 | 2005-2006 | 17.Iii | 107 | വികസനം നിക്ഷേപമായി | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 2005-2006 | | 2010-11 | 11 | 45 | വായ്പകൾ | വിവരം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ലഭ്യമാക്കിയിട്ടില്ല |
| | 2005-2006 | 2.7 | 2010-11 | 5.1.5(1) | 95 | ദേവസ്വം വക മാലിന്യം അംശാദായം നൽകുന്നില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |
| | 2005-2006 | 3-17 | 2010-11 | 5.2.20 | 147 | അടഞ്ഞ് കിടന്ന കെട്ടിടത്തിൽ 2 തവണ മൊസൈക്ക് പോളീഷ് | വിവരം ലഭ്യമാക്കിയിട്ടില്ല |
| തൈക്കാട് ഗ്രാമപഞ്ചായത്ത് | 2005-2006 | 3-3(1), 3-3(11), 3-7 | 2009-2010 | | 18 | K.S.E.B | വിവരം ലഭ്യമാക്കിയിട്ടില്ല |
| പൂക്കോട് ഗ്രാമപഞ്ചായത്ത് | | | 2012-13 | 2.8 | 31 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും- തുടർസാക്ഷരതാ പരിപാടി | വിവരം ലഭ്യമാക്കിയിട്ടില്ല |
| ഗുരുവായൂർ നഗരസഭ | | | 2011-12 | അദ്ധ്യായം 3.2, അനുബന്ധം 8 | 82, 200 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവർത്തികൾ- ഓഡിറ്റിന്റെ വ്യാപ്തി | പരാമർശം നിലനിൽക്കുന്നു. |
| ഗുരുവായൂർ നഗരസഭ | | പ്രവർത്തന അവലോകനം | 2011-12 | അദ്ധ്യായം 3.2.9, അനുബന്ധം 9 | 87, 203 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം, കണക്ടിവിറ്റി പ്ലാൻ, റോഡ് ചെയിനേജ് രേഖപ്പെടുത്തൽ- ആസ്തി രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിക്കാത്ത സ്ഥാപനങ്ങൾ, കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാത്ത സ്ഥാപനങ്ങൾ, റോഡുകളിൽ കിലോമീറ്റർ,ഹെക്ടോമീറ്റർ സ്ഥാപിക്കാത്ത സ്ഥാപനങ്ങൾ | പരാമർശം നിലനിൽക്കുന്നു. |
